

# കൗമുദി

ആഴ്ചപ്പതിപ്പ്

*Advertisers:*

*Look Here!*

The Kaumudi Weekly
is bringing out
a

# CHILDREN's NUMBER

MANAGFR,
KAUMUDI, Trivandrum

---

പരസ്യക്കാർ:

ശ്രദ്ധിക്കുക!

കൗമുദി വാരിക
ഒരു

# കുട്ടികൾക്കുള്ള വിശേഷാൽപ്രതി

പ്രസിദ്ധീകരിക്കുന്നു

മാനേജർ,
കൗമുദി, തിരുവനന്തപുരം.

Reg. T. 168 Reg M. 5661. Phone No. 2128 പത്രാധിപർ—കെ. ബാലകൃഷ്ണൻ

# കൗമുദി ആഴ്ചപ്പതിപ്പ്

പുസ്തകം 2 | 1127 കുംഭം 6 തിങ്കൾ | ലക്കം 48

കൗമുദി കുറിപ്പുകൾ

## മന്ത്രിസഭാ മരീചിക

തിരുവിതാംകൂർ-കൊച്ചിയിലെ തെരഞ്ഞെടുപ്പു കഴിഞ്ഞ അന്നുതൊട്ടേ, മന്ത്രിസഭാരൂപീകരണത്തെപ്പററിയുള്ള കോലാഹലങ്ങളാണ് എങ്ങും മുഖരിതമായിക്കൊണ്ടിരുന്നതു്. തെരഞ്ഞെടുപ്പു കഴിയുന്നതുവരെ മന്ത്രിസഭാരൂപീകരണത്തെപ്പററി ഉച്ചത്തിൽ അട്ടഹസിച്ചു നടന്നിരുന്ന ഇന്ത്യൻ സോഷ്യലിസ്ററപാർട്ടിക്കാരുടെയും അവരുടെ അനുഭാവികളുടേയും വൃത്തങ്ങളൊഴിച്ചാൽ മറെറല്ലായിടത്തും ആര് മന്ത്രിസഭ രൂപീകരിക്കുമെന്നും ആരുടെ മന്ത്രിസഭ നിലനിൽക്കുമെന്നുമുള്ള പ്രശ്നങ്ങളാണ് ഉന്നയിക്കപ്പെട്ടുകണ്ടതു്. കാൺഗ്രസ്സ് പ്രമാണികൾ ഡൽഹിക്കും തിരുവനന്തപുരത്തിനും ഇടയ്ക്കു് നെട്ടോട്ടം ഓടിക്കൊണ്ടിരിക്കുകയാണ്. പത്രങ്ങളുടെ അഭ്യൂഹങ്ങളും ചില രാഷ്ട്രീയ സൃഗാലന്മാരുടെ ഓലിയിടലുംകൊണ്ടു് ശ്മശാനശാന്തതപോലും ഭഞ്ജിക്കപ്പെട്ടു. പക്ഷെ ആർക്കാണ് മന്ത്രിസഭ രൂപീകരിക്കാൻ കഴിയുന്നതെന്നു് മസ്തിഷ്കത്തിൽ മൂടൽ മഞ്ഞ് വ്യാപിച്ചിട്ടില്ലാത്തവർക്കെല്ലാം അറിയാമായിരുന്നു.

കാൺഗ്രസ്സു കഴിഞ്ഞാൽ പിന്നെ ഏററവും കൂടുതൽ സീററുകൾ കരസ്ഥമാക്കിയിരിക്കുന്നതു് ഐക്യമുന്നണിയാണ്. കാൺഗ്രസ്സ് മന്ത്രിസഭ രൂപീകരിച്ചില്ലെങ്കിൽ അടുത്ത അവസരം സംജാതമാകുന്നതു് ഐക്യമുന്നണിക്കാണ്. കാൺഗ്രസ്സിന്റെ മന്ത്രിസഭ പരാജയപ്പെടുമ്പോഴ—അതിന് വളരെയധികം സൂര്യോദയങ്ങൾ കഴിയേണ്ട ആവശ്യമില്ല—ഐക്യമുന്നണിയുടെ ചുമലിലാണ് ആ ഭാരം നിക്ഷേപിക്കപ്പെടുക. എന്തുകൊണ്ടു് ഐക്യമുന്നണിക്കു്, ആ അവസരം ഉപയോഗപ്പെടുത്തിക്കൂടാ?

മുപ്പത്തിരണ്ടു സീററുകൾ മാത്രമാണ് ഐക്യമുന്നണിക്കു ലഭിച്ചിട്ടുള്ളതു്. മന്ത്രിസഭ രൂപീകരിക്കണമെങ്കിൽ, സ്വാഭാവികമായി മററാരെങ്കിലുമൊക്കെയായി സഖ്യം ചെയ്യണം. കുറെ സ്വതന്ത്രന്മാരുമായും ഇന്ത്യൻ സോഷ്യലിസ്ററ പാർട്ടിയുമായും കൂട്ടുകൂടിയാലും ഭൂരിപക്ഷം ലഭിക്കുന്നില്ല. ഇന്ത്യൻ സോഷ്യലിസ്ററപാർട്ടി അങ്ങനെയൊരു സംയുക്തമന്ത്രിസഭയ്ക്കു് തയ്യാറില്ലെന്നുള്ളതാണ് മറെറാരുഫലിതം. തമിഴ്നാട് കാൺഗ്രസ്സുമായി കൂട്ടുകൂടിയാലും ഭൂരിപക്ഷം ലഭിക്കുന്നില്ല പിന്നെ എങ്ങനെയാണ് ഐക്യമുന്നണി മന്ത്രിസഭ രൂപീകരിക്കുക?

ഭൂരിപക്ഷം ലഭിക്കത്തക്ക രീതിയിൽ കാൺഗ്രസ്സിന്റെ തമിഴ്നാട് പതിപ്പായ തമിഴ്നാട് കാൺഗ്രസ്സിനേയും, യാഥാസ്ഥിതികത്വത്തിന്റെ അന്തഃപുരങ്ങളിൽ ഇന്നും ചമ്രംപടിഞ്ഞിരിക്കുന്ന കുറെ സ്വതന്ത്രന്മാരെയും ഇന്ത്യൻ സോഷ്യലിസ്ററപാർട്ടിക്കാരെയും ഒക്കെക്കൂടെ ഒരേ മേൽക്കൂരയുടെ കീഴിൽ കൊണ്ടുവരികയാണ് ശേഷിക്കുന്ന ഒരേ ഒരു മാർഗ്ഗം. അതിന്, ഐക്യമുന്നണിയുടെ ഇന്നുള്ള മേൽക്കൂര അഴിച്ചു പണിഞ്ഞേ പററു. പുതിയ വിചിത്രമായ ഒരു മേൽക്കൂര ഉയരണം. ഐക്യമുന്നണിയുടെ സകല ആദർശങ്ങളും ലക്ഷ്യങ്ങളും ബലികഴിക്കേണ്ടി വരുമെന്നാണ് അതിന്റെ അർത്ഥം. അതിന്റെ ഇടതുപക്ഷസ്വഭാവം വലിച്ചെറിയണമെന്നാണ് അതിന്റെ അർത്ഥം. തൊഴിലാളിയുടെയും കൃഷിക്കാരന്റെയും വർഗ്ഗതാൽപ്പര്യങ്ങൾ കഴിച്ചുമൂടിക്കൊണ്ടുള്ള, മർദ്ദിതന്റെ രക്തത്തിൽകൂടെ പടുത്തുയർത്തപ്പെട്ടിട്ടുള്ള ഐക്യമുന്നണിയുടെ ആദർശസൗധത്തെ ഇടിച്ചു പൊളിച്ചുകൊണ്ടുള്ള, നാട്ടുകാരന്റെ അവശതകൾക്കു് ഒരു പരിഹാരം കാണാൻ കഴിയാത്ത ആ പരിതഃസ്ഥിതിയെ സ്വീകരിച്ചുകൊണ്ടുള്ള ഒരു മന്ത്രിസഭ തിരു-കൊച്ചിയിലെ ജനങ്ങൾക്കു് ആവശ്യമുണ്ടോ എന്നാണ് അടുത്തതായി നാം ചിന്തിക്കേണ്ടതു്.

മന്ത്രിസഭാ രൂപീകരണത്തെപ്പററി ഐക്യമുന്നണിക്കമ്മിററി വ്യക്തമായ ഒരു നിലപാട് അവലംബിച്ചു് കഴിഞ്ഞിട്ടും തെററായ ചില കണക്കുകൂട്ടലുകൾക്കും നിഗമനങ്ങൾക്കും വശഗരായി ചില നേതാക്കന്മാർ തന്നെ ചെയ്ത ചില പ്രസ്താവനകൾ ബഹുജനങ്ങളുടെയിടയിൽ കുറെ ചിന്താക്കുഴപ്പമുണ്ടാക്കിയിട്ടുള്ള വസ്തുത ഞങ്ങൾ ഖേദത്തോടെ അനുസ്മരിക്കുന്നുണ്ട്. ആദർശങ്ങളെ ബലികഴിച്ചുകൊണ്ടും, നാട്ടുകാരുടെ മുമ്പിൽ വച്ചിട്ടുള്ള പരിപാടികളെ ബഹിഷ്ക്കരിച്ചുകൊണ്ടും, പിന്തിരിപ്പൻ ശക്തികളുമായിച്ചേർന്ന് ഒരു കൂട്ടുമന്ത്രിസഭയുണ്ടാക്കാൻ ഐക്യമുന്നണി തയ്യാറില്ലെന്നുള്ള സ: ശ്രീകണ്ഠൻനായരുടെ പ്രഖ്യാപനം ഈ അബദ്ധധാരണകളെയും ചിന്താക്കുഴപ്പങ്ങളെയും നിശ്ശേഷം തുടച്ചുമാററുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു

## സ: ടി. വി. സിന്ദാബാദ്

ഐക്യമുന്നണിയുടെ പാർട്ടിലീഡറായി തെരഞ്ഞെടുക്കപ്പെട്ട സ: ടി. വി. തോമസ്സിന് ഞങ്ങളുടെ ഹൃദയംനിറഞ്ഞ അനുമോദനങ്ങൾ. കമ്മ്യൂണിസ്ററ പാർട്ടിയുടെ മസ്തിഷ്കമായി കരുതപ്പെടുന്ന സ: ടി: വി: യെ ലീഡറായി തെരഞ്ഞെടുത്തതിൽ ഐക്യമുന്നണി എം. എൽ. എ. മാരെയും ഞങ്ങൾ അനുമോദിക്കുന്നു.

മുഖചിത്രം:

സ: ടി. വി. തോമസ്—

ഐക്യമുന്നണി പാർട്ടി ലീഡർ

# കഴിഞ്ഞലക്കം

## വായനക്കാരുടെ അഭിപ്രായങ്ങൾ

[വായനക്കാർ എഴുതി അയയ്ക്കുന്ന അഭിപ്രായങ്ങളും വിമർശനങ്ങളും നിർദ്ദേശങ്ങളുമാണ് ഈ പംക്തിയിൽ പ്രസിദ്ധീകരിക്കുന്നത്. എല്ലാ കത്തുകളും പ്രസിദ്ധീകരിക്കുവാൻ പററുകയില്ലല്ലോ. കത്തുകൾ നീണ്ടുപോയാൽ അതിൻെറ സാരാംശമൊഴിച്ച് ബാക്കി ഉപേക്ഷിക്കേണ്ടിയും വരും. കാര്യമായി എന്തെങ്കിലും പറയാനുണ്ടെങ്കിൽ മാത്രമേ കത്തുകളെഴുതാവൂ എന്നും അവ കഴിയുന്നിടത്തോളം ചുരുക്കണമെന്നും അഭ്യർത്ഥിക്കുന്നു.

പത്രാധിപർ]

കേരളീയമല്ലാത്ത എന്നാൽ കലാസൗഭഗം അലയടിക്കുന്ന മണ്ഡപങ്ങളും മുകളിൽ ആംഗ്ലേയലിപികളിൽ ചേർത്തിട്ടുള്ള Exhibition Number-ഉം കണ്ടപ്പോൾ ഒരു സുപ്രസിദ്ധ ഇംഗ്ലീഷുമാസികയുടെ പ്രതീതിയാണ് എനിക്കുണ്ടായത്.

പുനലൂർ ബാലൻെറ "കൈകനീട്ടം വിള്ളാത്ത ചിന്താഗതികൾ"! ദേവിന ഇനിയും എന്തെങ്കിലും പറയുവാനുണ്ടെങ്കിൽ കൗമുദിയിൽ അതിനവസരം നൽകണമെന്നു പത്രാധിപരോടു ഒരു അപേക്ഷയുണ്ട്.

"ഒരു ഭീരുവിൻെറ കഥ"! പദങ്ങളും വാചകങ്ങളും ജീവനുള്ളവയാണ്. ഒരു അനുകരണത്തിൻെറ പ്രതീതിയാണു അതു വായിച്ചപ്പോൾ എനിക്കുണ്ടായത്. 'ശഹീദ്,' എന്ന ഹിന്ദി സിനിമാ കഥയെ ഒന്നു മാററിമറിച്ചു എഴുതിയതുപോലെ തോന്നി.

ചുങ്കം, ബി. മുഹമ്മദുബഷീർ,
ആലപ്പുഴ

* * * *

കവർചിത്രം എന്നെ അല്പനേരം പിടിച്ചുനിർത്തിയെങ്കിലും ഞാൻ വളരെ വേഗം ഉള്ളിലേയ്ക്കു കടന്നു. സ: സി എൻ. ശ്രീകണ്ഠൻനായരുടെ "ഏതാനും നിമിഷങ്ങൾ" എനിക്കു ഇഷ്ടപ്പെട്ടു. ആ ലേഖനം ചിന്തകൾക്കുള്ള പല വകകളും എനിക്കു സംഭാവനചെയ്തു. എ ജി. ഗാർഡിനറുടെ ലേഖനങ്ങളെ ആ ലേഖനം അനുസ്മരിപ്പിക്കുന്നുണ്ട്.

ഞാൻ മെചനീസ് പാവലിയനിലേയ്ക്കു ഓടിക്കയറി. കരപ്പതിന്നു ഉളുപിടിച്ചു മയങ്ങിക്കിടന്ന ആ മഞ്ഞരാജ്യം ലോകത്തിനു മുഴുവൻ മിന്നുന്ന പ്രതീക്ഷകൾ സംഭാവന ചെയ്തുകൊണ്ടു ഉയർത്തെഴുന്നേൽക്കുന്ന ചിത്രം ശ്യാമളാലയത്തിൻെറ ആ ലേഖനത്തിൽ കാണാം.

പി. ശാന്തകുമാരി,
കോട്ടയം.

* * * *

കുറിപ്പുകൾ കാണാനുള്ള ആകാംക്ഷയോടെ നോക്കിയ ഞാൻ, ആ റിപ്പോർട്ടു കണ്ടു് തെല്ലൊന്നു അമ്പരന്നു. ലേഖകൻ ആരാണെന്നറിയാൻ ഞാൻ ആ ലേഖനത്തിൻെറ അവസാനം കാണാൻ പേജുകൾ മറിച്ചു പെട്ടെന്നു രണ്ടു ചിത്രങ്ങൾ കണ്ടു. പക്ഷേ അതിനു മുകളിൽ സി എൻ. എന്നു കണ്ടു് ഞാൻ, സ: ശ്രീകണ്ഠൻെറ അഭിപ്രായമറിയാൻ ആ "എക്സിബിഷൻ ശാലയിലെ നിമിഷങ്ങൾ" ഒന്നു ഓടിച്ചുവായിച്ചു. രക്തംപുരണ്ട സ്മരണ വരെയായപ്പോൾ വീണ്ടും ഒന്നുകൂടി വായിക്കണമെന്നു തോന്നി വായിച്ചു.

ചോദ്യോത്തര പംക്തിയിൽ കൂടി സ്വപ്നജീവിയുടെ ഹൃദയസ്പന്ദനം കേൾക്കാനുള്ള വെമ്പലോടെ ഞാൻ ആ ഉത്തരങ്ങൾ ഒന്നുവായിച്ചു. അപ്പോഴാണ് പുനലൂർ ബാലൻ ദേവിന മറുപടി പറഞ്ഞിരിക്കുന്നതു കണ്ടതു്. ദേവുന്നയിച്ച പ്രശ്നങ്ങളെപ്പററി ഞാൻ കുറെ ചിന്തിച്ചുകൊണ്ടു ബാലൻെറ ലേഖനം കുറെ ശ്രദ്ധിച്ചു വായിച്ചു. എനിക്കു ബാലനോടിത്രയും പറയാനുണ്ട്.

ശ്രീകണ്ഠൻചേട്ടൻനിന്ന പാർലമെൻററി സീററിൽ കമ്യൂ: സഖാക്കൾ കപ്പിയിലിറക്കിയെന്നു ദേവു് പറയുന്നു. കൊച്ചുകുഞ്ഞുങ്ങൾ "ശ്രീകണ്ഠൻചേട്ടൻെറ മമ്മട്ടിക്കുട്ടി" എന്നു വിളിക്കുന്നതു ശരിയായിരിക്കാം. പക്ഷേ കൊച്ചുകുട്ടികൾ അങ്ങിനെ വിളിച്ചുകൊണ്ട്, കമ്മ്യൂണിസ്ററുകാർ വഞ്ചിക്കാതിരുന്നെന്ന് എങ്ങനെ വിശ്വസിക്കും? ഞാൻ പ്രവർത്തിച്ച തിരുവനന്തപുരം മൂന്നാം നിയോജകമണ്ഡലത്തിൻ കെ എസ് പി സ്ഥാനാർത്ഥിയായിരുന്നു. ഐക്യമുന്നണി സ്ഥാനാർത്ഥിക്കെതിരായി ഇവിടെ മുൻപ് കമ്മ്യൂണിസ്ററു പ്രവർത്തകനായിരുന്ന ഒട്ടുവിൽ ഭീരുവായി രാജിവച്ചിറങ്ങിയ ഒരാൾ സ്വതന്ത്രനായുണ്ടായിരുന്നു. ഈ നിയോജകമണ്ഡലത്തിൽ; ഈ അടുത്ത കാലംവരെ കമ്യൂ: ഡൊററിന്യൂ ആയി ജയിലിൽ കഴിഞ്ഞിരുന്ന ഒരു സഖാവുമല്ലല്ലൊ; ഇന്നലെവരെ കമ്മ്യൂ: ആയിരുന്നു് രാഷ്ട്രീയം കയ്പുള്ളതായപ്പോൾ കാൺഗ്രസുകാരുടെ പുറകേ നടന്നു് ഇപ്പോൾ വീണ്ടും പാളം കടന്നു് ടി. വി. യ്ക്കും മാറും മാലയിടാൻ നടക്കുന്ന കമ്മ്യൂണിസ്ററുകാർ ആ സ്വതന്ത്രനു വേണ്ടി പ്രവർത്തിച്ചു. ഇതിനും പുറമേ ആ സ്വതന്ത്രനെ കമ്മ്യൂ: പാർട്ടി അംഗീകരിച്ചിട്ടുണ്ടെന്നു് ഒരു നുണയും ഇവർ തട്ടിവിട്ടു! ഇതിനെപ്പററി ബാലൻെറ അഭിപ്രായം എന്താണു്?........എന്തായാലും ഐക്യമുന്നണിയ്ക്കു കുത്തിരുന്നു് നടത്തുന്ന ഈ കള്ളറിയിൽ നല്ലതല്ലെന്നു് കമ്മ്യൂ: പാർട്ടി ഇനിയെങ്കിലും ധരിച്ചില്ലെങ്കിൽ അതു് അവരുടെ നാശത്തിനു തന്നെയായിരിക്കും.

കൗമുദി കഴിഞ്ഞ ചിലവാരങ്ങളിലേക്കാൾ നന്നായിട്ടുണ്ട്. ഈ ആഴ്ചയിലെ മനോഹരലേഖനം പ്രഭയുടേതും, ചിന്താർഹമായതു് ശ്രീയുടേതും, എന്നെ വളരെ ഇഷ്ടപ്പെട്ടതു് "കഴിഞ്ഞയാഴ്ച"യുമാണ്.

ശൈലശരൻനായർ
തിരുവനന്തപുരം.

* * * * *

കഴിഞ്ഞ ലക്കത്തെപ്പററി എനിക്കും ഒരഭിപ്രായമെഴുതണമെന്നു് ഞാനും വിചാരിച്ചു. പേന എടുത്തു നോക്കിയപ്പോൾ അതിൽ മഷി ഇല്ലാതിരുന്നതുകൊണ്ടു് പെൻസിൽകൊണ്ടെഴുതുകയാണെന്ന് [illegible]

മറിച്ചു മറിച്ചു് അവസാനപേജിൽ എത്തി. ഉഷചേച്ചിക്കു് ഇപ്പോഴും സുഖമില്ല എനിക്കു മറുപടി ഇട്ടിട്ടുമില്ല. മറുപടി കിട്ടാത്തതിൽ ഖേദിക്കുന്നുമൊന്നുമില്ല. കുമാരി ശാരദയുടെയും ലീലയുടെയും ഫോട്ടോ എനിക്കു് ഇഷ്ടപ്പെട്ടു.

സി എൻ സരോജം,
പുത്തൂർ കൊട്ടാരക്കര.

കാർത്തികേയൻ എം എ, യുടെ കിരണങ്ങൾ (രംഗം 3) വായിച്ചപ്പോൾ ഞാൻ ഒരു സ്വപ്നജീവിയായി മാറിപ്പോയി അത്ഭുതത്തിൻെറ വീക്ഷണത്തിൽ സംഭവിച്ചേക്കുമെന്നു തോന്നുന്ന ഭാവനകൾ പകർത്തിയിട്ടുണ്ട്. പക്ഷേ അവയെല്ലാം സംഭവിച്ചിട്ടില്ലെന്നുള്ളതു ഒരു പരമാർത്ഥം മാത്രമാണ്. എന്തായാലും ഇതുംഒരു വനരോദനമായി ഭവിയ്ക്കട്ടെ, അതേ! അങ്ങനെ സംഭവിയ്ക്കാതിരിക്കട്ടെ! അതാ! അങ്ങകലെ തെങ്ങിൻ തോപ്പുകളുടെ മദ്ധ്യത്തിൽ ഒരു പ്രകാശം കാണുന്നു; നമുക്കവിടേക്കുപോകാം. ദേവിനെപ്പോലുള്ള അവസരവാദികളെല്ലാം കാലക്രമത്തിൽ ഫണം വിടർത്തൽ നിറുത്തും. പുരോഗമനവാദികളായ സഹോദരങ്ങളേ! കൗമുദിയുടെ പ്രകാശത്തിൽ തീവ്രയാതനകളെയെല്ലാം പുല്ലാക്കിക്കൊണ്ടു് നമുക്കവിടേയ്ക്കുപോകാം!

പി എൻ വി. പണിയ്ക്കർ,
പ പാ.

ആഴ്ചപതിപ്പിൻെറ ഓരോ പേജും ഇടത്തോട്ടു് ഞാൻ മറിച്ചുനോക്കുകയാണ്. എക്സിബിഷനെ സംബന്ധിച്ചു് അതു് കാണുവാൻ സാധിച്ച എനിക്കു പറയുവാനുള്ളതു്, കൗമുദിയുടെ വിമർശനം ഒട്ടും കൂടുതലല്ല എന്നാണു്.

കേശവദേവിനോടു് എനിക്കു് ഒരു വാക്കാണു് പറയുവാനുള്ളതു്— "ഈ കശവഡംവുകൾ നിറുത്തു!" എന്നുമാത്രം. ഈ ആഴ്ചയിലെ കിരണങ്ങളുടെ അവസാനഭാഗം സംഭവിക്കാവുന്ന ഒരു യാഥാർത്ഥ്യമായി രൂപം പ്രാപിക്കുമോ? മി രാമചന്ദ്രൻെറ "കഴിഞ്ഞയാഴ്ച" വായിച്ചു നോക്കിയതിൽ രാമചന്ദ്രൻ സൂചിപ്പിച്ചിരിക്കുന്നതുപോലെ ഐക്യമുന്നണിക്കാർ കയ്യിൽ കെട്ടുന്ന അവസരവാദികളെയൊക്കെ ഐക്യമുന്നണിയിൽചേർത്തു ഐക്യമുന്നണി വിപുലീകരണപ്രസ്ഥാനമാരംഭിച്ചാൽ അതു് ഇന്നാട്ടിലെ കർഷക-തൊഴിലാളി-വിദ്യാർത്ഥി പ്രസ്ഥാനത്തോടു് ചെയ്യുന്ന കൊടുംവഞ്ചന ആയിരിക്കും. ഐക്യമുന്നണി നേതാക്കന്മാർ തങ്ങളുടെ കർത്തവ്യം വിസ്മരിക്കുകയില്ലെന്നു് വിശ്വസിക്കുന്നു.

ജി മാധവൻപിള്ള, പൊന്മന

* * *

"കഴിഞ്ഞയാഴ്ച വായനതുടങ്ങി

സ്പോർട്ട്സ്

# ഇൻഡ്യൻ ക്രിക്കററ് ടീമിൻെറ പ്രശസ്തവിജയം

(ജി. നീലാംബരൻ)

ഫെബ്രവരി 10-ാംതീയതി മദ്രാസിൽ ചെപ്പാക്കിലുള്ള എം. സി. സി. ഗ്രൗണ്ടിൽവച്ചു നടന്ന ക്രിക്കററ് ടെസ്റ്റ് മാച്ചിൽ, ഇന്ത്യൻ ടീം ഒരു ഇന്നിംഗ്സിനും 8 റൺസിനും ഇംഗ്ലീഷ് ടീമിനെ പരാജയപ്പെടുത്തിയിരിക്കുന്നു ഔദ്യോഗിക ടെസ്റ്റ് പരമ്പരയിൽ ഇതു ഇന്ത്യയ്ക്കു ലഭിച്ച ആദ്യത്തെ വിജയമാകയാൽ ഫെബ്രവരി പത്തു് ഇന്ത്യൻ ക്രിക്കററ് ചരിത്രത്തിൽ തങ്കലിപികളിൽ രേഖപ്പെടുത്തേണ്ട അവിസ്മരണീയ ദിനമായി തീർന്നിരിക്കുന്നു. ആകെ കളിക്കേണ്ട അഞ്ചു കളിയിൽ, ആദ്യത്തെ മൂന്നു കളി ഇംഗ്ലണ്ടും ഇന്ത്യയും സമനിലയിൽ പിരിയുകയും കാൺപൂരിൽവച്ചു നടന്ന നാലാമത്തെ ടെസ്റ്റ് ഇംഗ്ലണ്ട് ജയിക്കയുമാണു ചെയ്തതു്. ഇപ്പോൾ മദ്രാസിൽവച്ചു നടന്ന അഞ്ചാമത്തെ അവസാനത്തെ കളിയിൽ ഇന്ത്യ ഇംഗ്ലണ്ടിനെ പരാജയപ്പെടുത്തുകയും അങ്ങനെ ഇൻഡ്യയുടെ വിജയവൈജയന്തി അത്യുച്ചത്തിൽ പാറിക്കുകയും ചെയ്തിരിക്കുന്നു. ഇംഗ്ലണ്ടിൻെറ അവസാനത്തെ ബാററ്സ്മാനായ സ്റ്റാതം അടിച്ചുവിട്ട ഒരു ബാൾ ഇൻഡ്യയുടെ ഏററവും പ്രായംകുറഞ്ഞ കളിക്കാരനായ ഗോപീനാഥ് പിടിക്കുകയും അങ്ങനെ ഇൻഡ്യയുടെ മഹാവിജയം ലോകത്തോടു പ്രഖ്യാപിക്കുകയും ചെയ്കയാണുണ്ടായതു്. ഗോപീനാ

(ശേഷം 6-ാംപേജിൽ)

---

വിപുലമായ ഐക്യമുന്നണിയെപ്പററിയാണ് ആദ്യത്തെ പ്രതിപാദനം. വിപുലമായ ഐക്യമുന്നണി പ്രായോഗികമല്ലെന്നു തെളിയിക്കുവാൻ രാമചന്ദ്രൻ വളരെ ശ്രമിച്ചിട്ടുണ്ടു്. ഇപ്പോഴത്തെ ഇടതുപക്ഷ ഐക്യമുന്നണിയെ വിപുലമായ ജനാധിപത്യമുന്നണി എന്നു പറയുകയല്ലേ കൂടുതൽ ശരി എന്നു സംശയമുണ്ടു് കൂടുതൽ വ്യക്തമാക്കാൻ ശ്രമിക്കാം. ഐക്യമുന്നണിയിലുള്ള മൂന്നു പാർട്ടിയിലേയും മെമ്പാന്മാരല്ലാത്ത അനേകം വ്യക്തികൾ ഐക്യമുന്നണിയ്ക്കുവേണ്ടി അത്യുത്സാഹം പണിയെടുത്തിട്ടുണ്ടു്. ഈ അനേകം വ്യക്തികളിൽ ഭൂരിഭാഗവും ഒരു പാർട്ടിയിലും ഉറച്ച വിശ്വാസമില്ലാത്തവരാണെന്നു ധരിക്കുകയാണു ശരി ഐക്യമുന്നണിയിൽ യാതൊരു വിധ വിശ്വാസവുമില്ലാത്തപലരും മററുവ്യക്തിവൈരാഗ്യങ്ങളാൽ മുന്നണിക്കുവേണ്ടി പ്രവർത്തിച്ചിട്ടുണ്ടു്. ഇടതുപക്ഷ ഐക്യമുന്നണിയാണെങ്കിൽ മൂന്നിൽ ഏതെങ്കിലും ഒരു പാർട്ടിയിലെ മെമ്പറോ—ഒന്നുകൂടി ദൃഢപ്പെടുത്തിയിൽനോക്കിയാൽ—പാർട്ടിയിൽ ഉറച്ചവിശ്വാസമുള്ളവരോ മാത്രമേ പ്രവർത്തനരംഗത്തു വരുവാൻ നിവൃത്തിയുള്ളു. മററനേകം പ്രവർത്തകരെ വർഗ്ഗവിരോധംചെയ്തു ശത്രുപക്ഷത്തുനിർത്തേണ്ടതായിരുന്നു. അങ്ങിനെ ചെയ്തതായറിവില്ല

നിലവിലുള്ള പല രാഷ്ട്രീയകേസുകളും നടത്തുന്നതിനു കെ. ജി. കുഞ്ഞുകൃഷ്ണപിള്ള വളരെ ശ്രമിച്ചിട്ടുണ്ടെന്നാണറിവു് വർഗ്ഗവും, പാരമ്പര്യവും എന്തായിരുന്നാലും—ഇത്രയും ജനാധിപത്യബോധം ശ്രീ. കെ. ജിയിൽഉണ്ടു്. അത്രയും മുന്നണിയോടൊപ്പം കെ. ജി. യെ കൊണ്ടുപോകുന്നതു നേട്ടംതന്നെയാണ്. പിന്നീട് മുമ്പോട്ടധികം കെ. ജി. പോരുകയില്ല മറെറല്ലാത്തിനും കെ. ജിയോടു സമരംചെയ്യുകയുംവേണം. സാമ്രാജ്യത്വത്തോടു നാടുവാഴിത്തത്തോടും പോരാടുന്നതിനു ദേശീയ മുതലാളി തയാറാകുമെങ്കിൽ അത്രയും മാത്രം അവരെക്കൂടി കൂട്ടികൊണ്ടു പോരുന്നതു നേട്ടംതന്നെയാണ്. അതേ സമയത്തു വർഗ്ഗസമരംനടക്കുകയുംചെയ്യും. ദേശീയ മുതലാളികൾ വരുകയില്ലായിരിക്കാം. പക്ഷെ എന്തെങ്കിലും കാരണത്താൽ ഒന്നു രണ്ടുപേർവരുന്നെങ്കിൽ അവരെ ഒഴിവാക്കിക്കൂടാ എന്നേ ധരിക്കേണ്ടതുള്ളൂ. അവരുടെ അവശതകൾകൂടി മുന്നിൽവച്ചു് സമരംചെയ്യുമ്പോൾ, അവരുടെ അവശതകൾ പരിഹരിക്കുന്നതിനുവേണ്ടി അവർ മുന്നോട്ടു വരാതിരിക്കയില്ല.

ഇങ്ങിനെ മുന്നണിയിൽ വരുന്ന പിന്തിരിപ്പന്മാരും, ബൂർഷ്വാസിയും ഐക്യമുന്നണിയെ അവരുടെ താല്പര്യത്തിനായി വിനിയോഗിക്കത്തക്കരീതിയിൽ പിടിച്ചടക്കിക്കളയും എന്നുള്ള ഭയം അസ്ഥാനത്താണ്. മാർക്സിസ്ററ് പാർട്ടി മററു സംഘടനകളെ പിടിച്ചടക്കാറുണ്ടു്. എന്നാൽ മാർക്സിസ്ററ് പാർട്ടിയെ പിടിച്ചടക്കുവാനുള്ള മറെറാതൊരു സംഘടിതശ്രമവും പരാജയപ്പെടുകയേയുള്ളൂ.

നാട്ടിൻപുറങ്ങളിൽ നടക്കുന്ന പല തൊഴിലാളികർഷകസമരങ്ങളിലും പല കാരണങ്ങളാൽ മററു മുതലാളികൾ തൊഴിലാളിഭാഗത്തുനിന്നു് സഹായിക്കാറുണ്ടു്. ആ സമരത്തെ സംബന്ധിച്ചിടത്തോളം അവരുടെ സഹായം വളരെ പ്രയോജനം ചെയ്യുന്നതാണ്. ഇങ്ങനെയുള്ളവരെ വർഗ്ഗസ്വഭാവംനോക്കി അകററി നിറുത്തുന്നതു് ബുദ്ധിശൂന്യം ആയിരിക്കും. ഇങ്ങിനെയുള്ള പല തരക്കാരും നമ്മുടെ യാത്രയിൽ ഇടയ്ക്കുവരെ കൂടെ വരുന്നതുകൊണ്ടു് അതുവരെയുള്ള യാത്രയ്ക്കു് എളുപ്പം കിട്ടുമെങ്കിൽ അതു നേട്ടംതന്നെയാണ്. ഈ കാരണങ്ങളാലാണ് വിപുലമായ ജനാധിപത്യമുന്നണി ആവശ്യമെന്നും അതു തന്നെയാണ് ശരിയായ രൂപത്തിലെങ്കിലും—നിലവിൽ ഉള്ളതെന്നും പറയുന്നതു്. എന്നാൽ ഈ അഭിപ്രായത്തിൻെറ പിന്നിൽ മാർക്സിസം കണ്ടെത്താൻകഴിയുമോ എന്നുനിശ്ചയമില്ല മാർക്സിസം പഠിച്ചതിനും പഠിച്ചതിനും ശേഷമാണ് എല്ലാ സഖാക്കളും പ്രവർത്തനരംഗത്തേക്കു നീങ്ങുന്നതു് എന്നു വിശ്വസിക്കാൻ കഴിയുന്നില്ല. പല കാരണങ്ങളാലും പ്രവർത്തനത്തിലേക്കു നീങ്ങിയതിനുശേഷം മാർക്സിസം പഠിക്കുകയാണു സാധാരണ എന്നാണു ഞാൻ വിശ്വസിക്കുന്നതു്. ഐക്യമുന്നണി പ്രവർത്തകർക്കു നാട്ടിൽ ഒരു ബഹുമതിയുണ്ടു്. ആ ബഹുമതിക്കുവേണ്ടി ഐക്യമുന്നണിക്കു വോട്ടുപിടിച്ച കൂട്ടത്തിലാണു ഞാൻ ഉൾപ്പെടുന്നതു്. മി. രാമചന്ദ്രൻ ഈ കത്തിനു മറുപടി എഴുതുമെന്നു പ്രതീക്ഷിക്കുന്നു. മറുപടി അർഹിക്കുന്നെങ്കിൽ മാത്രം.

ടി. ജി. സുധാകരൻ

മുതുകുളം.

* * *

കഴിഞ്ഞ ലക്കത്തിലെ വിജ്ഞേയമായ വിവരണങ്ങളുടെ കൂട്ടത്തിൽ കഥകളിയെപ്പററി ശ്രീ. എസ്സ്. ഗുപ്തൻനായർ ശ്രീ ററി എൻ. ഗോപിനാഥൻനായർ എന്നിവർ എഴുതിയിരുന്ന ലേഖനങ്ങളാണ് എന്നെ ഈ കുറിപ്പെഴുതാൻ പ്രേരിപ്പിച്ചതു്.

കഥകളി രംഗങ്ങളിലെ സവ്യസാചിയായ ബ്രഹ്മശ്രീ മാംകുളം വിഷ്ണു നമ്പൂതിരി, അഭിനയ സരസ്സിലെ കളഹംസമായ കുറച്ചികുഞ്ഞൻപണിക്കർ എന്നിവരുടെ കലാവൈദഗ്ദ്ധ്യത്തെക്കുറിച്ച ശ്രീ. ററി. എൻ. പ്രസ്താവിക്കുന്നുണ്ടെങ്കിലും അദ്ദേഹം അധികം രസിച്ചതു് വേഷ വൈചിത്ര്യത്തിലും ബാഹ്യപരിപാടികളിലും മാത്രമാണെന്നു് ലേഖനത്തിൻെറ ഉത്തരാർദ്ധം വിളിച്ചു പറയുന്നു 2-2-52 ശനിയാഴ്ച കലാമണ്ഡലയോഗക്കാർ നടത്തിയ കീചകവധവുംകൂടി കണ്ടിട്ടാണ് ശ്രീ. എസ്. ഗുപ്തൻനായർ തൻെറ അഭിപ്രായം രേഖപ്പെടുത്തിയിരിക്കുന്നതു്. തെക്കൻ ചിട്ടയെപ്പോലെ വടക്കൻ രീതിയേയും നാം ബഹുമാനിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി അദ്ദേഹം രാമൻകുട്ടിയുടേയും കൃഷ്ണൻകുട്ടിവാര്യരുടേയും ന്യൂനതകളെ സാധൂകരിക്കാൻ ശ്രമിക്കുന്നു. കീചകവധത്തിൽ ആദ്യവസാനാഭിനയം കീചകന്നാണ്, വലലനല്ല, എന്നാൽ അന്നത്തെ കഥകളി കണ്ടാൽ തോന്നും ആദ്യവസാനം വലലനും രണ്ടാംതരം കീചകനുമാണെന്നു്! ശ്രീ. കലാമണ്ഡലം കൃഷ്ണൻനായരെക്കുറിച്ചു് ശ്രീ. ഗുപ്തൻനായർ യാതൊന്നും പ്രസ്താവിച്ചു കണ്ടില്ല, കൃഷ്ണൻനായരായിരുന്നു അന്നത്തെ ഏകകഥകളിനടൻ. പാചകസ്ഥാനത്തിൽ ശയിക്കുന്ന വലലൻ, തൻെറ പ്രിയതമയ്ക്കു് കീചകനിൽനിന്നും ഉണ്ടായ ഉപദ്രവം അറിഞ്ഞപ്പോൾ ഉഗ്രകോപിയായിത്തീരുന്ന ഭാഗം കൃഷ്ണൻനായർ അഭിനയിച്ചതു് നിതരാം പ്രശംസാവഹമായിരുന്നു, ദ്രൗപതിയുടെ അഴിച്ചിട്ടിരിക്കുന്ന തലമുടി കാണുമ്പോൾ ക്ഷോഭോഗ്രസരനായ ഉഗ്രാസനൻെറ ഔഷ്കൃത്യം കാണിക്കുന്നതായി അഭിനയിച്ചതും വളരെ നന്നായി ചുരുക്കിപ്പറഞ്ഞാൽ വലലൻെറ വേഷത്തിനു് ശ്രീ. കലാമണ്ഡലം കൃഷ്ണൻനായർ ഇല്ലായിരുന്നെങ്കിൽ കലാമണ്ഡലക്കാരുടെ 2-2-52 ലെ കഥകളി തികഞ്ഞ പരാജയമായി കലാശിക്കുമായിരുന്നു.

ആർ. എസ്. ആശാരി,

മാടമങ്ങാട്ട്.

:(5-ാംപേജിൽനിന്നും തുടർച്ച)

ഗ്ബാൾ പിടിച്ച നിമിഷത്തിൽ കളികണ്ടു കൊണ്ടിരുന്ന അനേകായിരം ജനങ്ങൾ ആഹ്ളാദഭരിതരായി കുതിച്ചുചാടി ആർത്തുവിളികൾകൊണ്ടും കരഘോഷങ്ങൾകൊണ്ടും അന്തരീക്ഷം മുഖരിതമാക്കിത്തീർത്തു. തൂവാലകളും ഷാളുകളും കടലാസുകളും ജനങ്ങളുടെ ജയശബ്ദങ്ങളോടൊപ്പം ഏതാനും മിനിട്ടു നേരം അന്തരീക്ഷത്തിലേക്കുയർന്നു പറന്നുകൊണ്ടിരുന്നു.

## വേൾഡ് ടേബിൾ ടെന്നീസ് ചാമ്പ്യൻഷിപ്പ്

ബോംബയിൽവച്ചു ഫെബ്രുവരി 10-ാംനു-യോടുകൂടി സമാപിച്ച 19-മതു വേൾഡ് ടേബിൾ ടെന്നീസ് ചാമ്പ്യൻഷിപ്പിൽ മൂന്നു മത്സരത്തിൽ ജപ്പാൻ വിജയം വരിച്ചിരിക്കുന്നു. ജപ്പാനിൽനിന്നുംവന്ന അഞ്ചംഗടീമിൽ രണ്ടു വനിതകളും മൂന്നു പുരുഷന്മാരുമാണ് ഉണ്ടായിരുന്നതു്. സിംഗിൾസ് മത്സരത്തിൽ ഹംഗേറിയയിലെ ഏറാവും പ്രശസ്തിയാർജ്ജിച്ചിട്ടുള്ള കളിക്കാരനായ ജോസഫ് കോക്സിയനെ ജപ്പാനീസ് ടീമിലെ ഹിരോജി സാട്ടോ തോല്പിച്ച വേൾഡ് ചാമ്പ്യനായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു മെൻസ് ഡബിൾസിൽ മുൻകൊല്ലങ്ങളിലെ വിജയികളായ ലിച്ച്, ബെർഗ്ഗ്മാൻ ഇവരെ ജപ്പാൻ ടീമിലെ നൊറിക്കോ സ്സഫുജിയും, തടക്കി ഹയാഷായും പരാജിതരാക്കി വിമൻസ് ഡബിൾസിൽ ജപ്പാൻ ടീമിലെ മിസ്സ്. ടോണിക്കോ നിഷിമുറായും, മിസ്സ് ഷിസു കാനരഹരിയും, ഇംഗ്ലീഷ് ടീമിലെ റോസലിൻറിനേയും ഡയിൽ റോവിനേയും പരാജിതരാക്കി പോപ്പ്കപ്പും കരസ്ഥമാക്കി. വിമൻസ് ടീം ചാമ്പ്യൻഷിപ്പിനുള്ള കോർബിലൻ കപ്പും ജപ്പാൻ വനിതകളാണ് കരസ്ഥമാക്കിയതു്. അനേക വർഷങ്ങളായി പാശ്ചാത്യർ കയ്യടക്കി വച്ചിരുന്ന പ്രസ്തുത ചലഞ്ചുകപ്പുകൾ ഇദംപ്രഥമമായി ഏഷ്യൻ രാജ്യക്കാരുടെ പ്രതിനിധികളായി ജപ്പാൻകാർ സ്തുത്യർഹമാംവണ്ണം ജയിച്ചു കരസ്ഥമാക്കിയിരിക്കുന്നു. മററു വിവിധമണ്ഡലങ്ങളിലും ബോധപൂർവ്വം പ്രവർത്തിച്ചുമുന്നേറിക്കൊണ്ടിരിക്കുന്ന പൗരസ്ത്യർ കായികമത്സരങ്ങളിലും അസൂയാർഹമായ പുരോഗതിയാർജ്ജിച്ചിരിക്കുന്നു എന്നു ജപ്പാൻ ടീമാംഗങ്ങളുടെ വിജയം പ്രഖ്യാപനം ചെയ്തിരിക്കുന്നു.

## അഖിലേൻഡ്യാ ഒളിമ്പിക്സ്

പതിനഞ്ചാമത്തു അഖിലേൻഡ്യാ ഒളിമ്പിക് കായിക മത്സരങ്ങൾ ഫെബ്രുവരി 21, 22, 23, 24, എന്നീ തീയതികളിൽ മദ്രാസിൽ കാർപ്പറേഷൻ സ്റ്റേഡിയത്തിൽ വച്ച് നടത്തുന്നതാണ്. പ്രസ്തുത മത്സരങ്ങളിൽ പങ്കുകൊള്ളുന്നതിനായി വിവിധ സ്റ്റേറ്റുകളിൽ നിന്നും ടീമുകളെ തിരഞ്ഞെടുത്തുകഴിഞ്ഞു. മൈസൂരിൽനിന്നും 16 പുരുഷന്മാരും ഏഴുവനിതകളും പ്രസ്തുത മത്സരത്തിൽ പങ്കുകൊള്ളുന്നുണ്ട്.

തിരു-കൊച്ചിയിൽനിന്നും അഖിലേന്ത്യാ ഒളിമ്പിക്ക് കായികമത്സരങ്ങൾക്കയച്ചിട്ടുള്ള ടീമിനെ അയയ്ക്കുന്നതു ഇപ്പോൾ ആദ്യമായിട്ടാണ് തിരു-കൊച്ചി ടീമിനെ തെരഞ്ഞെടുത്തയ

---

# സ്പോർട്ട്സ് പംക്തി

സ്പോർട്ട്സ് പംക്തിയിലേക്ക് കായികമത്സരങ്ങളെക്കുറിച്ചുള്ള വാർത്തകളും, അവയുടെ ചിത്രങ്ങളും അയച്ചുതരുന്നതു് ഉപകാരപ്രദമായിരിക്കും.

പത്രാധിപർ.

---

യ്ക്കുന്നതു് തിരു-കൊച്ചി ഒളിമ്പിക്ക് അസോസിയേഷനാണെന്നുള്ള കാര്യവും പ്രത്യേകം പ്രസ്താവ്യമാണ്.

## അഖിലേന്ത്യാ P. & T. സ്പോർട്ട്സ്

അഖിലേൻഡ്യാ പോസ്റ്റ് ആൻറ് ടെലിഗ്രാഫിൻെറ ആഭിമുഖ്യത്തിൽ നടത്തിയ രണ്ടാമത്തു വാർഷിക സ്പോർട്ട്സ് ഫെബ്രുവരി 9-ം 10-ം തീയതികളിൽ ജബൽപൂരിൽ വച്ചു വിജയകരമായി നടത്തപ്പെട്ടിരിയ്ക്കുന്നു പ്രസ്തുത സ്പോർട്ട്സിൽ മുൻകൊല്ലങ്ങളെ അപേക്ഷിച്ചു വളരെ അധികം ആളുകൾ പങ്കുകൊള്ളുകയും വാശിയേറിയ മത്സരങ്ങൾ നടക്കുകയും ചെയ്തു

മദ്രാസ്സ്സർക്കിളിൽനിന്നും പ്രസ്തുത മത്സരത്തിൽ പങ്കുകൊണ്ടതിൽ തിരുവനന്തപുരംടെലിഫോൺ സബ്ഡിവിഷൻ ആഫീസിൽനിന്നും അയയ്ക്കപ്പെട്ട മി. പി. വാമദേവൻ ഹൈജമ്പിനു 5 അടി 6 ഇഞ്ചും പോൾവാൾട്ടിനു 9 അടി 9 ഇഞ്ചു ചാടി രണ്ടു ഐററങ്ങൾക്കും ഒന്നാം സമ്മാനങ്ങൾ കരസ്ഥമാക്കിയിരിക്കുന്നു.

## അഖിലേൻഡ്യാ ഇൻറർ സർവ്വീസസ് സ്പോർട്ട്സ്

അഖിലേൻഡ്യാ ഇൻറർ സർവ്വീസസ്സ് കായിക മത്സരങ്ങൾ ഫെബ്രുവരി 9-ം 10-ം തീയതികളിൽ ഡെൽഹി നാഷണൽ സ്റ്റേഡിയത്തിൽവച്ചു നടത്തപ്പെട്ടിരിക്കുന്ന പ്രസ്തുത സ്പോർട്ട്സിൽ 100 മീറേറഴ്സും 800 മീറേറഴ്സും ഓട്ടങ്ങൾക്കും ഡിസ്കസ് ത്രോയ്ക്കും പുതിയ അഖിലേൻഡ്യാ റിക്കാർഡുകൾ സ്ഥാപിച്ചിരിക്കുന്നു. 100 മീറേറഴ്സിനു ലാൻസ്നായിക്ക് ഗ്രബ്രിയൽ 10. 7 സെക്കൻറു കൊണ്ടു ഓടി. പഴയ റിക്കാർഡു 10. 8 സെക്കൻഡാണ്. 800മീറേറഴ്സ് ഓട്ടത്തിനു സിപ്പോയി സേഫൻസിങ്ങ് 1 മിനിട്ട് 55·7 സെക്കൻഡു കൊണ്ടു ഓടി പുതിയ റിക്കാർഡ് സ്ഥാപിച്ചു. പഴയ റിക്കാർഡ് ഒരു മിനിട്ടു 56.8സെക്കൻഡ്. ഡിസ്കസ് ത്രോയ്ക്ക് ഖാൻസിങ്ങ് 138 അടി $4\frac{3}{4}$ ഇഞ്ചു എറിഞ്ഞു പഴയ റിക്കാർഡു ബ്രേക്കുചെയ്തു. മുമ്പിലത്തെ റിക്കാർഡ് 132 അടി $3\frac{3}{4}$ ഇഞ്ചായിരുന്നു. പൊതുവെ ഇക്കൊല്ലത്തെ ഇൻറർസർവ്വീസ് സ്പോർട്ട്സ് വിജയമായിരുന്നു എന്നു പറയാം.

## അഖിലേന്ത്യാ പോലീസ് സ്പോർട്ട്സ്

അഖിലേൻഡ്യാ പോലീസ് സ്പോർട്ട്സ് ലക്നൗവിൽവച്ചു ഫെബ്രുവരി 10-ാംനു- നടത്തപ്പെട്ടിരിയ്ക്കുന്നു. രണ്ടാമത്തെ വർഷമാണു അഖിലേൻഡ്യാ പോലീസ് സ്പോർട്ട്സ് നടത്തുന്നതു്. ഇക്കൊല്ലത്തെ കായികമത്സരങ്ങളിൽ മുൻകൊല്ലങ്ങളിലെ 12 റിക്കാർഡുകൾ ബ്രേക്ക്ചെയ്യുകയും 5000 മീറേറഴ്സും 10,000 മീറേറഴ്സും മത്സരനടത്തയ്ക്ക് പുതിയ അഖിലേന്ത്യാ റിക്കാർഡുകളും സ്ഥാപിച്ചിരിയ്ക്കുന്നു ഏഷ്യൻ ഗെയിംസിൽ ഇൻഡ്യയെ പ്രതിനിധീകരിച്ച മഹാവീരസിംഗ് ആണ് ഈ റിക്കാർഡുകൾ സ്ഥാപിച്ചതു്. അദ്ദേഹം 10,000 മീറേറഴ്സ് ദൂരം 51 മിനിട്ട് 31.5 സെക്കൻഡ കൊണ്ടും 5,000 മീറേറഴ്സ് ദൂരം 25 മിനിട്ട 0.4 സെക്കൻഡുകൊണ്ടും നടക്കുകയുണ്ടായി. പഴയ റിക്കാർഡുകൾ യഥാക്രമം 52 മിനിട്ട് 31.4 സെക്കൻഡും, 26 മിനിട്ട് 13 സെക്കൻഡുംആണ്. പ്രസ്തുത സ്പോർട്ട്സിൽ ടീം ചാമ്പ്യൻഷിപ്പ് യു. പി. പോലീസ് കരസ്ഥമാക്കി.

## അഖിലേന്ത്യാ ഫുട്ട്ബാൾ ടൂർണ്ണമെൻറ്

തിരു-കൊച്ചി ഫുട്ട്ബാൾ അസോസിയേഷൻെറ ആഭിമുഖ്യത്തിൽ നടത്തുന്ന ഒൻപതാമത്തു തിരുവിതാംകൂർ ട്രോഫി ടൂർണ്ണമെൻറ് ഫെബ്രുവരി 21-ാംനു- വ്യാഴാഴ്ച വൈകിട്ടു 4-20 നു തിരുവനന്തപുരത്തു യൂണിവേഴ്സിററി സ്റ്റേഡിയത്തിൽ വച്ചാരംഭിക്കുന്നതാണ്. പ്രസ്തുത ദിവസം മദ്രാസ്സ് കമ്പയിൻഡു കാളേജ് ടീമും തിരുവനന്തപുരം റോവേഴ്സ് ക്ലബ്ബ് ടീമും തമ്മിൽ കളിയ്ക്കുന്നതായിരിക്കും.

ഈ വർഷത്തെ ഫുട്ട്ബാൾ ടൂർണമെൻറിൽ തിരു-കൊച്ചിയിലെ അഞ്ചു ടീമുകളും ഇൻഡ്യയുടെ വിവിധഭാഗങ്ങളിൽനിന്നുമുള്ള പന്ത്രണ്ടു ടീമുകളുംകൂടെ ആകെ 17 ടീമുകൾ പങ്കെടുക്കുന്നുണ്ട് ടൂർണമെൻറിൽ പങ്കെടുക്കുന്ന ടീമുകൾ താഴെ പറയുന്നവയാണ്

ഹൈദരാബാദ്സിററി പോലീസ് ലക്കി സ്ററാർക്ലബ്ബ് കണ്ണൂർ, ബിന്നിമിൽസ് ബാംഗ്ളൂർ, ബാംഗ്ളൂർ ബ്ളൂസ്, ഹിന്ദുസ്ഥാൻ എയർ ക്രാഫ്ററ് ബാംഗ്ളൂർ, ആര്യൻ ജിംഖാനാക്ലബ്ബ് മൈസൂർ, കംബയിൻഡ്കാളേജസ് ടീം മദ്രാസ്, ഇന്ത്യാ കൾച്ചർലീഗ്ബാംബെ, വിംകോ സ്പോർട്ട്സ്ക്ലബ്ബ് മദ്രാസ്, മൈസൂർ ഇലവൻ, റൈസിംഗ് സൺ മധുര, എസ്. വി. ആർ. എം. ഫുട്ട്ബാൾ ക്ലബ്ബ് പുതുക്കോട്ട, തിരു-കൊച്ചി പോലീസ്, എച്ച്. എം. സി. കോട്ടയം, ഫ്ളൈയിംഗ് ആരോസ് എറണാകുളം, തിരുവനന്തപുരം റോവേഴ്സ് ക്ലബ്ബ്, ചേർത്തലയുടെ യുണൈററഡ് ക്ലബ്ബ്.

ബോംബെയിൽ നിന്നുംവരുന്ന ഇന്ത്യാ കൾച്ചർലീഗ് ടീമിൽ സുപ്രസിദ്ധ ഫുട്ട്ബാൾ കളിക്കാരനും തിരുവനന്തപുരം സ്വദേശിയുമായ മി. പപ്പച്ചനും കളിയ്ക്കുന്നതാണ്.

# കുറ്റകരമായ മൗനം

റവല്യൂഷനറി സോഷ്യലിസ്റ്റ്, കേരളാസോഷ്യലിസ്റ്റ്, കമ്മ്യൂണിസ്റ്റ് എന്നീ മൂന്നു ഇടതുപക്ഷ വിപ്ലവ പാർട്ടികൾ ചേർന്ന് മൂന്നു കൂട്ടർക്കും സ്വീകാര്യമായ ഒരു പരിപാടിയുടെ അടിസ്ഥാനത്തിൽ കഴിഞ്ഞ തെരഞ്ഞെടുപ്പു കാലത്തുണ്ടാക്കിയ ഐക്യം തുടർന്നുപോകണമെന്ന് ഈയിടെ കൊല്ലത്തുവച്ചു കൂടിയ ഐക്യമുന്നണികമ്മിറ്റി തീരുമാനിച്ചിരിക്കുന്നതായും, മൂന്നു ഘടകങ്ങൾക്കും തുല്യപ്രാതിനിധ്യമുള്ള ഒരു കമ്മിറ്റി തെരഞ്ഞെടുക്കപ്പെട്ടതായും അറിയുന്നു. ഐക്യമുന്നണിയിൽ പിളർപ്പുണ്ടെന്നും, അതു താമസിയാതെ തകർന്നു ചിതറുമെന്നുമുള്ള പ്രചരണം നാട്ടിൽ അഴിച്ചുവിടപ്പെട്ടിരിയ്ക്കുന്ന ഈ സന്ദർഭത്തിൽ, ഐക്യം തുടർന്നുപോകാൻതന്നെ ഐക്യമുന്നണികമ്മിറ്റി കൈക്കൊണ്ടിരിക്കുന്ന തീരുമാനം സ്വാഗതാർഹമായിട്ടേ പലർക്കും തോന്നുകയുള്ളു എങ്കിലും, ഐക്യമുന്നണിയുടെമേൽ നാനാഭാഗത്തുനിന്നും ഇതിനകം വാരിയെറിയപ്പെട്ടിരിക്കുന്ന അനൈക്യത്തിന്റെ ചെളി തുടച്ചുകളയാതെയോ, തുടച്ചുകളയാൻ ഒരു ശ്രമമെങ്കിലും നടത്താതെയോയുള്ള ഈ തീരുമാനം എത്രകണ്ട് വിജയത്തിലെത്തുമെന്ന് നിഷ്പക്ഷ നിരീക്ഷകന്മാർ ഇന്നും സംശയിച്ചു പോരുകയാണ്. ഐക്യമുന്നണിക്കകത്തു പിളർപ്പുണ്ടാക്കാനും സ്വന്തം നയപരിപാടികൾ അടിച്ചേൽപ്പിക്കാനും കമ്മ്യൂണിസ്റ്റ് നേതാക്കന്മാർ ശ്രമിക്കുന്നു എന്നുള്ള ആരോപണങ്ങൾ ഇന്നും ആരോപണങ്ങളായിത്തന്നെ അവശേഷിക്കെ, ഐക്യം തുടർന്നുപോകണമെന്നൊരു കേവല തീരുമാനം യാതൊരു പ്രയോജനവും വരുത്താൻ പോകുന്നില്ല. മറിച്ച് കുറ്റകരമായ ഈ മൗനം തുടർന്നുപോവുകയാണെങ്കിൽ ഐക്യമുന്നണി അനതിദൂരമായ ഭാവിയിൽ ഭയങ്കരമായ ഒരു തകർച്ചയെ അഭിമുഖീകരിക്കേണ്ടിവരുന്നതാണ്. അങ്ങനെ സംഭവിക്കുന്നെങ്കിൽ—ഒരിയ്ക്കലും സംഭവിക്കാതിരിയ്ക്കട്ടെ—ഉൽക്കണ്ഠയും ഏറെ വേദനയും ഉളവാക്കുന്ന ഒരു നശിച്ച സംഭവമായിരിക്കുമത്. അതിനെ ഒഴിവാക്കുക എന്നതാണ് ഐക്യമുന്നണി നേതാക്കന്മാരുടെ ഇന്നത്തെ കർത്തവ്യം. തെറ്റുവന്നുപോയിട്ടുണ്ടെങ്കിൽ തിരുത്താവുന്നതേയുള്ളു. വീണ്ടും തോളോടുതോളുരുമ്മി മുന്നോട്ടു പോകാവുന്നതേയുള്ളു. പക്ഷെ കഴ

[illegible]—

പ്പുകളും പിളർപ്പുകളും മൂടിവയ്ക്കപ്പെട്ടു മുന്നോട്ടു പോകുമെന്ന് ആരെങ്കിലും വ്യാമോഹിക്കുന്നുണ്ടെങ്കിൽ അടുത്ത നിമിഷത്തിൽ അവർക്ക് ഒരു ഭയങ്കര പൊട്ടിത്തെറിയ്ക്കലിനെയും നശിപ്പിക്കലിനെയും അഭിമുഖീകരിക്കേണ്ടിവരുമെന്ന് ഞാൻ അവരെ അനുസ്മരിപ്പിച്ചുകൊള്ളട്ടെ.

ദാമു

എന്താണീ ഐക്യമുന്നണി? ഒരു മഹത്തായ പ്രസ്ഥാനമായി തഴച്ചുവളരുമെന്നും അതിരൂക്ഷമായ രാഷ്ട്രീയ 'മർദ്ദന'ങ്ങൾക്കും നിരോധനങ്ങൾക്കുമെതിരായി ഇന്നാട്ടിലെ അധഃശരും നിരാശരുമായ ഭൂരിപക്ഷത്തിന്റെ ആശാസലക്ഷ്യത്തിലേയ്ക്കു മുന്നേറുമെന്നും എല്ലാ പുരോഗമനവാദികളും ന്യായമായി പ്രതീക്ഷിച്ചിരുന്ന ഒന്നാണ് ഐക്യമുന്നണി. ഇടതുപക്ഷ പാളയത്തിൽ വിവിധതട്ടുകളിലായിനിന്നിരുന്ന മൂന്നു പാർട്ടികൾ ചേർന്ന് തെരഞ്ഞെടുപ്പു കാലത്തുണ്ടാക്കിയ ഈ സഖ്യസൗധം പണിയെടുക്കുന്ന വിഭാഗങ്ങളുടെ ഐക്യമുദ്രാവാക്യവും പ്രചരിപ്പിച്ചുകൊണ്ട് സകല പിൻതിരിപ്പൻ ശക്തികളെയും നേരിട്ട്, തലയുയർത്തി നിൽക്കുമെന്ന് കാര്യമായി പ്രതീക്ഷിക്കപ്പെട്ടിരുന്ന ഒന്നാണ് ഐക്യമുന്നണി. അങ്ങനെയുള്ള ഐക്യമുന്നണിയിൽ ഭിന്നിപ്പിന്റെയും ആപത്തിന്റെയും സൂചനകൾ ഒളിഞ്ഞു കിടപ്പുണ്ടെന്നും ഒരേലക്ഷ്യത്തിലേയ്ക്ക് വിഭിന്നങ്ങളായ മാർഗ്ഗങ്ങളിൽക്കൂടി അന്യോന്യം കുറ്റപ്പെടുത്തിക്കൊണ്ടും പണിയെടുക്കുന്ന വിഭാഗങ്ങളുടെയിടയിൽ ഭിന്നതകൾ വർദ്ധിപ്പിച്ച് സ്വാധീനം ചെലുത്താൻ ശ്രമിച്ചുകൊണ്ടിരുന്ന പ്രസ്തുത പാർട്ടികൾ ഒരിയ്ക്കലും ഒരു യോജിപ്പിലെത്തുകയില്ലെന്നും അന്നേ ചിലർ പ്രവചിച്ചിരുന്നു. ഈ പ്രവചനങ്ങളെ കരുക്കളാക്കിക്കൊണ്ട് ചില തൽപ്പര കക്ഷികൾ ഐക്യമുന്നണിയിലെ വിവിധ പാർട്ടികൾ തമ്മിലടിച്ചു തകർന്നുപിരിയുമെന്ന് സംഭ്രമജനകമായ വാർത്തകൾ പ്രചരിപ്പിച്ചു. ഇടതുപക്ഷൈക്യത്തിന്റെ പേരിൽ രൂപംകൊണ്ട ഒരു വിപ്ലവപ്രസ്ഥാനത്തിന്റെ വാതിലുകൾ വിപുലമായ ജനാധിപത്യൈക്യത്തിന്റെ പേരിൽ "കുടക്കാരനും വടിക്കാരനും കുടവണ്ടിക്കാരനും" വേണ്ടി തുറന്നുകൊടുക്കുകയും, അങ്ങനെ വൈരുദ്ധ്യാത്മകശക്തികൾ തമ്മിൽ ഒരു താൽക്കാലിക വേഴ്ച ഉണ്ടാവുകയും ചെയ്താൽ അടുത്ത ഭാവിയിൽ അനിവാര്യമായ ഒരു പിളർപ്പ് സ്വാഭാവികമായി വന്നുചേരുമെന്ന ചരിത്രസത്യം ഇനിയും ചിലർ ചൂണ്ടിക്കാട്ടി.

ഏതായാലും സകലരുടെ പ്രതീക്ഷകളെയും പ്രവചനങ്ങളെയും മുന്നിട്ടുകൊണ്ട് തെരഞ്ഞെടുപ്പിൽ ഐക്യമുന്നണി മുന്നേറുന്നതായിട്ടാണ് അടുത്ത പടി നാം കണ്ടത്. സ്ഥാപിത താല്പര്യങ്ങൾ സംരക്ഷിക്കപ്പെടണമെങ്കിൽ ഇടതുപക്ഷ കക്ഷികൾ ഒരു കാലത്തും യോജിക്കാത്ത ഒരു പരിതഃസ്ഥിതി സൃഷ്ടിക്കണമെന്ന ബോധത്തോടുകൂടി നടത്തപ്പെട്ട കുപ്രചരണങ്ങളെല്ലാം അങ്ങനെ വിഫലങ്ങളായി. ഭൂരിപക്ഷത്തിന്റെ ചിരാഭിലാഷസാദ്ധ്യതയ്ക്ക് മിനിമം പ്രോഗ്രാമിന്റെ പേരിലായാലും മാക്സിമം പ്രോഗ്രാമിന്റെ പേരിലായാലും അത്ഭുതശക്തിയുള്ള ഒരു ബഹുജനപ്രസ്ഥാനം രൂപംകൊണ്ടു.

എന്നാൽ കോൺഗ്രസ്സിന്റെയും കൂട്ടാളികളുടേയും സ്ഥാപിത താല്പര്യക്കോട്ടകളെ ഐക്യമുന്നണി കിടിലംകൊള്ളിച്ചുകൊണ്ടിരുന്ന അതേ സന്ദർഭത്തിൽ തന്നെ, ഐക്യമുന്നണിയണികളിൽ ചില കുത്തിത്തിരിപ്പുകൾ നടന്നുവരുന്നതായി ശരിയായോ തെറ്റായോ ഉള്ള ഒരു ധാരണ ചിലർക്കുണ്ടായിരുന്നു. അന്ന് ആരും അത്ര കാര്യമാക്കിയില്ല. പക്ഷെ ഇന്നെന്താണ് കേൾക്കുന്നത്? അപസ്വരങ്ങളെന്നും വനരോദനങ്ങളെന്നും കരുതി തള്ളപ്പെട്ടിരുന്നവ വ്യക്തമായ ചിട്ടകളോടുകൂടിയ ഒരു ശബ്ദയാഥാർത്ഥ്യമായി മാറുകയോ?

"ഈ ഐക്യമുന്നണിത്തട്ടിപ്പു നിറുത്തു" എന്ന ശീർഷകത്തിൽ ജനുവരി 21-ാംതീയതിയിലെ കൗമുദി വാരികയിൽ ശ്രീ പി. കേശവദേവ് എഴുതിയിരുന്ന ലേഖനവും, "ഐക്യമുന്നണിയിൽ കമ്മ്യൂണിസ്റ്റുകാർ അനർഹമായ പ്രാമാണ്യം ഭാവിക്കുന്നു" എന്ന ശീർഷകത്തിൽ കെ. എസ്. പി. ജനറൽ സെക്രട്ടറി ശ്രീ. എം. പി. മേനോൻ പുറപ്പെടുവിച്ചിരിക്കുന്ന പ്രസ്താവനയും മുന്നിൽ വച്ചുകൊണ്ടാണ് ഞാനിത്രയും പറഞ്ഞത്.

ശ്രീ. പി. കേശവദേവ് ഒരു ഐക്യമുന്നണി അനുഭാവി അല്ലായിരിക്കാം. ഗതികെട്ടുകൊണ്ട് പിന്തിരിപ്പൻ പാളയത്തിൽചെന്നു കുടുങ്ങിപ്പോയ ഒരു പുരോഗമന സാഹിത്യകാരനാണ് ശ്രീ. ദേവ് എന്നു പറഞ്ഞാൽ അതും വേണമെങ്കിൽ അങ്ങു സമ്മതിച്ചുതരാം. പക്ഷെ വ്യക്തമായ ആരോപണങ്ങളാണ് ശ്രീ ദേവ് ഉന്നയിച്ചിരിക്കുന്നത്. ചില പ്രത്യേക സംഭവങ്ങൾ എണ്ണിയെണ്ണി തെളിയിക്കാൻ ശ്രമിച്ചുകൊണ്ടാണ് "ഐക്യമുന്നണിത്തട്ടിപ്പു നിറുത്തു" എന്ന് അദ്ദേഹം പറയുന്നത്. ശ്രീ ദേവ് ഉന്നയിച്ചിരിക്കുന്ന ആരോപണങ്ങൾക്കു ശരിയായ മറുപടി പറയാതെ, ദേവിന്റെ ആരോപണങ്ങൾ ഒരു മൂരാച്ചിയുടെ ജല്പനങ്ങളാണെന്നു പറഞ്ഞുതള്ളിക്കളയാൻ വളരെ എളുപ്പമാണെങ്കിലും ജനങ്ങളുടെയിടയിലുണ്ടാകുന്ന ധാരണയെ ആ നിഷേധം നീക്കുകയില്ല.

ശ്രീ, ദേവ് കൊണ്ടുവന്നിരിക്കുന്ന സംഭ്രമജനകമായ ആരോപണങ്ങൾ നോക്കുക:—

1. കമ്യൂണിസ്റ്റുകാരുടെ ഐക്യപ്രസ്ഥാനം ധൃതരാഷ്ട്രരുടെ ആലിംഗനമാണ്.

2 ഐക്യമുന്നണി സ്ഥാനാർത്ഥികൾ മൽസരിച്ച എല്ലാം നിയോജകമണ്ഡലങ്ങളിലും ധൃതരാഷ്ട്രരുടെ ആലിംഗനമാണ നടന്നത്.

3. കൊല്ലം മാവേലിക്കര ജനപ്രതിനിധി സഭാസീറ്റിൽ ആർ. എസ്സ്. പി നേതാവായ സ: ശ്രീകണ്ഠനെതിരായി സ്വതന്ത്രസ്ഥാനാർത്ഥിക്കുവേണ്ടി കമ്യൂണിസ്റ്റുകാർ വോട്ടുപിടിച്ചു.

4. പെരിനാട്ടു നിയോജകമണ്ഡലത്തിൽ ആർ. എസ്സ്. പി, ക്കാരനായ ഐക്യമുന്നണിസ്ഥാനാർത്ഥിയ്ക്കെതിരായി കമ്യൂണിസ്റ്റുകാർ ഒരു സ്വതന്ത്രസ്ഥാനാർത്ഥിയെ രഹസ്യമായും പരസ്യമായും സഹായിച്ചു.

ശ്രീ. ദേവിന്റെ ലേഖനത്തിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഇനിയും ചില ആരോപണങ്ങൾകൂടിയിതാ:—

5. ഉള്ളൂർ നിയോജകമണ്ഡലത്തിൽ ഐക്യമുന്നണി സ്ഥാനാർത്ഥിയായി മത്സരിച്ച കെ. എസ്. പി. ക്കാരനെതിരായി കമ്മ്യൂണിസ്റ്റ് പാർട്ടിയിൽനിന്നും "മഹറോൺ" ചൊല്ലപ്പെട്ടു ഇപ്പോൾ പാർട്ടി അനുഭാവികളായി മാറിയിരിക്കുന്ന ചിലർ "കമ്മ്യൂണിസ്റ്റ്കാരനിൽ നിന്നും കമ്മ്യൂണിസ്റ്റനുഭാവിയായി മാറിയ" ഒരു സ്വതന്ത്ര സ്ഥാനാർത്ഥിക്കുവേണ്ടി ഓടിനടന്നു വോട്ടുപിടിച്ചു

6 ഭരണിക്കാവിൽ മത്സരിച്ച സ: എം. എൻ. ഗോവിന്ദൻ നായർ സ: ശ്രീകണ്ഠനെതിരായി അണ്ടർഗ്രൗണ്ടിലിരുന്നുകൊണ്ട് കടുത്ത ദുഷ്പ്രചരണങ്ങളും വോട്ടുപിടുത്തവും നടത്തി

7. ആലപ്പുഴയിലെ ഒരു നിയോജകമണ്ഡലത്തിൽ തെരഞ്ഞെടുപ്പിനു നിന്ന ഒരു കമ്മ്യൂണിസ്റ്റ് പ്രമുഖനെ തോൽപ്പിക്കാൻ അണ്ടർഗ്രൗണ്ടിലുണ്ടായിരുന്ന മറ്റൊരു കമ്മ്യൂണിസ്റ്റ് പ്രമുഖൻ വേലവച്ചു.

വ്യക്തമായ ഈ ആരോപണങ്ങളെല്ലാം "ഒരു മിഃമുരാച്ചി കേശവദേവിൽ" നിന്നു മാത്രം വന്നതല്ലെന്നും മറിച്ച് അതിന്നൊരു അങ്ങാടിപ്പാട്ടായി തീർന്നിരിക്കുകയാണെന്നും കമ്മ്യൂണിസ്റ്റ് നേതാക്കന്മാർ ഓർക്കേണ്ടതുണ്ട്. ഐക്യമുന്നണിയിൽ പിളർപ്പില്ലെന്ന് ചില നേതാക്കന്മാർ ആവർത്തിച്ചാവർത്തിച്ചു പ്രസ്താവിക്കാനും തെളിയിക്കാനും ശ്രമിച്ചുവരുന്നുണ്ട്. പക്ഷെ അത്തരം പ്രസ്താവനകളിൽ നിന്നും ഒരു നിഷ്പക്ഷനിരീക്ഷകനു മനസ്സിലാക്കാൻ സാധിക്കുന്നത് പിളർപ്പുണ്ടെന്നും അതുവർദ്ധിച്ചു വരികയാണെന്നുമാണ്. ജയിൽ വിമുക്തരായ ചില കമ്മ്യൂണിസ്റ്റ് പ്രമുഖന്മാരുടെ പ്രസ്താവനകൾ വേണമെങ്കിൽ ഉദാഹരണമായി ചൂണ്ടിക്കാണിക്കാവുന്നതേയുള്ളു. ഒരു "മിനിമം പ്രോഗ്രാമിന്റെ പേരിൽ ഉടച്ചെടുത്ത" ഐക്യമുന്നണിയുടെ കത്തകാവകാശം കമ്മ്യൂണിസ്റ്റ് പാർട്ടിക്കാരാണെന്ന് ചിലർ ഇന്നും നാടുനീളെ പറഞ്ഞു നടക്കുന്നതായിക്കാണുന്നു. അവരാണത്രെ ഐക്യമുന്നണിയുടെ തലതൊട്ടപ്പന്മാർ! ഐക്യമുന്നണിവിജയം അവരുടെ വിജയമാണത്രെ! കമ്മ്യൂണിസ്റ്റ് പാർട്ടിക്കകത്ത് നിർഭാഗ്യവശാൽ കടന്നുകൂടുകയും, അനുഭാവികളെന്ന ലേബലുമൊട്ടിച്ചു തെളിഞ്ഞ നടക്കുകയും ചെയ്യുന്ന ഇത്തരം ജളൂകങ്ങളുടെ പ്രസ്താവനകളും പ്രവർത്തികളും പാർട്ടിക്കുള്ളതും ഉണ്ടാകാനിരിക്കുന്നതുമായ ജനസ്വാധീനം ഇല്ലാതാക്കുകമാത്രമേ ചെയ്യുകയുള്ള എന്ന് ഉന്നത തലത്തിലിരിക്കുന്നവരെങ്കിലും മനഃസ്സിലാക്കാതിരിക്കുന്നതാണ് കൂടുതൽ ഖേദകരമായ ഒരു വസ്തുത. ഇൻഡ്യൻ കമ്മ്യൂണിസ്റ്റ്പാർട്ടി ജനറൽ സെക്രട്ടറി സ: അജയഘോഷിന്റെ ചില പ്രസ്താവനകളും ആയിനത്തിൽപ്പെടുന്നതായി കാണപ്പെടുന്നു. ഐക്യമുന്നണിയായി തെരഞ്ഞെടുപ്പിനു മത്സരിച്ച ചില സംസ്ഥാനങ്ങളിലെ ഭാവി ഭരണകൂടത്തെ സംബന്ധിച്ച് അദ്ദേഹം പറയുന്നത് "കമ്മ്യൂണിസ്റ്റ്പാർട്ടി അധികാരത്തിൽ വന്നാൽ, കമ്മ്യൂണിസ്റ്റ്പാർട്ടി ഗവമ്മെൻറ് രൂപീകരിച്ചാൽ" എന്നും മററുമാണെന്ന് ഒരു ആരോപണമുണ്ട്. തുല്യനിലയിൽ ഐക്യഭാവത്തിൽ തെരഞ്ഞെടുപ്പിനു മത്സരിച്ച മൂന്നുപാർട്ടികളിൽ ഏതെങ്കിലും ഒന്നിന്റെ "കാല്യകൾ മുകളിലാണെന്നു" പറയുന്നതു് ആരോഗ്യകരമായ ഒരു പാച്ചിലല്ല. ഏതെങ്കിലും ഒരു പാർട്ടി കൂടുതൽ സ്വാധീനവും പ്രാമാണ്യവും ചെലുത്താൻ ശ്രമിക്കുന്നതു് പിളർപ്പിനു വഴിതെളിക്കുകയേ ചെയ്യുകയുള്ള. കെ. എസ്. പി. ജനറൽസെക്രട്ടറി സ. എം പി. മേനോൻ "കമ്മ്യൂണിസ്റ്റുകൾ കാട്ടുന്ന അനർഹമായ പ്രാമാണ്യം പ്രതിഷേധാർഹമാണെന്ന് പ്രസ്താവിച്ചിരിക്കുന്ന കമ്മ്യൂണിസ്റ്റ്പാർട്ടിയെ പ്രതിക്കൂട്ടിൽ കയററി നിറുത്തിക്കൊണ്ട് സ: മേനോൻ എടുത്തു നിരത്തിയിരിക്കുന്ന കുററാരോപണങ്ങൾ നോക്കുക:—

1. ഐക്യമുന്നണിയിലെ ത്രികക്ഷികൾ അംഗീകരിച്ച സംയുക്തമാനിഫെസ്റ്റോ ശരിയാംവണ്ണം പ്രചരിപ്പിക്കാതെ കമ്മ്യൂണിസ്റ്റ് പാർട്ടി അതിനെതിരായി പ്രവർത്തിച്ചു.

2. മന്ത്രിസഭകൾ രൂപീകരിക്കുന്നില്ലെന്ന് ഐക്യകമ്മിററിയുടെ തീരുമാനമുണ്ടായിട്ടും ആ വിഷയത്തിൽ ചില കമ്മ്യൂ നേതാക്കന്മാർ വിസ്മയാവഹമായ ആസക്തികാണിക്കുന്നു.

3 പരസ്പര ധാരണകൾ തകർക്കുന്ന അഭിപ്രായങ്ങൾ പുറപ്പെടുവിക്കുന്നു.

4. ഇടതുപക്ഷ ഐക്യമുന്നണിയുടെ പേരിൽ ആവേശകരമായി മുന്നോട്ടു വന്നിരിക്കുന്ന അനേകം പേരെ കമ്മ്യൂണിസ്റ്റ് നേതൃത്വത്തിലാക്കാനും ഐക്യമുന്നണിയെ പിളർക്കാനും ശ്രമിക്കുന്നു,

5 സ: എ. കെ. ഗോപാലന്റെയും മററും പ്രസ്താവന ഖേദകരമായിപ്പോയി.

മുകളിൽ കാണുന്ന ആരോപണങ്ങളടങ്ങിയ പ്രസ്താവന പുറപ്പെടുവിച്ചിരിക്കുന്ന സ: എം. പി മേനോൻ എറണാകുളത്തുനിന്നും പാർലമെൻറിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ ആയിരത്തിൽ ചില്വാനം വോട്ടിന്റെ കുറവുകൊണ്ടു പരാജയപ്പെട്ടതു് കമ്മ്യൂണിസ്റ്റുകാരുടെ കുത്തിത്തിരിപ്പുകൊണ്ടാണെന്ന മറെറാരു വലിയ ആരോപണം എന്തുകൊണ്ടോ അദ്ദേഹം മാച്ചുവച്ചിരിക്കുകയാണെന്നു തോന്നുന്നു. "ഏതായാലും കാളപെററ എന്നു കേൾക്കുമ്പോൾ കയറെടുക്കുന്ന" കൂട്ടത്തിലല്ലാത്ത സ: എം. പി. മേനോൻ ഉന്നയിച്ചിരിക്കുന്ന ആരോപണങ്ങൾ വെറും ആരോപണങ്ങളാണെന്ന പേരിൽ ആർക്കും നിഷേധിക്കാവുന്നവയല്ല.

ആർ എസ്. പി, കെ. എസ്. പി സ്വാധീനതയിലുള്ള പല ട്രേഡ് യൂണിയനുകളിലും പ്രസ്തുത സംഘടനകളുടെ സ്വാധീനത ഇല്ലാതാക്കുന്നതിനും, നേതൃത്വത്തിൽ വിശ്വാസം ഇല്ലാതാക്കി നുഴഞ്ഞു കയറി ആർ എസ്. പി ക്കാരുടെയും കെ എസ്. പി ക്കാരുടെയും ശക്തി നശിപ്പിക്കുന്നതിനും കമ്മ്യൂണിസ്റ്റുകാർ ശ്രമം നടത്തിയതായും ഇന്നും നടത്തിവരുന്നതായും അത്യന്തം ഗൗരവാവഹമായ ഒരു ആരോപണമുണ്ട്. മററു കക്ഷികളെപ്പററി കമ്മ്യൂണിസ്റ്റുകാരും ഇതേ ആരോപണം ഉന്നയിച്ചു കാണുന്നു. കൊല്ലം എ ഡി. കാട്ടൻ മിൽസ്, കശുവണ്ടി തൊഴിലാളി രംഗം എന്നിവിടങ്ങളിൽ നേതൃത്വത്തിനു വേണ്ടിയുള്ള വൃത്തികെട്ട വടംവലികൾ ഇന്നും നടന്നുവരികയാണ്. വിദ്യാർത്ഥിരംഗത്തും ഈ സുഖക്കേട് വല്ലാതെ കയറിപ്പിടികൂടിയിട്ടുണ്ട്. ബുദ്ധിജീവികളും ഇത്തരംബാധകളിൽനിന്നും വിമുക്തരല്ല. അങ്ങനെ കൃഷക-തൊഴിലാളി-വിദ്യാർത്ഥി-ബുദ്ധിജീവികളുടെയിടയിൽ ഭിന്നിപ്പുണ്ടാക്കി, അവരെ വെട്ടിക്കീറി പങ്കിട്ടെടുത്തു്, നേതൃത്വം കരസ്ഥമാക്കാനുള്ള ഒരു വൃത്തികെട്ട വെമ്പൽ ഐക്യമുന്നണിയുടെ പിന്നിൽ നടന്നുവരുന്നതായി ഒരു പറച്ചിലിനെങ്കിലും ഇടം കൊടുക്കുന്നെങ്കിൽ അതിൽപരം അവമാനകരമായ ഒരവസ്ഥ ഇടതുപക്ഷ പാർട്ടികൾക്കുവരാനില്ല.

കെ. എസ്. പി. നേതൃത്വത്തിലുള്ള കൊച്ചിൻപോർട്ട് വർക്കേഴ്സ് യൂണിയനിൽ നുഴഞ്ഞുകയറാൻ ഈയിടെ കമ്മ്യൂണിസ്റ്റുകാർ ഒരു ശ്രമം നടത്തിയതായും ഐക്യമുന്നണി കമ്മിററി കൺവീനർ സ: ഗോപാലകൃഷ്ണമേനോൻ എം. എൽ. എ. അതിനു നേതൃത്വം നൽകിയതായും ഒരു പത്രവർത്ത കണ്ടു. കൊച്ചിൻപോർട്ടുവർക്കേഴ്സ് യൂണിയനും സ്റ്റീവഡോർസും തമ്മിൽ ഒരു ഒത്തുതീർപ്പുണ്ടായതിനെ പ്രതിഷേധിച്ച് ഫെ: 8-ാംതീയതി എറണാകുളത്തുവച്ച് കമ്മ്യൂണിസ്റ്റാഭിമുഖ്യത്തിൽ കൂടിയ യോഗത്തിൽ വാക്കേററമുണ്ടായെന്നും, ഒടുവിൽ മെസ്യർ (തൊഴിലാളികൾ) രണ്ടു വിഭാഗമായിതിരിഞ്ഞതിനിന്ന് അടിപിടി നടത്തിയെന്നും സ: ഗോപാലകൃഷ്ണമേനോൻ എം. എൽ. എ-യ്ക്കു പരുക്കേററെന്നും, ഒരു കമ്മ്യൂണിസ്റ്റ് സഖാവ് ആശുപത്രിയിലായെന്നും ഇതാ ഇപ്പോൾ മറെറാരു വാർത്ത പുറത്തുവന്നിരിക്കുന്നു. ഏതാനും ദിവസങ്ങൾക്കു മുൻപ് എറണാകുളം ബർമ്മാഷെൽ തൊഴിലാളികൾക്കിടയിലും കമ്മ്യൂണിസ്റ്റ്-കെ എസ്. പി. വാക്കേററം നടന്നതായും അടിപിടിയിൽ അവസാനിച്ചതായും പറയപ്പെടുന്നു!

ജനാധിപത്യത്തിന്റെയും പുരോഗമനത്തിന്റെയും പേരു പറഞ്ഞ്, പുരോഗമനശക്തികളുമായികൂട്ടുപിടിച്ച് ഒടുവിൽ അവരെയെല്ലാം "ധൃതരാഷ്ട്രരുടെ ആലിംഗന"ത്തിനു വിധേയരാക്കി, സ്വന്തം കൊടി നാട്ടാൻ ഏതെങ്കിലും രാഷ്ട്രീയപാർട്ടി മുതിരുന്നെങ്കിൽ, അതു് ലജ്ജാകരവും, വഞ്ചനാപരവുമായ ഒരു പ്രവർത്തിയാണ്.

തിരു-കൊച്ചിയിൽ ഐക്യമുന്നണി ഭരണം ഏറെറടുക്കേണ്ടതില്ലെന്നു തീരുമാനിക്കുകയുണ്ടായല്ലോ. ആ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ: എൻ. ശ്രീകണ്ഠൻനായർ തന്റെ അസംബ്ളിഅംഗത്വം രാജിവയ്ക്കുകയും ചെയ്തു. എന്നാൽ ഐക്യമുന്നണി മന്ത്രിസഭ രൂപീകരിക്കേണ്ടതിനെപ്പററിയും കമ്മ്യൂണിസ്റ്റ് നേതാക്കന്മാർ

[illegible]—

ഇപ്പോഴും പ്രചരണം നടത്തിത്തുടങ്ങിയിരിക്കയാണ്. ഈ അടവ് ഐക്യമുന്നണി ഒരു മന്ത്രിസഭ രൂപീകരിച്ചാൽ അതിൽനിന്നും സ: ശ്രീകണ്ഠൻനായരെ മന:പൂർവ്വം ഒഴിച്ചുനിർത്തുന്നതിനുവേണ്ടി പ്രയോഗിക്കപ്പെട്ടതാണെന്നാണ് സംശയിക്കപ്പെടുന്നത്.

കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്ത് ഇന്നു പ്രസംഗിച്ചും പ്രസ്താവനകളിറക്കിയും നടക്കുന്ന കമ്മ്യൂണിസ്റ്റ് നേതാക്കന്മാരെല്ലാം ഒളിവിലോ ജയിലിലോ ആയിരുന്നു. തെരഞ്ഞെടുപ്പിനുവേണ്ടി നേരിട്ടു പ്രചരണം നടത്തുന്നതിന് അവർക്കു സൗകര്യം ലഭിച്ചിരുന്നില്ല. എന്നാൽ സ: എൻ. ശ്രീകണ്ഠൻനായരാണ് ചുമതലയേറിയതും ശ്രമാവഹവുമായ ആ മഹാഭാരം വഹിച്ചത്. തെരഞ്ഞെടുപ്പിനു മുൻപ് ജയിൽവിമോചിതനായ അദ്ദേഹം തൃശ്ശൂർമുതൽ കന്യാകുമാരിവരെ നടത്തിയ ജൈത്രയാത്രയും പ്രചരണപ്രസംഗങ്ങളും ഐക്യമുന്നണിവിജയത്തെ വളരെയധികം സഹായിച്ചിട്ടുണ്ടെന്ന പരമാർത്ഥം കമ്മ്യൂണിസ്റ്റ് നേതാക്കന്മാർക്കുപോലും തലകുലുക്കി സമ്മതിക്കാതെ നിവൃത്തിയില്ലല്ലോ. അങ്ങനെയുള്ള സ: ശ്രീകണ്ഠൻനായർക്ക് ‘‘വലവയ്ക്കാൻ’’ ഒളിഞ്ഞോ തെളിഞ്ഞോ ആരെങ്കിലും ശ്രമിച്ചിട്ടുണ്ടെങ്കിൽ കൃതഘ്നതയുടെയും കാപട്യ വഞ്ചനയുടെയും പൂർത്തീകരണമാണവർ. ജയിലിൽനിന്നും ഒളിവിൽനിന്നും പുറത്തു വന്ന കമ്മ്യൂണിസ്റ്റ് നേതാക്കന്മാർ ഇതൊന്നും അറിയാത്ത ഭാവത്തിൽ നടക്കുകയാണിന്ന്, എങ്കിലും അവരുടെ വാക്കുകളിൽ കമ്മ്യൂണിസ്റ്റ്പാർട്ടി മുന്നിട്ടുനിൽക്കുന്നതായി കാണാം.

ഐക്യമുന്നണിയുടെ പേരിൽ ആർ എസ് പി യും കെ. എസ്. പി യും എല്ലാ ഐക്യ സ്ഥാനാർത്ഥികളെയും ജയിപ്പിയ്ക്കുവാൻ ആത്മാർത്ഥമായി ശ്രമിച്ചപ്പോൾ, കമ്മ്യൂണിസ്റ്റുകാർ തങ്ങളുടെ സ്ഥാനാർത്ഥികൾ ജയിക്കുന്നതിൽമാത്രമെ ശ്രദ്ധിച്ചിരുന്നുള്ളു എന്നും ഇനിയും ചില പരാതികളുണ്ട്. മറ്റൊരാരോപണമുള്ളത് ഐക്യമുന്നണിക്കമ്മിററി കൺവീനർ സ: ഗോപാലകൃഷ്ണമേനോൻ സ്ഥാനാർത്ഥികളുടെ കാര്യത്തിൽ കൃത്രിമം കാണിച്ചു എന്നതാണ്. ഐക്യകക്ഷികമ്മിററി 27 പേരെ മാത്രമേ സ്ഥാനാർത്ഥികളായി സ്വീകരിച്ചിരുന്നുള്ളു. അതിനുശേഷം കമ്മിററിയിലെ മററു രണ്ടു രാഷ്ട്രീയപാർട്ടി പ്രതിനിധികളെ അറിയിക്കാതെ കമ്മ്യൂണിസ്റ്റുകാരെ പലരെയും സ്വതന്ത്രരാക്കി നിറുത്തി ഐക്യമുന്നണി ലേബർ കൊടുത്തുവത്രെ! ഐക്യമുന്നണി പ്രവർത്തനങ്ങൾക്കുവേണ്ടി ഒരു ലക്ഷം രൂപാ പിരിച്ചെടുക്കാൻ സഖാക്കൾ കെ. സി. ജാർജ്ജ്, സി. അച്യുതമേനോൻ പി. ടി. പുന്നൂസ്, ജാർജ്ജ്, ചടയംമുറി, സുഗതൻ, ടി. വി., എം. എൻ. തുടങ്ങിയ കമ്മ്യൂണിസ്റ്റ് നേതാക്കന്മാർ ശ്രമിച്ചു വരുന്നതായറിയുന്നു. ഈ പരിപാടിയുടെ പേരിൽ അവർ ഒരു പ്രസ്താവനയും ഇറക്കിക്കഴിഞ്ഞു. ഐക്യമുന്നണിയ്ക്കുവേണ്ടി പണംപിരിക്കാൻ ശ്രമിയ്ക്കുന്ന അവരോടൊപ്പം ഐക്യമുന്നണിയായി നിൽക്കുന്ന മററു രണ്ടു ഘടകങ്ങളിലെ ഒററ കുഞ്ഞിന്റെ പേരുപോലും കാണുന്നില്ല. ഐക്യമുന്നണിയ്ക്കുവേണ്ടി കമ്മ്യൂണിസ്റ്റുകാർ മാത്രം ചേർന്ന് പണംപിരിച്ചാൽ മതിയോ? അഥവാ കമ്മ്യൂണിസ്റ്റുകാർ മാത്രം മതിയെങ്കിൽ അവരെ ആരു അധികാരപ്പെടുത്തി? എവിടെ വച്ചു കമ്മിററി കൂടി തീരുമാനിച്ചു? ഈ ചോദ്യങ്ങൾക്കൊന്നും അവരുടെ പ്രസ്താവന ഉത്തരം നൽകുന്നില്ല. ഐക്യമുന്നണിയുടെ പേരിൽ സ്വന്തം പാർട്ടിപ്രവർത്തനങ്ങൾക്കായി പണം പിരിക്കാൻ ശ്രമിക്കുന്നതു കുതികാൽവെട്ടുന്നതിനു തുല്യമാണ്. ഐക്യമുന്നണി പ്രചരണങ്ങൾക്കുവേണ്ടി കൊല്ലം, തിരുവനന്തപുരം, കോട്ടയം എന്നീ പട്ടണങ്ങളിൽ ഓരോ പ്രതിദിനപത്രങ്ങൾ ഉടനടി ആരംഭിയ്ക്കുവാൻ പോകുന്നതായി ഒരു പത്രവാർത്തകണ്ടു. അതിന്റെ പ്രവർത്തനങ്ങൾക്കായി നിയുക്തരായിരിയ്ക്കുന്ന മൂന്നുപേരും കമ്മ്യൂണിസ്റ്റുകാരാണത്രേ! ഇതെന്തൊരു വിരോധാഭാസാലിംഗനമാണെന്നു മനസ്സിലാകുന്നില്ല!

ഗൗരവാവഹമായ ഈ വിധ ആരോപണങ്ങൾക്കു മറുപടി പറയാൻ ‘‘കമ്മ്യൂ: അരയ്ക്കാലുകൾ’’ കിടന്നു കിലുങ്ങിയതുകൊണ്ടായില്ല. രൂപാ തന്നെ കിലുങ്ങണം. ഇവിടത്തെ കമ്മ്യൂണിസ്റ്റ്പാർട്ടിയിലെ ‘‘മുഴുത്ത രൂപാകൾ’’ ടി. വി. യും സുഗതനുമാണ്. ഉത്തരവാദിത്വമുള്ള അവർ ഈവിധ ആരോപണങ്ങൾക്കു ഇനിയെങ്കിലും മറുപടി പറയുമോ?

കൊല്ലത്തുവച്ചു മെ: 10-ാംതീയതി കൂടിയ ഐക്യമുന്നണി എം. എൽ. എ. മാരുടെ യോഗം സ: ടി. വി. യെ ഐകകണ്ഠ്യേന ലീഡറായി തെരഞ്ഞെടുത്തിരിക്കുന്നത് സന്തോഷകരമായ ഒരു സംഭവമാണ്. പിച്ചാത്തിക്കുത്തൊന്നും കൂടാതെ ഒരു ലീഡറെ തെരഞ്ഞെടുത്തതും ആർ. എസ്. പി. യും കെ. എസ്. പി. യും ലീഡർക്ക് സകലവിധ സഹായവാഗ്ദാനങ്ങളുംചെയ്തിരിയ്ക്കുന്നതും ഐക്യമുന്നണിയുടെ ഭാവി വളർച്ചയെ കുറിയ്ക്കുന്നുണ്ട്. എങ്കിലും സ: എൻ. ശ്രീകണ്ഠൻനായർ യോഗത്തിൽ സന്നിഹിതനാകാതിരുന്നതു ശ്രദ്ധേയമായ ഒരു വസ്തുതയാണ്. പാർട്ടിലീഡറായി തെരഞ്ഞെടുക്കപ്പെട്ട സ: ടി. വി. ചെയ്ത കൃതജ്ഞതാ പ്രസംഗത്തിൽ ഐക്യമുന്നണിയിൽ ഭിന്നിപ്പുണ്ടെന്ന ആരോപണങ്ങളെ പരാമർശിച്ചു കാണുന്നില്ല. അതുപോലെതന്നെ മററ് അംഗങ്ങളുടെ പ്രസംഗങ്ങളും. ഐക്യമുന്നണിയിൽ പിളർപ്പുണ്ടെന്ന പരിഭ്രമജനകമായ പ്രചരണങ്ങളെ ഈ വിധ മൗനപ്രകടനങ്ങൾ തടഞ്ഞുനിറുത്താൻ പോകുന്നില്ല മറിച്ച് അതിനെ പൂർവ്വാധികം വർദ്ധിപ്പിക്കുകയേ ഉള്ളു. അതല്ല, അവർ തങ്ങളുടെ കുററകരമായ മൗനം ഇനിയും തുടർന്നു പോകാനാണു ഭാവമെങ്കിൽ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ നയവ്യതിയാന പ്രഖ്യാപനത്തിൽ കഴമ്പൊന്നുമില്ലെന്നു നാട്ടുകർ വിധിയെഴുതിക്കൊള്ളും—

‘‘വാണി നീ തുടയുന്നു വീണയി വിളക്കും നീ കെടുത്തുന്നിതോ!’’

---

# സാഹിത്യത്തിലും ഇടതുപക്ഷ ഐക്യമുന്നണിതന്നെ വേണം

(ജി. ശങ്കരക്കുറുപ്പ്)

ഐക്യം ശക്തിയുടെയും സൗന്ദര്യത്തിന്റെയും അടയാളവും അനൈക്യം ശക്തിയില്ലായ്മയുടെയും വൈരൂപ്യത്തിന്റെയും അടയാളവുമാണ്. ജീവിതത്തിന്റെ എല്ലാ തുറകളിലും ശക്തിയും സൗന്ദര്യവുമുണ്ടാകുവാൻ നാമാഗ്രഹിക്കുന്നു. അതുപോലെ തന്നെയാണ്, സാഹിത്യത്തിലും. എല്ലാവർക്കും വളരുവാനും വികസിക്കുവാനും സന്ദർഭം ലഭിക്കാത്ത ഇന്നത്തെ സാമ്പത്തിക സാമൂഹ്യവ്യവസ്ഥിതിയിലെ കുറ്റങ്ങളും കുറവുകളും കണ്ടുപിടിച്ച് അതിനെ പരിഹരിച്ച് ഒരു നവവ്യവസ്ഥിതി സൃഷ്ടിക്കുവാനാഗ്രഹിക്കുന്ന കലാകാരന്മാർ ഒരു ഐക്യമുന്നണിയായിനിന്നു പ്രവർത്തിക്കുന്നതു കൂടുതൽ നന്നായിരിക്കും. മലയാളസാഹിത്യത്തിൽ ഒരു ഐക്യമുന്നണി കുറേക്കാലം മുമ്പുണ്ടായിരുന്നു. എന്നാൽ ഇടക്കാലത്ത് അതിനു ചില തകരാറുകൾ സംഭവിച്ചു അതുകൊണ്ടാണ് ആദർശങ്ങളിലും അഭിപ്രായങ്ങളിലും ഏറെക്കുറെ സാദൃശ്യമുള്ളവർ, നിസ്സാരകാരണങ്ങൾകൊണ്ട് പരസ്പരം വിമർശനങ്ങളിലും ചീത്തപറച്ചിലിലുമേർപ്പെടാതെ, ഒരു ഐക്യമുന്നണിയായി പ്രവർത്തിക്കേണ്ടതിന്റെ ആവശ്യം സാഹിത്യത്തിലിപ്പോൾ ഉണ്ടായിട്ടുള്ളത്

എല്ലാവരും തമ്മിലുള്ള ഐക്യമുന്നണി സാദ്ധ്യമല്ല. ആദർശങ്ങളിൽ മൗലികമായ ഭിന്നതയുള്ളവർ തമ്മിൽ യോജിപ്പുണ്ടാകുക സാദ്ധ്യമല്ല. ഇന്നത്തെ വ്യവസ്ഥിതി അങ്ങിനെതന്നെ തുടരണമെന്നാഗ്രഹിക്കുന്ന സനാതനമായേ എല്ലാം നിലനിൽക്കണമെന്നാഗ്രഹിക്കുന്ന, കേട്ടുപാടുകൾ തീർക്കാനല്ലാതെ പൊളിച്ചുമാററി പുതിയതായി പണിയുവാൻ തയ്യാറില്ലാത്ത സ്ഥിതിസ്ഥാപനവാദികൾ ധാരാളമുണ്ടിന്ന്. അതുപോലെതന്നെ ഇന്നത്തെ വ്യവസ്ഥിതി വിപ്ലവകരമായ വ്യത്യാസങ്ങൾകൊണ്ട് പുതിയതായി സംവിധാനം ചെയ്യുവാനാഗ്രഹിക്കുന്ന പുരോഗമനവാദികളുണ്ട്. സാമ്പത്തികതലത്തിലുള്ള ഉച്ചനീചത്വങ്ങളും അസമത്വങ്ങളുമാണ് എല്ലാവർക്കും വളരുവാനും വികസിക്കുവാനും തടസ്സമായി നിൽക്കുന്നതെന്നു വിശ്വസിക്കുകയും അതു പരിഹരിക്കേണ്ട മാർഗ്ഗങ്ങളേയും നാളത്തെ വ്യവസ്ഥിതി ഏതുവിധത്തിലായിരിക്കണമെന്നുള്ള ആദർശങ്ങളേയുംപററി അഭിപ്രായസാദൃശ്യവുമുള്ള പുരോഗമനവാദികൾ സംഘടിച്ച് ഐക്യമുന്നണിയായി പ്രവർത്തിക്കുന്നതു കൂടുതൽ പ്രയോജനകരമായിരിക്കും

[എറണാകുളം ലാകോളേജിൽ ചെയ്ത ഒരു പ്രസംഗത്തിൽ നിന്ന്]

# കഴിഞ്ഞയാഴ്ച

എൻ. രാമചന്ദ്രൻ

### നാളികേരസംരക്ഷണം

സിലോൺ കൊപ്രായും വെളിച്ചെണ്ണയും ഇന്ത്യയിലേക്ക ഇറക്കുമതിചെയ്യുന്നതിനുള്ള വ്യവസ്ഥകളിൽ ഇന്ത്യാഗവമ്മെൻറ അയവു വരുത്തിയതു ഇവിടത്തെ വെളിച്ചെണ്ണ മുതലാളിമാരെയും കേരകർഷകരെയും വല്ലാതെ ശുണ്ഠിപിടിപ്പിച്ചിരിക്കുന്നു. പ്രതിഷേധങ്ങളും നിവേദനങ്ങളും ഇതിനകം തന്നെ ഇൻഡ്യാ ഗവർമ്മെൻറിനെ അറിയിച്ചു കഴിഞ്ഞു. ഇൻഡ്യാ ഗവമ്മെൻറ് ഇക്കാര്യം ഇപ്പോഴും "അനുഭാവപൂർവം" ചിന്തിക്കുകയാണ്.

രണ്ടുതാല്പര്യങ്ങളുടെ പ്രകടമായ സംഘട്ടനം ഇക്കാര്യത്തിൽ ദൃശ്യമാകുന്നുണ്ട്. സോപ്പ്, ഡാൽഡ മുതലായ സാധനങ്ങൾ ഉണ്ടാക്കുന്നതിന് ധാരാളം വെളിച്ചെണ്ണ ആവശ്യമാണ്. സിലോൺ വെളിച്ചെണ്ണ കുറഞ്ഞ വിലക്ക ഇവിടെ ഇറക്കുമതി ചെയ്താൽ ഇവിടത്തെ വെളിച്ചെണ്ണയ്ക്കു വില കുറയും. അങ്ങിനെ സോപ്പുകമ്പനിക്കാർക്കും ഡാൽഡാ മുതലാളിമാർക്കും കുറഞ്ഞ വിലക്ക സിലോൺ വെളിച്ചെണ്ണയും ഇൻഡ്യൻ വെളിച്ചെണ്ണയും ലഭിക്കും. സോപ്പുകമ്പനികളുള്ള ടാററാമാർക്കും ഡാൽഡാ നിർമ്മിക്കുന്ന ഡാൽമിയാമാർക്കും വമ്പിച്ച തോതിൽ ലാഭമുണ്ടാക്കുന്നതിനുള്ള മാർഗ്ഗം തെളിക്കുവാനാണ് ഇൻഡ്യാ ഗവമ്മെൻറ വെളിച്ചെണ്ണയുടെ ഇറക്കുമതി നിയന്ത്രണത്തിൽ അയവുവരുത്തിയിരിക്കുന്നതു്. തെക്കെ ഇന്ത്യയിലും വിശേഷിച്ചു കേരളത്തിലുമുള്ള ജന്മിമാരുടെ വരുമാനത്തിൽ ഈ നടപടി ഒരു വലിയ കത്തിപ്രയോഗം നടത്തിയിരിക്കുകയാണ്. തേങ്ങായുടെ വിലയിൽ വലിയ ഇടിവുണ്ടായിട്ടുണ്ട്. ഈ വിലയിടിവാണ ഇവരെ പ്രതിഷേധത്തിനും നിവേദനത്തിനുമൊക്കെ പ്രേരിപ്പിക്കുന്നതു്. നമ്മുടെ മന്ത്രിമാരും കൊച്ചിയിലെ ഏററവും വലിയ വെളിച്ചെണ്ണ വ്യവസായിയും കോൺഗ്രസ്സ് നേതാവുമായ മാധവൻനായരും മററും അടുത്തകാലത്തു ഡൽഹിയിൽ പോയപ്പോൾ ഇവിടത്തെ മന്ത്രിസഭാരൂപീകരണം പോലെതന്നെ പ്രാധാന്യം നൽകി ചർച്ചകൾ നടത്തിയ ഒരു വിഷയം സിലോൺ വെളിച്ചെണ്ണയുടെ നികുതി കുറയ്ക്കലായിരുന്നു. കേരളത്തിലെ ജന്മിമാരും ഉത്തരേന്ത്യയിലെ മുതലാളിമാരും തമ്മിലുള്ള ഈ സംഘട്ടനത്തിൽ ഇന്ത്യാ ഗവമ്മെൻറ ഏതു നിലയാണ സ്വീകരിക്കുന്നതെന്നു കണ്ടറിയേണ്ടതാണ്.

### കേന്ദ്രഗവമ്മെൻറിൻെറ ചിററമ്മ നയം

ദക്ഷിണേന്ത്യയിലെ വ്യവസായികളോടു കേന്ദ്രഗവമ്മെൻറ ചിററമ്മ നയമാണ സ്വീകരിച്ചുവരുന്നതെന്നു ഒരു പരാതിയുണ്ട്. ഇവിടത്തെ കയററു വ്യവസായത്തിൽ അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന സ്തംഭനാവസ്ഥക്ക എന്തെങ്കിലും പരിഹാരമുണ്ടാക്കാൻ ഇന്ത്യാഗവമ്മെൻറ യാതൊന്നും ചെയ്തിട്ടില്ല. ഇംഗ്ലണ്ട്, ഹാളൻറ മുതലായ വിദേശവിപണികളിൽ കയററിൻെറ ചിലവു വർദ്ധിപ്പിക്കുന്നതിനോ പുതിയ വിപണികൾ കണ്ടുപിടിക്കുന്നതിനോ വിദേശ വിപണികളിലെ വില നിയന്ത്രിക്കുന്നതിനു ഇവിടത്തെ വ്യവസായികൾക്ക കെൽപ്പു നൽകത്തക്കവണ്ണം ഇവിടത്തെ കയററു വ്യവസായം പുനഃസംഘടിപ്പിക്കുന്നതിനു സാമ്പത്തിക സഹായം നല്കുന്നതിനോ കേന്ദ്രഗവമ്മെൻറ ഇതുവരെ ശ്രദ്ധിച്ചിട്ടില്ല.

ഇവിടത്തെ റബ്ബർ വ്യവസായികളോടു ഇന്ത്യാ ഗവമ്മെൻറ അനുവർത്തിച്ചുവന്ന നയം ഏതാണ്ടൊരു 'മർദ്ദന' പരമായിരുന്നുവെന്നാണറിയുന്നതു്. മലയായിലെയും സിലോണിലെയും റബ്ബറിനുള്ള വിലയെക്കാളും വളരെ കുറഞ്ഞ ഒരു വിലയാണ ഇവിടത്തെ റബ്ബറിനു ഇന്ത്യാഗവർമ്മെൻറ ക്ലിപ്തപ്പെടുത്തിയിരിക്കുന്നതു്. അടുത്ത കാലത്തു പുതുക്കിയ വിലയും മലയൻ റബ്ബറിൻെറ വിലയെക്കാളും വളരെ കുറവാണ്. ഇവിടത്തെ റബ്ബറിനു വിലകൂട്ടിയാൽ കാറുകൾക്ക ഉപയോഗിക്കുന്ന ടയറിനും ട്യൂബിനും വിലകൂടുമെന്നാണ ഇന്ത്യാ ഗവമ്മെൻറ ഉന്നയിക്കുന്ന വാദം. ഇന്ത്യ ഒട്ടുക്കെയുള്ള കാറുടമസ്ഥന്മാരുടെയും ടയർ ഉല്പാദകരുടേയും താല്പര്യങ്ങൾ രക്ഷിക്കുന്നതിനുവേണ്ടി ഇവിടത്തെ റബ്ബർ വ്യവസായികളുടെ ലാഭം വെട്ടിക്കുറക്കുകയാണ ഇന്ത്യാഗവമ്മെൻറ ചെയ്യുന്നതു്.

കേരളത്തിലെ മറെറാരു പ്രധാന വ്യവസായമായ ഓട്ടുനിർമ്മാണത്തിനും കേന്ദ്രഗവമ്മെൻറ ഇതുവരെ യാതൊരു പ്രോത്സാഹനവും നൽകിയിട്ടില്ല. ആഫ്രിക്കയിലും ആസ്ത്രേലിയായിലും സിലോണിലും ഇവിടെ നിർമ്മിക്കുന്ന ഓട്ടിനു 'ഡിമാൻറ്'ണ്ടായിട്ടും ആ വ്യവസായം വികസിപ്പിക്കുന്നതിനു ഗവമ്മെൻറ യാതൊരു പ്രേരണയും നൽകിയിട്ടില്ല.

ഇന്ത്യയ്ക്കു ഡാളർ സമ്പാദിച്ചുകൊടുക്കുന്ന കശുവണ്ടി വ്യവസായികളോടും കുരുമുളകു കർഷകരോടു പോലും കേന്ദ്രഗവമ്മെൻറ ചിററമ്മനയമാണ കാണിച്ചുവരുന്നതു്. കുരുമുളകിൻെറ കയററുമതിച്ചുങ്കം അടുത്തകാലത്തു വീണ്ടും വർദ്ധിപ്പിച്ചു കേന്ദ്രം കൂടുതൽ പണം കൈക്കലാക്കുന്നുണ്ടു

(ശേഷം 26-ാം പേജിൽ)

## W. T. C. No. 59-ൻെറ ശരിഉത്തരം

ശരിഉത്തരം

| | | |
|---|---|---|
| 38 | 53 | 20 |
| 19 | 37 | 55 |
| 54 | 21 | 36 |

രണ്ടാം സമ്മാനാർഹമായ ഉത്തരം

| | | |
|---|---|---|
| 20 | 53 | 38 |
| 55 | 37 | 19 |
| 36 | 21 | 54 |

ഈ പ്രാവശ്യം ശരിഉത്തരം ആരും തന്നെ അയച്ചിട്ടില്ല. ശ്രീ. കെ. രാമചന്ദ്രൻ, ശാന്തിഭവൻ, തിരുവനന്തപുരം; ശ്രീ. എം. എൻ. കുഞ്ഞൻ, ട്രാവലേർസ് റീസോർട്ട്, തിരുവനന്തപുരം; ശ്രീ. പി. ഗോപാലൻ, മുണ്ടയ്ക്കൽ, കൊല്ലം; ശ്രീ എൻ. ഉത്തമനാഥൻ, പായിത്തലവീട്, പൊന്മന എന്നിവർക്കു രണ്ടാം സമ്മാനം രൂ 450-ം; ഏററവും കൂടുതൽ ഉത്തരങ്ങൾ അയച്ച ടി ശ്രീ കെ. രാമചന്ദ്രന് മൂന്നാം സമ്മാനം രൂ. 150-ം, പ്രോത്സാഹനാർഹരായ ശ്രീ. എൻ. എസ്സ്. പിള്ള, കോയമ്പത്തൂർ, ശ്രീ. എൻ. പി. ചന്ദ്രൻ, തിരുവനന്തപുരം എന്നിവർക്കു യഥാക്രമം 75-ം, 50-ം, രൂപാ വീതവും ലഭിച്ചിരിക്കുന്നു.

ഇനിയൊരറിയിപ്പ് ഉണ്ടാകുന്നതുവരെ W T C യുടെ പ്രവർത്തനം നിറുത്തിവച്ചിരിക്കുന്നുയെന്നുള്ള വിവരം പൊതുജനങ്ങളെ അറിയിച്ചുകൊള്ളുന്നു.

# ★ കൗമുദിലീഗ് ★

## ചേച്ചിയുടെ മറുപടി

**പി ലീല; നന്തൻകോട്ട്** ഈ ആണ്ടെങ്കിലും പുതിയ കുട്ടികൾക്കുവേണ്ടി സ്ഥലം ഒഴിഞ്ഞുകൊടുക്കുമെന്നു വിശ്വസിക്കുന്നു അല്ലെങ്കിൽ ചേച്ചിക്കുംകൂടി കറച്ചിലാണേ കരമന അനുജത്തിയുടെ കാര്യമൊന്നും എന്നോടു പറഞ്ഞിട്ടില്ല നിങ്ങൾ തമ്മിൽ വലിയ കൂട്ടുകാരാണ് അല്ലേ? സരളയുടെ കത്തുകൾ വരാറുണ്ടോ? സംഗീതത്തിൽവാസനയുള്ള കൂട്ടുകാരി ഇതാണ പി. ശാരദാമ്മ കൊച്ചിഴികത്തു പുത്തൻവീട്ട്, പുന്നത്തലച്ചേരി, കൊല്ലം അനുജത്തി എന്നാണു ഇങ്ങോട്ടു വരുന്നതു? അറിയിക്കുമല്ലോ.

**സി. പി സരസ്വതി, മൂത്തകുന്നം.** പരീക്ഷയ്ക്കു ഉത്സാഹിച്ചു പഠിക്കുന്നുണ്ടോ? ചേച്ചിക്കു ഒരു വിധം സുഖംതന്നെ കൂട്ടുകാരിക്കു ഈ മേൽ വിലാസത്തിൽ എഴുതുക. പി. കെ. ഇന്ദിരാഭായി, മോഹനവിലാസം ബംഗ്ലാവ് വഞ്ചിയൂർ തിരുവനന്തപുരം

**എൽ. ഗിരിജാഭായി; കാഞ്ഞിരംകുളം** അനുജത്തിയുടെ കവിത കിട്ടിയിട്ടുണ്ടു് ആവശ്യപ്പെട്ട കൂട്ടുകാരി ഇതാണ. സി. കെ. പ്രസന്ന, തുണ്ടത്തിൽവീട്ട്, ചെറായി

**കെ. സോമസുന്ദര, കണിയാപുരം.** പുതിയ അംഗങ്ങളെ കഴിയുന്നതും കൂടുതൽ ചേരെ ഓരോ ആഴ്ചയും ചേർക്കുകയാണ് ഈ കൂട്ടുകാരനുമായി പരിചയപ്പെടുക. ഡി. ഗൌതമൻ, കമിട്ടിയിൽവീട്ട്, കോട്ടപ്പുറം; എസ്സ്. പരവൂർ.

**കെ കൃഷ്ണവാര്യർ; മറ്റം.** അനുജന്റെ വികാരഭരിതമായ കത്തിലെ ഉള്ളടക്കം ചേച്ചി നല്ലതുപോലെ മനസ്സിലാക്കുന്നു. നിങ്ങളുടെ അവശതകളിലും നിസ്സഹായതയിലും എനിക്കു ആത്മാർത്ഥമായ സഹതാപമുണ്ടു്. കൗമുദി നിങ്ങൾക്കു കിട്ടുന്നുണ്ടെന്നു വിശ്വസിക്കുന്നു. അനുജന്റെ ചെറുകഥ വളരെ ദീർഘിച്ചുപോയതുകൊണ്ടു പ്രസിദ്ധീകരിക്കുവാൻ സാധിക്കുമോ എന്നറിഞ്ഞില്ല. എന്തായാലും പത്രാധിപരെ കാണിക്കട്ടെ. ഈ കൂട്ടുകാരനുമായി പരിചയപ്പെടുക ഡി. എൻ സുഗതൻ, പുട്ടാവീട്ട്, മങ്ങാട്ട്, കൊല്ലം.

**എസ്സ്. വെങ്കിട കൃഷ്ണൻ, കരമന** മറുപടി താമസ്സിച്ചതിൽ ക്ഷമിക്കണം കഥ എഴുതി അയച്ചതുമല്ലോ, ഈ കൂട്ടുകാരനു എഴുതുക. ബി. രവി, തെക്കേവീട്ട്, പള്ളിത്തോട്ടം കൊല്ലം.

**കെ. ജയചന്ദ്രൻ, പുതുപ്പള്ളി** കവിതകിട്ടി കൂട്ടുകാരൻ ഇതാണ്. പി. കെ. ഗോപാലൻ, പറമ്പിൽ കുമരകം

**ഇ. കെ. റായി, ചെറായി** അനുജനോടു ചേച്ചിക്കു യാതൊരു വിരോധവുമില്ല. മറുപടി താമസിച്ചതിലായിരിക്കാം ഈ തെറ്റിദ്ധാരണ ഉണ്ടായതു് ഉത്തരം താമസിച്ചയച്ചതുകൊണ്ടായിരിക്കാം അനുജനു് സമ്മാനം കിട്ടാഞ്ഞതു പോലുള്ള്. ഇതാണ് കൂട്ടുകാരന്റെ മേൽവിലാസം ബി. ശശികുമാർ, തെക്കേവീട്ട്, പള്ളിത്തോട്ടം, കൊല്ലം

**കെ കേശവപിള്ള, കീഴ്കുളം.** സ്നേഹിതൻ കത്തയയ്ക്കാറില്ലേ? അനുജനു് എന്താണ് സുഖക്കേട്? ഒരു പുതിയ കൂട്ടുകാരന്റെ മേൽവിലാസം അറിയിക്കുകയാണ്. പി. ജി. ഗോവിന്ദൻനായർ, കല്പദ്രുമം വൈദ്യമന്ദിരം, പഴവങ്ങാടി, തിരുവനന്തപുരം.

**റ്റി. ജെ. സതീശചന്ദ്രൻ, ആറ്റിങ്ങൽ.** അനുജനു് ചെറുകഥാമത്സരത്തിൽ സമ്മാനം കിട്ടി എന്നറിഞ്ഞു സന്തോഷിക്കുകയും പ്രത്യേകം അഭിനന്ദിക്കുകയും ചെയ്തുകൊള്ളുന്നു. നിങ്ങൾ ഹരിപ്പാട്ടു നിന്നുമാറിയതു ചേച്ചി ഇപ്പോഴാണറിഞ്ഞതു്. അനുജന്റെ സമ്മാനാർഹമായ ചെറുകഥ അയച്ചുതരിക കൗമുദിയിൽ പ്രസിദ്ധീകരിക്കാം. വിശദമായി എഴുതുമെങ്കിൽ മാത്രമേ ചേച്ചി അതിനെപ്പറ്റി ഓർക്കുകയുള്ളു അതുകൊണ്ടു് ഒരു കുറിപ്പുകൂടി എഴുതി വയ്ക്കുന്ന കാര്യം മറക്കരുതു്. പത്രാധിപരെ അന്വേഷണം അറിയിക്കുന്നുണ്ട്. കൂട്ടുകാരന്റെ കത്തു വരാറുണ്ടോ?

**കെ. കെ. ജയദേവൻ വ. പറവൂർ.** അനുജന്റെ കവിത കിട്ടി പി. സി. കത്തായെ ചോദിച്ചതായി പറയുമല്ലോ. ചെറുകഥകൾ ഇപ്പോൾ അയച്ചുതരാത്തതു എന്താണെന്നു ചോദിക്കണം, സ്റ്റാമ്പു ശേഖരണത്തിൽ താല്പര്യമുള്ള കൂട്ടുകാരൻ ഇതാണ് ജേക്കബ് ചാക്കോ, ചാലക്കുഴിലെയിൻ, പട്ടം, തിരുവനന്തപുരം.

### ഈ ആഴ്ചയിലെ അംഗങ്ങൾ

1701 കെ. സോമസുന്ദരൻനായർ കണിയാപുരം 1702 സി വി. നരേന്ദ്രൻ, ചെറായി. 1703 വി. ശ്രീധരൻനായർ, വാളത്തുങ്ങൽ. 1704 ലീല, എൽ. പിള്ള, പട്ടം, 1705 എം. ജി. വിജയൻ, മുതുകുളം. 1706 ടി. ജി. ഗോപാലകൃഷ്ണൻ, മഴപ്പാതിരുത്തു്. 1707 കെ ശ്രീധരൻ, പാലോട്ട്. 1708 വി. സരോജിനിഭായി, തിരുവനന്തപുരം 1709 ജി. സുകുമാരൻ, ഗോപാലവിലാസം 1710 പി. സി സരളാദേവി, ആലപ്പുഴ. 1711 സി. സദാശിവൻപിള്ള, കരുനാഗപ്പള്ളി 1712 എസ്സ്. പത്മ, അടൂർ, 1713 ഉണ്ണികൃഷ്ണൻ, തിരുവനന്തപുരം 1714 എം. എസ്സ്. രാജലക്ഷ്മി, നെയ്യാറ്റിൻകര, 1715 ഏ. ശാന്തമ്മ, ഏറ്റുമാനൂർ 1716 എം, പവിത്രൻ, നീണ്ടകര. 1717 കെ. രാമകൃഷ്ണപിള്ള, പെരിനാട്ട്. 1718 സി. ഗോപാലകൃഷ്ണൻനായർ, കൊല്ലം. 1719 പി പി, ജേക്കബ്, എറണാകുളം. 1720 എൻ. രാജപണിക്കർ, കരുവാറ്റ. 1721 റ്റി. കെ ഗോപകുമാർ, പാറശ്ശാല. 1722 എസ്സ്. രാമചന്ദ്രപിള്ള, കായംകുളം. 1723 വി. കെ രാജു, ചേർത്തല. 1724 എം. എം. ഖാൻ, അംശി. 1725 വി മുഹമ്മദുഹുസയിൻ, പാളയം 1726 പി. കെ. ഉണ്ണി, കടയ്ക്കാവൂർ. 1727 കെ എസ്സ്. രമേചന്ദ്രൻനായർ, കണിയാപുരം 1728 വി. കെ. പ്രഭാകരൻ, തുറവൂർ 1729 എൻ. സുരേന്ദ്രനാഥൻ, കടയ്ക്കാവൂർ. 1730 ജി. സുകുമാരൻ, കൊല്ലം. 1731 കെ. വി. ഗോമതി, കൊല്ലം. 1732 കെ. വി. ചന്ദ്രമതി, കൊല്ലം. 1733 പി. മഹേശ്വരിഅമ്മ, കഴിക്കൂട്ടം 1734 എൻ ശിവദാസൻ, പെരിനാട്ട്. 1735 പി കെ. സുഭാഷ്, പെരിനാട്ട്. 1736 ആർ. ചന്ദ്രികാദേവി, പാലോട്ട്. 1737 പി. സുശീലാദേവി, കോട്ടയം. 1738 പി. സ്വരൂപ്ദാസ്, കോട്ടയം. 1739 കെ രാമകൃഷ്ണൻ, എരുവ 1740 പി വിജയമ്മ, കോട്ടയം 1741 സി വി ലെവിഷാ, ചൊറായി. 1742 കെ സുകുമാരൻ, എരൂർ. 1743 കെ പി എസ്സ്. ശാന്തകുമാരി, പന്തളം. 1744 എൻ. രാമസ്വാമിഅയ്യർ, വർക്കല. 1745 എ. അനിരുദ്ധൻ, കരുവാറ്റ. 1746 കെ പ്രഭ, കിളിമാനൂർ. 1747 എൻ. ഗോപാലപിള്ള, ആലപ്പുഴ 1748 എ. എം. ജബ്ബാസ്, ചങ്ങനാശ്ശേരി 1749 എൻ ഹരിതീർത്ഥൻ, വർക്കല. 1750 എം. ജി മനോഹർ, ആയ്യനാട്ട് 1751 പി. കെ. സുഭാഷ്, പെരിനാട്ട്. 1752 ഫിലിപ്സ് ജേക്കബ്, വടക്കാട്ട് 1753 ആർ രാമചന്ദ്രൻ നായർ, ചേർക്കട 1754 ജി, വിക്രമൻ നായർ, പുന്നപുരം. 1755 വി. ഗോപിനാഥൻ നായർ, ശാസ്തമംഗലം. 1756 എ എം ഫസിൽ, വഞ്ചിയൂർ. 1757 കെ സി. രമേശൻ, ചേർത്തല. 1758 സുജാതാമ്മ, പെരുന്താന്നി 1759 എസ് കെ. പങ്കജാക്ഷൻ, പട്ടണക്കാട്ട്. 1760 പി രാമചന്ദ്രൻ നാഗർകാവിൽ, 1761 എച്ച്. ഉസ്മാൻസേട്ട്, അട്ടക്കുളങ്ങര. 1762 സി, ജെ മാത്യു, പട്ടം. 1763 ജോസഫ്. ഫ്രാൻസിസ്സ്, പൂവാർ 1764 എം ബി രാജു, തിരുമല 1765 കെ. പി രവീന്ദ്രൻ, മങ്ങാട്ട് 1766 സി. ലീലമ്മ, പാലോട്ട്. 1767 എൻ. സുരേഷ ബാബു, കൊല്ലം. 1868 വി രവീന്ദ്രൻ, പൂജപ്പുര. 1769 കെ നാരായണപിള്ള, അടൂർ 1770 സി കെ. ചന്ദ്രശേഖരൻ നായർ, ഇലക്കാട്ട്. 1771 എസ്. കൃഷ്ണകുമാരി, ചെങ്ങന്നൂർ 1772 കെ. ഭാരതിക്കുട്ടിഅമ്മ, ചങ്ങനാശ്ശേരി. 1773 പി കെ. മാധവൻപിള്ള; പെരിനാട. 1774 കെ. ശകുന്തളാദേവി, കന്നുകഴി 1775 കെ. ശോഭനാദേവി, കന്നുകഴി. 1776 കെ. ആർ, കമലാകരൻ, ആലപ്പുഴ.

1777 കെ. സാവിത്രി, വെട്ടിക്കവല 1778 കെ. എസ്സ് ബാലൻ, ചൊറായി. 1779 എം. സദാശിവൻ, ആറ്റിങ്ങൽ. 1780 ററി. എൻ. രാധാകൃഷ്ണൻ, ആലപ്പുഴ. 1781 എം. കെ. പ്രഭാകരൻ, കറവിലങ്ങാട 1782 വി കെ. പത്മാവതി, ചേർത്തല 1783 വി. യു ഉണ്ണികൃഷ്ണൻ, മുതലിയാർഭാഗം 1784 ആർ. സരസ്വതിഅമ്മ, പൂവാർ. 1785 ഡി. രാജഗോപാലൻ, ആലപ്പുഴ. 1786 വി സരസ്വതി, കൂനയിൽ 1787 പി എം. പ്രഭാകരൻ, ചേർത്തല. 1788 എൽ, സി രാജശേഖരൻ, പൂന്തുറ. 1789 സി. കെ ഹരിദാസൻ, ചേന്ദമംഗലം. 1790 ബി. എസ്സ്. ബാൺസ്, പൂന്തുറ 1791 വി വിജയലക്ഷ്മി, മയ്യനാട്. 1792 പി. എസ്സ് പവിത്രൻ, കോട്ടയം. 1793 കെ. കെ. യശോധരൻ, ആലപ്പുഴ. 1794 സി. മീനാക്ഷി, ചാല. 1795 പി. കെ. വിശ്വംഭരൻ, പത്തനംതിട്ട. 1796 ബി സാൻഡ്ര, കൊല്ലം. 1797 ജി. ശിവാനന്ദൻ, ഇരവിപുരം. 1798 ജി പത്മാക്ഷി, വെളിനല്ലൂർ. 1799 കെ. പി. വിജയലക്ഷി, ചേന്ദമംഗലം. 1800 ഷൈഷാ, ആലുവാ.

---

ചെറുകഥ

# "എൻെറ സഹോദരി"

---

പി. എൻ. ബാഹുലേയൻ വൈക്കം.

ഒരു തിങ്കളാഴ്ച, അന്നും എൻെറ ഇളയ സഹോദരി പങ്കജവും ഒരുമിച്ചാണ് ഞാൻ സ്കൂളിൽപോയതു്. അവൾ രണ്ടാംക്ലാസ്സിലും ഞാൻ സെക്കൻറഫാറത്തിലും പഠിക്കുന്നു. ഞാൻ വൈകുന്നേരം വീട്ടിലെത്തിയപ്പോൾ പങ്കജത്തിനു് സ്കൂളിൽവച്ചു് ഒരു വയറുവേദന ഉണ്ടായി എന്നും, അതു കുറേ കഴിഞ്ഞു് സുഖമായി എന്നും അവൾതന്നെ എന്നോടു പറഞ്ഞു.

രാത്രിയിൽ ഞങ്ങൾ പുസ്തകം വായനയുംകഴിഞ്ഞു് പിരിഞ്ഞു. അവൾ അച്ഛൻെറ കൂട്ടത്തിലേ കിടക്കുകയുള്ളു. അന്നു് അച്ഛൻ അവിടെ ഇല്ലായിരുന്നതിനാൽ അവൾ അമ്മൂമ്മയുടെ കൂടെ പോയികിടന്നു. ഞാൻ അമ്മയുടെ കൂട്ടത്തിലും.

പാതിരാത്രി കഴിഞ്ഞിരിക്കണം. പങ്കജത്തിൻെറ ഒരു ചിന്നിചിതറിയ കരച്ചിൽ അടുത്ത മുറിയിൽനിന്നും കേൾക്കായി. ഞാൻ ഉറക്കംതെളിഞ്ഞു കിടന്നിരുന്നു. അമ്മയും കൊച്ചേട്ടനും മററും ഉണർന്നു. താമസിയാതെ ഞങ്ങളുടെ ഗോവിന്ദൻ വൈദ്യരെവരുത്തി. അദ്ദേഹം ചില മരുന്നുകളെല്ലാം കൊടുത്തു. അപ്പോൾ ഒരു വിധം സുഖമായി എന്നു പറയാമായിരുന്നു.

നേരം വെളുത്തു. അന്നു ഞാൻമാത്രം സ്കൂളിൽപോയി. പങ്കജത്തിൻെറ കൂട്ടുകാർ വീട്ടിൽവന്നിട്ടു് അവളെ കൂടാതെയാണു് അന്നു് അവർ സ്കൂളിൽപോയതു്. ഞാൻ വൈകുന്നേരം വീട്ടിലെത്തി അവൾക്കു പറയത്തക്ക വിശേഷം ഒന്നുംഇല്ലായിരുന്നു.

പക്ഷേ വയറുവേദന അന്നു രാത്രിയിൽകൊണ്ടു പിടിച്ചു. ദൗർഭാഗ്യകരമായിട്ടു് അച്ഛൻ അന്നും വീട്ടിൽ ഉണ്ടായിരുന്നില്ല. അമ്മയും ഞങ്ങളെല്ലാംപേരും അമ്പരന്നു നിൽപ്പായി. ആ രാത്രിയിൽ ഒരു ഡാക്കിട്ടരെ വരുത്താൻ ഒരു ഗതിയുമില്ല. ഡാക്കിട്ടരെ വരുത്തണമെങ്കിൽ തലയോലപ്പറമ്പിൽ പോകണം. രണ്ടു മൂന്നു കടത്തു കടക്കണം അങ്ങോട്ടു പോകുവാൻ. അല്ലെങ്കിൽ ആ രാത്രിയിൽ ചെന്നാൽ ഡാക്കിട്ടരെ കാണുമോ. ഞങ്ങൾ ഒരുവിധം നേരം വെളുപ്പിച്ചു. പങ്കജം ഉരുണ്ടുമറിയുകയാണു്. അവളുടെ ശരീരം തളർന്നുപോയി. കണ്ണുകൾ കലങ്ങിയിരുന്നു. ഇടതടവില്ലാത്ത നിലവിളിയിൽ ശബ്ദം പൊങ്ങിയില്ല. അച്ഛൻ വന്നു. പങ്കജത്തിനേയുംകൊണ്ടു് താമസിയാതെ വൈക്കം ആശുപത്രിയിലേയ്ക്കു പോയി. ഞാൻ ഇപ്പോഴും ഓർക്കുന്നുണ്ടു്. അച്ഛൻെറ തോളിൽ അവൾ ചാരിക്കിടന്ന കിടപ്പു്. അച്ഛനും അമ്മയും ആശുപത്രിയിലാണു്. ഞങ്ങൾ മൂന്നുനാലുപേർ വീട്ടിലും. ഞങ്ങൾ ഊണുകഴിഞ്ഞുകിടന്നു. കൂട്ടനിലവിളിയുടെ ആരവം. ഉറക്കത്തിൽ ഞങ്ങളെല്ലാവരും അമ്പരന്നുപോയി വാതൽ തട്ടിത്തുറന്നു. ജീവനോടെപോയ പങ്കജത്തിൻെറ ശവശരീരവും ചുററും പത്തുനാല്പതു് ആളുകളേയും കണ്ടു. പങ്കജത്തിൻെറ ശരീരം വീട്ടിലെ തെക്കേപ്പുറമ്പിൽ ദഹിപ്പിച്ചു. അച്ഛനും അമ്മയും ഏങ്ങലടിച്ചു നിലവിളിച്ചു. പലരും അവരെ ഇപ്രകാരം ആശ്വസിപ്പിച്ചു 'ചേട്ടൻമാരുടെ കല്യാണത്തിൽ പങ്കുകൊള്ളാൻ വന്ന ഭദ്രൻ മരിച്ചിട്ടു് സി. കേശവനും മററും സഹിച്ചില്ലേ. സാരമില്ല നാരായണാ'' അങ്ങിനെ ഞാൻ പങ്കജത്തിൻെറ ദുഃഖത്തിൽകൂടി ഭദ്രൻചേട്ടൻെറ മരണവും.''

ഇന്നും വീട്ടിലെ പടിഞ്ഞാറേമുറിയിൽ കൗമുദികൊണ്ടു പുറംതാളിട്ട ഒരു പഴയ രണ്ടാംപാഠപുസ്തകം കിടപ്പുണ്ടു്. അതിനകത്തു് രണ്ടു മയിൽപ്പീലിയുടെ കഷണങ്ങളും. അതാർക്കാണു ?

# കൗമുദിലീഗ്

പേരു് ..................................................

മേൽവിലാസം ..................................................

..................................................

ബാലിക / ബാലൻ വയസ്സ് ..........

ഏതു ക്ലാസിൽ പഠിക്കുന്നു ..........................

പ്രത്യേക വാസനകൾ..........................

..................................................

(ഇവിടെ സ്റ്റാമ്പുശേഖരണം, സംഗീതം, നൃത്തം തുടങ്ങി എന്തിലാണു് പ്രത്യേകതാല്പര്യമെന്നെഴുതണം.)

രക്ഷകർത്താവിൻെറ പേരു് ..........................

എന്നെ കൗമുദി ലീഗിൽ ഒരംഗമായി സ്വീകരിക്കണമെന്നപേക്ഷിക്കുന്നു. എൻെറ മേൽവിലാസമെഴുതിയ ഒരു കവർ ഉള്ളടക്കം ചെയ്തിട്ടുണ്ടു്.

..........

(ഒപ്പു്)



← [illegible]

പൂർവ്വപാകിസ്ഥാനിൽ

# സിറാജ് ഗഞ്ച്

ഏ കെ. ബാലകൃഷ്ണപിള്ള

ട്രെയിൻ ഓടുകയാണ്. സഹയാത്രക്കാർ തങ്ങളുടെ ഭാഷ സംസാരിക്കാൻ കഴിയാത്ത ഈ മനുഷ്യനെ സസ്നേഹം വീക്ഷിക്കുന്നു. ആ തുണിക്കെട്ടുകൾക്കു മുകളിൽകിടന്നു ഞാൻ ഉറങ്ങി. ഇരുവശവും പുഞ്ചിരിക്കുന്ന മുഖങ്ങളെ കണ്ടുകൊണ്ട്.

രാവിലെ, ഇളം മഞ്ഞനിറത്തിൽ അതിവിശാലമായ നെൽപാടങ്ങൾ കണ്ടുകൊണ്ട് ഞാൻ ഉണർന്നു. കുളിരേറിയ പ്രഭാതം!—

ജഗന്നാഥ് ഗഞ്ചിൽ ട്രെയിൻ നിന്നു

നദിക്കരയിൽ ഞങ്ങൾക്കുവേണ്ടി ഒരു കൊച്ചു കപ്പൽ,—"സുരാജ്‌മല" കാത്തുകിടന്നു. രണ്ടുമണിക്കൂറിലധികം ഞങ്ങൾക്കു കപ്പലിൽ ഇരുന്നാൽ മതിയായിരുന്നു. ഭാവനാസക്തനായ ചിത്രകാരന്റെ സ്വപ്നലോകം പോലെ തോന്നിക്കുന്ന നദീതടത്തിലെ വിശാലമായ വെള്ളമണൽപ്പരപ്പിലേക്കു ഞങ്ങൾ ഇറങ്ങി

സിറാജ്ഗഞ്ച് എത്തി! വള്ളങ്ങളും, ഒന്നു രണ്ടു ബോട്ടുകളും നദിക്കരയിൽ കിടന്നു.

റയിൽപാളങ്ങൾ ഓടിയ മണൽപ്പുറം. അകലെയായ് ഇരുവശവും വൃക്ഷങ്ങളും വീടുകളും കാണാം.

നദിക്കരയിൽ കാത്തുകിടന്ന ട്രെയിനിൽ ഞങ്ങൾ കയറി. അവിടെ 'അമൃതബസാർ പത്രിക' വില്ലുവൻ കൊണ്ടുവന്നു. എന്റെ പുറകേ രണ്ടുപേർ തങ്ങളുടെ ഭാണ്ഡങ്ങളുമായ് എതിർ സീറ്റിൽ വന്നിരുന്നു. അവർ പരസ്പരം ഉച്ചത്തിൽ വഴക്കു പറയുകയാണ്. അടുത്തിരുന്ന ഒരു മാന്യൻ എന്നോടു ചോദിച്ചു,

"നൂറുൽ അമീന്റെ പ്രസ്താവന വായിച്ചോ?"

"ഏതു പ്രസ്താവന?"

എനിക്കോർമ്മവന്നു,— കിഴക്കൻ ബംഗാൾ പ്രധാനമന്ത്രി മി. നൂറുൽ അമീൻ, ഒരു ലക്ഷംപേരുടെ ഒരു യോഗത്തിൽ കാഷ്മീർ മുസ്ലീങ്ങളെ സ്വതന്ത്രരാക്കുവാൻ പാകിസ്ഥാൻ നിശ്ചയിച്ചിരിക്കുന്നുവെന്നു പ്രസ്താവിച്ചിരിക്കുന്നു. ഫെബ്രുവരി 28-നുയിലെ 'പാകിസ്ഥാൻ ഒബ്സർവറി'ൽ ഞാൻ ആ വാർത്ത വായിച്ചു. ഇന്ത്യയിൽ നിന്നുള്ള യുദ്ധഭീതിയുടെയും, കാഷ്മീരിനുവേണ്ടിയുള്ള 'ജിഹാദി'ന്റെയും പ്രചരണം കൊണ്ട് ജനങ്ങളുടെ ശ്രദ്ധയെ യുദ്ധസന്നാഹങ്ങളിൽ കേന്ദ്രീകരിക്കുകയും, പാകിസ്ഥാൻ ജനതയുടെ നട്ടെല്ലു തകർത്തുകൊ

—കവരി അടുപ്പിച്ച്—

ണ്ടിരിക്കുന്ന കടുത്ത ആഭ്യന്തരപ്രശ്നങ്ങളെ മൂടിവയ്ക്കുകയും ചെയ്യുക പാകിസ്ഥാൻ ഗവർമ്മെന്റ് വളരെ പ്രധാനമായ നയമായ് സ്വീകരിച്ചിരിക്കുകയാണ്. കാഷ്മീരിൽ ഒരു യുദ്ധം ഏതവസരത്തിലും ഉണ്ടാകുമെന്ന മട്ടിലാണ് ജനങ്ങളിൽ പ്രചരണം നടത്തിയിരിക്കുന്നത്. ചിലർ എന്നോടു പറഞ്ഞു,—

"കാഷ്മീരിൽ പോകുന്നതു വളരെ സൂക്ഷിച്ചുവേണം."

നൂറുൽഅമീന്റെ പ്രസ്താവനയെപ്പറ്റി എന്റേയും ആ മാന്യന്റേയും സംഭാഷണം വഴക്കുപിടിച്ചുകൊണ്ടിരുന്നവരിൽ ഒരാളുടെ ശ്രദ്ധയിൽ എത്തി. അയാൾ തന്റെ അഭിപ്രായം അവതരിപ്പിച്ചു.

സംഭാഷണം അങ്ങിനെ തുടരുന്നതു കണ്ടു. കാൽ മണിക്കൂറിനുള്ളിൽ വഴക്കുകാർ രണ്ടുപേരുംകൂടി ഒത്തുചേർന്ന് അടുപ്പത്തോടെ, പാകിസ്ഥാൻ—കാഷ്മീർ—ഇന്ത്യാ കാര്യം സംസാരിക്കുന്നതുകേട്ടു!—

ഒൻപതു മണിക്ക് ഞാൻ സിറാജ് ഗൻജ് സ്റ്റേഷനിൽ ഇറങ്ങി. സിറാജ് ഗൻജ് 'ഇസ്ലാമിയാ' കാളേജ് വൈസ്പ്രിൻസിപ്പാളിനെ മി. അഫ്ളക്കർ റഹ്മാൻ കത്തുമൂലം എനിക്കു പരിചയപ്പെടുത്തിയിരുന്നു. കിടക്കക്കെട്ട് ഞാൻ സ്റ്റേഷനിൽ തന്നെ നിക്ഷേപിച്ചു. ഒരു ക്ലോക്കറൂം അവിടെ ഇല്ലായിരുന്നു. എങ്കിലും അതു സൂക്ഷിക്കുവാൻ അവർക്കു കാരുണ്യം ഉണ്ടായി

വീതികുറഞ്ഞ ഒരു റോഡിന്റെ ഇരുവശവും ആ കൊച്ചുപട്ടണത്തിലെ ചെറിയ കടകൾ നിന്നു. ഒരു മൈൽ കഴിഞ്ഞ് ആ കൊച്ചുറോഡ്, സാധാരണ വീതിയുള്ള മറ്റൊരു റോഡിൽ അവസാനിച്ചു. റോഡിൽ, മണൽഇളകി പൊടിപടലം പൊങ്ങിപ്പറന്നു. ഇരു വശവും, സാധാരണവലിപ്പത്തിൽ ഏതാനും രണ്ടുനില കെട്ടിടങ്ങളുണ്ട്. അവ മാർവാഡികച്ചവടക്കാരുടേതായിരുന്നു. വർഗ്ഗീയ ലഹള അടുത്തപ്പോൾ, അവർ കൊണ്ടുപോകാവുന്നിടത്തോളം സ്വത്തുക്കളുമായ് നാടുവിട്ടു. പണംപലിശയ്ക്കുകൊടുത്തും കള്ളക്കച്ചവടംചെയ്തും ഉണ്ടാക്കിയ ഈ മാളികകൾ അവർക്കുകൊണ്ടുപോകാൻ കഴിഞ്ഞില്ല. ഇപ്പോഴും അവയിൽ ചിലതു് ഒഴിഞ്ഞു കിടക്കുകയാണ്.

വായ്പൊളിച്ചിരുന്ന എന്റെ ഷൂസ് നന്നാക്കാൻ റോഡുവക്കിലെ ഫലിതപ്രിയനായ ഒരു ചെരുപ്പുകുത്തിയെ ഞാൻ സമീപിച്ചു. ഷൂസ് നന്നാക്കുന്ന സമയംകൊണ്ട് അടുത്ത ഹോട്ടലിൽപോയി ഊണുകഴിക്കാൻ അയാൾ സർവ്വത്ര പൊളിഞ്ഞ രണ്ടു പഴയ ചെരുപ്പുകൾ എനിക്കുതന്നു. അതുമിട്ടുകൊണ്ട് ഹോട്ടലിലേക്കു ഞാൻ നടക്കുമ്പോൾ അയാൾ കൂട്ടുകാരോടു ചൂണ്ടിക്കാട്ടി—

"ഹാ....ഹാ....സാബ്, നടക്കുന്നതു നോക്കിക്കോ!—

ഒരു കൊച്ചുഹോട്ടൽ ആയിരുന്നു അതു്. ഞാൻ അകത്തേക്കു കടക്കുമ്പോൾ ഒരു വലിയ ചട്ടിക്കകത്തേക്ക് ഏതോ വലിയ മീൻ വെട്ടിനുറുക്കി ഒരാൾ തള്ളുകയാണ്. അയാൾ കറുത്തുമെലിഞ്ഞ് ലുങ്കിമാത്രം ഉടുത്ത ഒരു നാല്പതാംവയസ്സുകാരൻ ആയിരുന്നു. അയാൾ ചട്ടിനീക്കിവെച്ചിട്ട് ഒരു തുണിയെടുത്തു കയ്യ് തുടച്ച് ഓടി എന്റെ അടുത്തെത്തി "വന്നാട്ടെ" എന്നു വിനീതമായ് പറഞ്ഞു. എന്റെ കയ്യിലെ ബാഗുവാങ്ങി ബഞ്ചിലേക്കു വച്ചു. "അങ്ങേയ്ക്ക് എന്തു വേണം?" എന്നു വളരെ താഴ്മയിൽ ചോദിച്ചു. ഞാൻ ചോറും ഇറച്ചിയും തരാൻ പറഞ്ഞു. അയാൾ വലതുകയ്യ് ഉയർത്തി ആംഗ്യം കാണിച്ചുപറഞ്ഞു,—

"ഇറച്ചി ഇല്ല, ഒന്നാംതരം മൊട്ട പൊരിച്ചതു തരാം."

പെട്ടന്നു ചോറും മൊട്ട പൊരിച്ചതും 'ചട്ണി' ഉണ്ടാക്കാൻ ഉപ്പും മുളകും കൊണ്ടുവന്നു. വീണ്ടും അയാൾ മീൻ നുറുക്കാൻ ഇരുന്നു. എന്റെ എതിർവശത്തിരുന്ന പോലീസുകാരൻ എഴുന്നേറ്റു റോഡിലേക്കു നടന്നപ്പോൾ ഹോട്ടൽക്കാരൻ മീൻ ചട്ടി മാറ്റി എന്റെ അടുത്തെത്തി. അയാൾ പോലീസുകാരനെ ചൂണ്ടി ഒറ്റമൂച്ചിലായ് വളരെ ദേഷ്യത്തിൽ എന്തോ ഒക്കെപറഞ്ഞു. പോലീസുകാരൻ എപ്പോഴും കടംചോദിക്കുമെന്നും, കൊടുത്താൽ തിരിച്ചു തരുകയില്ലെന്നുമാണ് അയാൾ പറഞ്ഞതെന്ന് ഞാൻ ധരിക്കുന്നു.

എന്റെ ഷൂസുംവാങ്ങി ഞാൻ കാളേജിലേക്കു നടന്നു. വൈസ്പ്രിൻസിപ്പാൾ മി. റഫ്ക്കർ റഹ്മാനെ അദ്ദേഹത്തിന്റെ വീട്ടിൽ വച്ചു ഞാൻ കണ്ടു. ഇരുണ്ടനിറവും മാംസളമായ ദേഹവും ഉള്ള ഒരു യുവാവ്. ഞങ്ങൾ പെട്ടന്നു കാളേജിൽ എത്തി. ഒരു മിഡിൽ സ്കൂളിന്റെ ആർഭാടം മാത്രം തോന്നിക്കുന്ന നീണ്ട ഷെഡ്ഡുമാത്രമായിരുന്നു, കാളേജ്. അദ്ധ്യാപകരുടെ മുറിയിൽവച്ച് പ്രിൻസിപ്പാളിനേയും കണ്ടു. നല്ല ഒരു സംഘം വിദ്യാർത്ഥികൾ എന്നെ കാണാൻ മുറിയുടെ വാതുക്കലും, ജന്നലിങ്കൽ വരാന്തയിലും കൂടി.

അഞ്ഞൂറോളം വിദ്യാർത്ഥികൾ ഈ കാളേജിലുണ്ട്. പക്ഷെ മൂന്നു പെൺകുട്ടികൾ മാത്രമേയുള്ളൂ. പ്രിൻസിപ്പാളുമായി സംസാരിച്ചുകൊണ്ടിരുന്നപ്പോൾ അവരിൽ ഒരാൾ അദ്ധ്യാപകരുടെ മുറിയിൽനിന്നും ഇരുണ്ടനിറത്തിൽ മെലിഞ്ഞുപൊക്കം കുറഞ്ഞ ഒരു പെൺകുട്ടി മൂടുപടത്തിൽ നിന്നും ഇറങ്ങിവന്നു ചാഞ്ചല്യം അവൾക്കില്ലായിരുന്നു അവൾ ഞങ്ങളുടെ സംഭാഷണം കൂസലൊന്നും കൂടാതെ വീക്ഷിച്ചു ഓരോ മിനിട്ടും എന്റെ കയ്യിൽനിന്നും ചാടിപ്പോകുന്നു എന്ന മട്ടിൽ വളരെ വിവശതയിൽ ഞാൻ പറഞ്ഞു:—

"ഇന്നു സന്ധ്യയ്ക്കുതന്നെ എനിക്കു കൽക്കട്ടായിലേക്കു തിരിക്കണം. പെട്ടന്ന് എന്നെ ആരുടെയെങ്കിലും കൂട്ടേടുകൂടി ഗ്രാമത്തിൽ അയയ്ക്കാൻ സഹായിക്കണം."

അദ്ധ്യാപകരുമായി ഒന്നാലോചിച്ചിട്ട് പ്രിൻസിപ്പാൾ, ജൂനിയർ ബി എ വിദ്യാർത്ഥിയായ ഒരു യുവാവിനെ വിളിപ്പിച്ചു. മി. സയ്ഫുൾ ഇസ്ലാം!—സാധാരണഉയരം, ഇളംവെളുപ്പുനിറം, ലാളിത്യം സ്ഫുരിക്കുന്ന മുഖഭാവം.

മി. റഫ്ക്കർ റഹ്മാൻ, ഊണ് ഞാൻ ഹോട്ടലിൽനിന്നും കഴിച്ചതിൽ പരിഭവംപറഞ്ഞു. ചായവാങ്ങിത്തന്നേ, വിട്ടുകയൊള്ളു. അദ്ദേഹവും, എന്റെയും ഇസ്ലാമിന്റേയും കൂടെ വെളിയിലേക്കു വന്നു. അതിന്റെ ഫലം, വീണ്ടും മൊട്ടപൊരിച്ചതും ചായയും ആയിരുന്നു!

———

# ★ പുസ്തകാഭിപ്രായം ★

## "തീത്തൈലം"

[ഒളപ്പമണ്ണ, മംഗളോദയം. വില എട്ടണ പേജ നാല്പത്തിരണ്ടു്]

തലമുതിർന്നൊരു നിരൂപകൻ സന്ദർഭവശാൽ പറയുകയുണ്ടായി, കവിതയുടെ കൂമ്പടഞ്ഞുപോയെന്നു്. അതദ്ദേഹത്തിൻെറ മാത്രം അഭിപ്രായമായിരുന്നില്ല. കവിതയിൽ ബോധപൂർവ്വമായ താല്പര്യം കാണിച്ചുപോന്ന പലർക്കും പലനാളായി ഈ തോന്നൽ വേദന ചെലുത്തിക്കൊണ്ടിരിക്കയായിരുന്നു. പറയാൻ ചുമതലപ്പെട്ടവരിലൊരാൾ പറയേണ്ട തക്കം വന്നപ്പോൾ അതു് തുറന്നടിച്ചു തുടങ്ങിയില്ലേ സകലമാനേ കവികളുംകൂടി മേല്പടി നിരൂപകനെ കൊത്തിപ്പറിക്കാൻ!

പക്ഷേലുണ്ടല്ലോ, ആ സത്യം എന്നിട്ടും തലയുയർത്തിപ്പിടിച്ചങ്ങനെ നിൽക്കുകയാണു് കവിതയുടെ കാര്യം മാത്രമായിട്ടെന്തിനു പറയുന്നു? മലയാളസാഹിത്യത്തെ സംബന്ധിച്ചു പറഞ്ഞാൽ എല്ലാ ശാഖകളും ഇന്നു് വളർച്ചമുട്ടി മുരടിച്ചുകഴിഞ്ഞ തീർച്ചയായും, ചരിത്രപരമായൊരു കാരണം ഈ പ്രതിഭാസത്തിനു കാണണം. അതാവട്ടെ കലയുടെ അന്തസ്സത്തയെ സാരമായി സ്പർശിക്കുന്നതാണെതാനും.

ഈ കാലഘട്ടത്തിലെ നിരൂപകന്മാരിൽ ബഹുഭൂരിപക്ഷം പേരും ഉള്ളടക്കത്തിൻെറ പുരോഗമനപരതയാണു് ഊന്നിയുറപ്പിച്ചുപറയുന്നതു് സാമൂഹ്യ കലയുടെ കടമയെപ്പറ്റിയും മാർഗ്ഗത്തെ പറ്റിയും മതത്തെപ്പറ്റിയും ചിന്തിക്കാൻ കൂട്ടാക്കാത്ത "പരപ്രത്യയനേയബുദ്ധിക"ളായ കലാനിർമ്മാണകരാകട്ടെ, തങ്ങളുടെ തലതൊട്ടപ്പന്മാരായ നിരൂപകന്മാരുടെ നിർദ്ദേശങ്ങളെ വാശിയോടുകൂടിത്തന്നെ അനുവർത്തിച്ചുപോരുകയുംചെയ്യുന്നു. കലയ്ക്കു് ഒരു ഉദ്ദേശ്യമുണ്ടാവുന്നതിലുംഉള്ളടക്കം വിപ്ലവപരമാവുന്നതിനും ആർക്കുമില്ല അഭിപ്രായവ്യത്യാസം. പക്ഷെ, കല കലയല്ലാതായിത്തീർന്നാലുണ്ടല്ലോ, അനുവാചകൻെറ ഉള്ളിനെ എങ്ങനെയാണു് അതു് ഇണക്കുകയും ഇളക്കുകയുംചെയ്യുക? വിപ്ലവപരമായ ഉള്ളടക്കം കലയെ കൊലമരത്തിലേറ്റാൻ തുടങ്ങിയാൽ?. സാഹിത്യത്തിനു് രണ്ടു ചുമതലകളുണ്ടു്. ജീവിതത്തോടു് സത്യസന്ധമായ ആഭിമുഖ്യം പുലർത്തണം ആ ആഭിമുഖ്യം പുലർത്തേണ്ടതു് കലയായിത്തന്നെ നിന്നുകൊണ്ടാണു് താനും.

കലയുടെ മാർഗ്ഗം അനുഭവപ്പെടുത്തലാണു്; കലയുടെ ലക്ഷ്യം അനുവാചകൻെറ ഹൃദയത്തിൻെറ അഗാധതലങ്ങളെ സ്പർശിക്കുകയുമാണു്. മനുഷ്യൻ ബുദ്ധിപരമായി ഉയർച്ചയുടെ പരമോച്ചപദവിയിലെത്തിച്ചേർന്നിട്ടുണ്ടു്. ഇനിയും പുതിയ പുതിയ ചക്രവാളങ്ങളെത്തേടി അവൻെറ ദൃഷ്ടികൾ അപാരതയെ ഭേദിച്ചുപായുകയാണു്. പക്ഷേ, മനുഷ്യൻെറ ഹൃദയം തദനുസരണമായി വികസിച്ചിട്ടുണ്ടോ, വളർന്നിട്ടുണ്ടോ? മനുഷ്യത്വം അവനൊരു വകയല്ല സഹകരണവാസനയും വിശാലവീക്ഷണവുമൊക്കെ കമ്മിയാണു്. ഈ ഹൃദയച്ചുരുക്കവും ബുദ്ധിവികാസവും തമ്മിലുള്ള വിടവു് അഗാധവും അപാരവുമത്രേ. സാഹിത്യത്തിലും ഈ വിടവു് അനാശാസ്യമായ ഫലങ്ങളുളവാക്കുന്നു.

അനുഭവപ്പെടുത്തലാണു് കലയുടെ മാർഗ്ഗം എന്നു പറഞ്ഞല്ലോ. അനുഭവപ്പെടാത്തതിനെ എങ്ങിനെയാണു് അനുഭവപ്പെടുത്തുക? അനുഭവങ്ങളുടെ ദാരിദ്ര്യവും, അനുഭവങ്ങളിൽനിന്നു് ആരോഗ്യകരമായ ഒരു ജീവിതവീക്ഷണം മെനഞ്ഞു രൂപപ്പെടുത്താനുള്ള കഴിവുകേടും മിക്കവാറും എല്ലാ സാഹിത്യകാരന്മാർക്കുമുണ്ടു്. ജീവിതവാസനയുടെ താഴ്ത്തടിയിൽനിന്നു് തെഴുത്തുവരുന്ന ഒരു സാംസ്കാരികപ്രവർത്തനമായി സാഹിത്യത്തെ കണക്കാക്കുന്നവരും വളരെ വിരളമാണെന്നു പറയേണ്ടിയിരിക്കുന്നു.

മിക്കവാറും മറ്റെല്ലാ സാഹിത്യപ്രവർത്തകരെയുമെന്നപോലെ ഈ ദോഷം "തീത്തൈല"കർത്താവായ ഒളപ്പമണ്ണയേയും കലശലായി ബാധിച്ചിരിക്കുന്നു വളരെ പുരോഗമനപരമായൊരു ഇതിവൃത്തം; പക്ഷേ ആ ഇതിവൃത്തം. ചർവ്വിതചർവ്വണം ചെയ്യപ്പെട്ട ചില പതിവുസംഭവങ്ങളെ കൂട്ടിക്കെട്ടിയിണക്കി തയ്യാറാക്കിയതാണു്. അനുഭവപ്പെടുത്തലുണ്ടല്ലോ—അതു് കണികാണാനില്ലതാനും. ഏതാനും നിമിഷങ്ങൾക്കുള്ളിൽ ഈ പുസ്തകം വായിച്ച കാര്യംമ നാം മറന്നുപോകുന്നു.

വിശദാംശങ്ങളിലേയ്ക്കു കടന്നാൽ ഒളപ്പമണ്ണ നമ്പൂതിരിക്കവികൾക്കു പൊതുവേയുള്ള പാരമ്പര്യത്തെ അങ്ങവിടെ വ്യതിചലിക്കാതെ പരിരക്ഷിച്ചുപോരുന്നതായിക്കാണാം. പ്രേമം അവർക്കു് തുടിപ്പിയന്ന പച്ച മനുഷ്യൻെറ ഭോഗവാസനാധിഷ്ഠിതമായ ഹൃദയവികാരമല്ല, കാമുറിയ കാമം മാത്രമാണു്. പെണ്ണിനെക്കിട്ടിയാൽ അംഗപ്രത്യംഗം വർണ്ണിക്കാതെ വിട്ടുകളയുന്നതു് പാപമാണെന്നത്രേ അവരുടെ സിദ്ധാന്തം. അംഗപ്രത്യംഗവർണ്ണന വായിക്കുന്ന നമുക്കു് അവൾ ഒരു മരപ്പാവയായിത്തോന്നുന്നതല്ലാതെ മനുഷ്യസ്ത്രീയായി കാണാൻ പറ്റില്ല. ആ മരപ്പാവ ഒരു വിഷയോപകരണം കൂടിയായിരിക്കും എന്നൊരു വ്യത്യാസം മാത്രം. പ്രത്യേകിച്ചു യാതൊരു വിശേഷകല്പനകളുമില്ലാത്ത പ്രതീതി വിശേഷം നൽകാത്ത ചില ക്ലാസിക് അലങ്കാരങ്ങളെ കയറിട്ടു കെട്ടിവലിച്ചുകൊണ്ടുവന്നു് അവിടവിടെ നാട്ടിയിട്ടുമുണ്ടു്.

ഇതൊക്കെ വായിച്ചുകഴിഞ്ഞു്, മൂക്കത്തു കൈവിരൽവച്ചു് നാമാലോചിക്കും—വിലപ്പിടിപ്പുള്ള എത്ര സമയമാണു് ഈ കവി വൃഥാവ്യയം ചെയ്തുകളഞ്ഞതു്? എന്തിനുവേണ്ടിയാണു് ആർക്കുവേണ്ടിയാണു്, ഈ ഇരുകാലികൾ കെട്ടിച്ചമച്ചു് അനുവാചകൻെറ മുഖത്തേയ്ക്കു വലിച്ചെറിയുന്നതു്? ഇതു് ഗദ്യത്തിലെഴുതാതെ പദ്യത്തിലെഴുതിയതിനു് എന്താണു പ്രസക്തി? ഒരുപക്ഷേ, ഗദ്യകഥയായി കട്ടെഴുതിയിരുന്നെങ്കിൽ ഇതേ ഇതിവൃത്തം ഇതിലുമധികം നമ്മെ സ്പർശിക്കുമായിരുന്നില്ലേ?—ചിന്ത ഈ പതനത്തിലെത്തുമ്പോൾ നാമൊന്നു പൊട്ടിച്ചിരിച്ചുപോകും.

അല്ലേ, എങ്ങനെയാണു് ചിരിക്കാതിരിക്കുക?

കളവങ്കോടം ബാലകൃഷ്ണൻ.

## ഗോപീവിലാസം

[എം. എൻ. ഗോവിന്ദൻനായർ N. B. S. കോട്ടയം. പേജ് 144. വില 1-4-0]

27 ഹാസ്യലേഖനങ്ങളുടെ ഒരു സമാഹരണമാണു് 'ഗോപീവിലാസം' N. B. S. ൻെറ പ്രസിദ്ധീകരണങ്ങളിൽ പലതും ക്യാററ്ലാഗിൽ എണ്ണംകൂട്ടുവാനുള്ള ഒരു യത്നത്തിൻെറ ശ്രമമാണെന്നു് ഈ ഗ്രന്ഥം വിളിച്ചുപറയുന്നു. ഒരു ഹാസ്യലേഖകൻ പത്രങ്ങളിൽ അടിച്ചുവിടാറുള്ള എല്ലാ ചവറുകളും ഒന്നുപോലെ മെച്ചപ്പെട്ട ഫലിത ലേഖനങ്ങളായിരിക്കയില്ലെന്നുള്ളതു് ഒരുപക്ഷേ ലേഖകൻ തന്നെ സമ്മതിക്കുന്ന കാര്യമായിരിക്കും. അങ്ങനെ ഇരിക്കേ ഇതെല്ലാംകൂടെ കൂട്ടിച്ചേർത്തു് ഒരു പുസ്തകമാക്കി അതിനു് ഒന്നേകാൽരൂപാ വിലയുമിട്ടു് അച്ചടിച്ചുവിടുന്നതു് വായനക്കാരെ സഹായിക്കാനല്ല; പ്രസിദ്ധീകരണശാലയ്ക്കു് പണമുണ്ടാക്കുവാനുള്ള ഒരു എളുപ്പവഴിയായേ ഞങ്ങൾക്കു കാണ്മാൻ കഴിയുന്നുള്ളു. ഈ ഗ്രന്ഥത്തിലെ അപൂർവ്വം ചില ലേഖനങ്ങൾ (ഉദാ: കാന്തിയിൻകരെ, ഒരു പ്രസ്സ്കോൺഫറൻസ്സ്, ഞാൻ പറഞ്ഞില്ല, സാംബിൾ മലയാളം ഒഴിച്ചാൽ ബാക്കിയെല്ലാംതന്നെ തലക്കുത്തുണ്ടാക്കുന്നതും. തികഞ്ഞ ഭാരമാണു്, ഈ ഗ്രന്ഥത്തിനു തന്നെ "തലക്കുത്തു്" എന്നു പേരിട്ടിരുന്നെങ്കിൽ അതു് അർത്ഥവത്തായിരുന്നേനെ. ഇതിനെ സംബന്ധിച്ചു് ഒന്നു ഞങ്ങൾക്കുപറയുവാനുള്ളതു്, തൂലികാകാരനോടല്ല; നേരമറിച്ചു് പ്രസാധകന്മാരോടാണു് നിങ്ങൾ സാഹിത്യത്തിൻെറ പേരിൽ തോന്നുന്നതു് ചെയ്തുകൊള്ളുക; മനുഷ്യനെ മരിക്കാതിരിക്കാൻ സഹായിക്കുന്ന ഫലിതത്തിൻെറ പേരിൽ ഇതു് ചെയ്യരുതെന്നു്മാത്രമാണു്.

## മണൽത്തരികൾ

[ജോസഫ് ജെ. ചാലങ്ങാടി അരുണാബുക്ക്സ്റ്റാൾ ആലപ്പുഴ. പേജ 132 വില രൂപാ 1.]

അനാകർഷണീയമല്ലാത്ത ഒരു കവർ ചിത്രത്തിൻെറ മോടിപിടിപ്പിക്കലോടും ഗ്രന്ഥകാരൻെറ തന്നെ ഒരു ഛായാചിത്രത്തോടും, 'വയലാർ പാടുന്ന'തും കൂടെ ചേർത്തിണക്കിക്കൊണ്ടാണു് "മണൽത്തരികൾ" പുറത്തു് വന്നിരിക്കുന്നതു്. ഈ ഗ്രന്ഥത്തിലെ ഇതിവൃത്തം വിസ്തരഭയം ഓർത്തു് ഇവിടെ കുറിക്കാൻ ഞങ്ങൾ ഉദ്ദേശിക്കുന്നില്ല വളരെ ചുരുക്കി ഗ്രന്ഥകാരൻെറ ഭാഷയിൽ "കരപ്പുറത്തിൻെറ ചോരചാറിയ അനേകം കഥകളിൽ ഒന്നാ"ണെന്നു് പറയാം. ഗ്രന്ഥകാരൻ തൻെറ 'ഈ പ്രഥമ' ഉദ്യമത്തിൽ

വിജയിച്ചിട്ടുണ്ടെന്നു് പറയുവാൻ നിർവ്വാഹമില്ല. കാരണം ഗ്രന്ഥകർത്താവിന്റെ തന്റെ കൺമുമ്പിൽ കണ്ട കഥ അനുവാചകർക്ക് പകർത്തിക്കൊടുക്കുവാനുള്ളതിനെക്കാൾ താല്പര്യം അദ്ദേഹത്തിന് ഏതോ ഒക്കെ പറയുവാനുള്ളതു് വായനക്കാരെ അറിയിക്കുവാനാണ്. എന്നാൽ അതിലെങ്കിലും പ്രബന്ധകാരൻ വിജയിച്ചിട്ടുണ്ടോ എന്നു് ചോദിച്ചാൽ, അതിൽ അദ്ദേഹം തന്റെ ആദ്യപരിശ്രമത്തിൽ പരാജയമടഞ്ഞിരിക്കുന്നതിനെക്കാൾ ഭയനീയമായിട്ട് തോററിരിക്കുന്നു എന്നാണ് പറയുവാൻ കഴിയുക. ഇങ്ങിനെ പൊതുവിൽ ഈ പുസ്തകത്തെ സംബന്ധിച്ച് പറയുവാനുള്ളതു് ഗ്രന്ഥം ഒരു പരാജയമാണെന്നു മാത്രമാണ്. ഞങ്ങൾ അഭിപ്രായം ഇത്രയും വെട്ടിത്തുറന്നു പറയുന്നതു വളരുന്ന ഗ്രന്ഥകാരന്മാരെ നിരുത്സാഹപ്പെടുത്തുവാനോ അവരെ തങ്ങളുടെ ശ്രമങ്ങളിൽനിന്നു് വിരമിപ്പിക്കാനോ അല്ല പ്രത്യുത അവരെ കർമ്മോന്മുഖന്മാരും ധീരന്മാരും ആക്കുവാനാണ്. ഈ ഗ്രന്ഥനിരൂപണം തന്നെ അല്പംകൂടി മയപ്പെടുത്തി ഗ്രന്ഥകാരനെ ഒന്നു തട്ടി തലോടിവിടാൻ ഞങ്ങൾക്ക് സാധ്യമായിരുന്നു. ഉദാഹരണത്തിന് ഗ്രന്ഥകാരന്റെ പദപ്രയോഗത്തിന്റെ ചാതുരിയെപ്പററിയും 'സുന്ദരമായ ഭാഷാശൈലിയെപ്പററിയും പറഞ്ഞ്, പതുങ്ങിനിന്നുകൊണ്ടു് കുത്തുക. അത്തരം വിമർശനങ്ങൾ ഗുണത്തെക്കാൾ ദോഷമാണ് ഫലത്തിൽചെയ്യുക എന്നു് അനുഭവത്തിൽ അറിഞ്ഞുകൊണ്ടാണ് ഇപ്രകാരം തന്നെ എഴുതിയതു്.

ഗ്രന്ഥകാരൻ ഇനിയുള്ള തന്റെ സംരംഭങ്ങളിലെങ്കിലും താൻ കൈകാര്യംചെയ്യാൻ ഉദ്ദേശിക്കുന്ന കേന്ദ്രപ്രമേയത്തിൽ ശ്രദ്ധമുഴുക്കെച്ചെലുത്തി രൂപത്തിൽ വളരെ ശ്രദ്ധിച്ചില്ലെങ്കിലും അതിനെ നിശ്ശേഷം വിട്ടുകളയാതെ അതിനു തത്തുല്യമായ പ്രാധാന്യം നൽകി പുസ്തകരചന നടത്തുമെന്നു് വിശ്വസിക്കുന്നു

### പരിഹാരം

[എൻ. ബാലകൃഷ്ണൻനായർ, പേജ് 94. വില രൂപാ 1] കമലാലയ ബുക്കുഡിപ്പോ]

പ്രശസ്തനായ ഒരു ജീവിത ചരിത്രകാരൻ എന്ന നിലയിൽ കൈരളിക്ക് സുപരിചിതനായ ഒരു ഗ്രന്ഥകാരനാണ് ശ്രീമാൻ ബാലകൃഷ്ണൻനായർ. അദ്ദേഹത്തിന്റെ പല കൃതികളും ഇന്നു് ജനതാമദ്ധ്യത്തിലുണ്ടു്. ആ നിലയ്ക്കു് അദ്ദേഹത്തെ "പരിഹാരം" എന്ന നാടകത്തിലൂടെ വായനക്കാരെ പരിചയപ്പെടുത്തണമെന്നു് ഞാൻ വിചാരിക്കുന്നില്ല. "പരിഹാരം" മഹത്തായ രണ്ടു് സാമൂഹ്യപ്രശ്നങ്ങളെ—പ്രേമം, അദ്ധ്വാനം—കൈകാര്യം ചെയ്യുന്ന ഒരു സാമൂഹ്യനാടകമാണ് ഈ കൃതി ഒരു നാടകം എന്ന നിലയിൽ, എത്രത്തോളം വിജയിച്ചിട്ടുണ്ടെന്ന കാര്യം ഒരു നാടകവേദിയിൽവച്ച് മാത്രമേ പറയാൻ സാധിക്കുകയുള്ളു ഒരു നാടകം, അതിന്റെ എല്ലാ നാടകാംശങ്ങളോടുംകൂടെ വിജയിച്ചിട്ടുണ്ടോ എന്ന കാര്യം ഒരു അനുവാചകനു്-തിട്ടപ്പറയുവാൻ സാധിക്കുമെന്നു് വല്ലവരും കരുതുന്നുണ്ടെങ്കിൽ അതു് ഒരു പരമാബദ്ധം ആയിരിക്കുമെന്നാണ് ഈ ലേഖകന്റെ സുചിന്തിതമായ അഭിപ്രായം. അതുകൊണ്ടു് ആ വശത്തേക്കു ഞാൻ കടക്കാൻ ഉദ്ദേശിക്കുന്നില്ല.

അഞ്ചു് അങ്കങ്ങളുമാണ് ഈ നാടകത്തിനുള്ളതു്. ഇതിന്റെ കഥാനായകൻ ഒരു സമൂഹ്യപ്രവർത്തകനായ ഗോപാലകൃഷ്ണൻനായരാണ്. അദ്ദേഹം ചില സമൂഹ്യ അനീതികൾ കണ്ടു് സാമൂഹ്യസേവനത്തിന് ഇറങ്ങുന്നതും അതിൽ വിജയംവരിച്ച് ഒരു പൊതുസ്ഥാപനം സേവനോൽസുകർക്കു വേണ്ടി സ്ഥാപിക്കുന്നതുമാണ് കഥാവൃത്തം. വായനയ്ക്കു് പുസ്തകം വളരെ രുചികരമായിത്തന്നെ ഇരിക്കുന്നു, അതേ ഗുണം അഭിനയത്തിനും ലഭിക്കുമെങ്കിൽ ഈ നാടകം ഒരു വിജയമായി ഗ്രന്ഥകാരനു് കണക്കാക്കാം.

പി. കെ. എൻ.



# മരിച്ച കാമിനി

[മോപ്പസാങ്ങ്]

ഞാനവളെ സ്നേഹിച്ചു. എങ്ങനെ? എന്തിനു ? അതൊന്നും എനിക്കറിഞ്ഞുകൂടാ. ആ സ്നേഹത്തിനു വല്ലാത്ത ഒരു പ്രത്യേകതയുണ്ടു് ലോകം മുഴുവൻ തിരഞ്ഞാലും ഇത്തരമൊരു സ്നേഹം ആരും കണ്ടെത്തിയെന്നുവരില്ല.

ഒരാളുടെ ഹൃദയത്തിൽ എപ്പോഴും ഒരൊററ സ്ത്രീയുടെ ഓർമ്മമാത്രം! ഒരാളുടെ അധരത്തിൽ എപ്പോഴും ഒരൊററ സ്ത്രീയുടെ നാമധേയം മാത്രം! അതു സംഭാവ്യമാണോ അതേ എന്നു ഞാൻ തെളിയിച്ചു.

എനിക്കു പറയാനധികമൊന്നുമില്ല കാരണം പ്രേമത്തിനു കഥകൾ വളരെയില്ല ഒരേ ഒന്നുമാത്രം

ഞാനവളെക്കണ്ടുമുട്ടി, പ്രേമിച്ചു. മതി ആ വാചകം മറെറല്ലാം നിങ്ങളോടു പറയും

ഒരൊററക്കൊല്ലം മുഴുവൻ അവളെനിയ്ക്കുവേണ്ടി മാത്രം—അഥവാ ഞാനവൾക്കുവേണ്ടിമാത്രം ജീവിച്ചു

ഒരു കൊല്ലം.............

അവളുടെ സ്നേഹത്തിൽ—അവളുടെ കൈകളിൽ—അവളുടെ ശ്രദ്ധയിൽ—അവളുടെ നോട്ടത്തിൽ—അവളുടെ പട്ടുസാരികളിൽ—അവളുടെ മധുര വാക്കുകളിൽ-പരസ്പരം ചുററിപ്പൊതിഞ്ഞു്- കെട്ടിപ്പുണർന്നു്- കെട്ടുപിണഞ്ഞു്-ഇറുകിച്ചേർന്നു് അവളുടെ ശരീരത്തിന്റെ ഒരു ഭാഗംപോലെ ഞാൻ ജീവിച്ചു

ഒരു കൊല്ലം.........

പകലും രാവും തിരിച്ചറിയാതെ—മരിച്ചോ ജീവിയ്ക്കുന്നോ എന്നു മനസ്സിലാക്കാതെ—പഴയ ഈ മണ്ണിലാണോ അതോ മററ വല്ലലോകത്തിലുമാണോ എന്നു ശ്രദ്ധിക്കാതെ ഞാൻ ജീവിച്ചു

ഒരു കൊല്ലം.......

എന്നിട്ടോ? അതു കഴിഞ്ഞോ?....

അവൾ മരിച്ചു എങ്ങനെ? എനിയ്ക്കറിഞ്ഞുകൂടാ. എന്തു രോഗമായിരുന്നു? ഒന്നും ഓർമ്മയില്ല

അന്നവൾ എന്തു നനഞ്ഞാണു കേറിവന്നതു് നല്ല മഴയുള്ള ഒരു സന്ധ്യയിൽ. അവളുടെ വസ്ത്രങ്ങൾ വരാൻപോകുന്ന വിപത്തിനെയോർത്തു് കണ്ണീരൊഴുക്കുന്നതുപോലെ തോന്നി.

പിറേറദിവസം അവൾ കുരച്ചുമച്ചു. ഒരാഴ്ചത്തേക്കു് ആ ചുമ നിറത്തിയില്ല പിന്നെ കിടക്കയിലേക്കു വീഴുകയും.

എന്തുപററി അവൾക്കു്. ഒന്നും എനിയ്ക്കിപ്പോൾ അറിഞ്ഞുകൂടാ.

ഡാക്ടറന്മാർ വന്നു; കുറിപ്പടികൾ എഴുതി; പോയി. മേശയിൽ കുപ്പികൾ നിറഞ്ഞു. ഞാൻ ചുംബിച്ച ചുണ്ടുകളിലൂടെ കൂടെക്കൂടെ അവൾ കയ്പുള്ള ദ്രാവകങ്ങൾ കുടിച്ചിറക്കി.

അവളുടെ കൈ—നെററി—നെഞ്ചു് എല്ലാം പൊള്ളുന്നുണ്ടായിരുന്നു ആ കണ്ണുകളുടെ തെളിച്ചത്തിൽ ഒരു പരാധബോധം നിഴൽ വീശിയിരുന്നതു ഞാൻ കണ്ടു പക്ഷേ അന്നതു വ്യാഖ്യാനിക്കുന്ന കാര്യത്തിൽ ഞാൻ വിജയിച്ചില്ല

ഞങ്ങൾ സംസാരിച്ചു. എന്തിനെപ്പററി? അതെനിക്കോർമ്മയില്ല. എല്ലാം മറന്നു. എല്ലാം....എല്ലാം....

പക്ഷേ ഒന്നോർമ്മിക്കുന്നു. അവളുടെ ഒടുക്കത്തെ ആ തളർന്ന ശ്വാസം മാത്രം. "അയ്യോ!" നഴ്സു പൊട്ടിക്കരഞ്ഞു എനിക്കു മനസ്സിലായി.... എനിക്കു മനസ്സിലായി............

പുരോഹിതന്മാർ വന്നു പ്രാർത്ഥനകൾ നടന്നു ചിലർ എന്റെ ഓമനയെ വെളിച്ചംകേറാത്ത ഒരു പെട്ടിയിലാക്കി അടയ്ക്കുന്നു! ശപ്പന്മാർ! അവരെ കൊല്ലാൻ മനസ്സുണ്ടായിരുന്നു എനിക്കപ്പോൾ. എന്റെ ഓമനയെത്തൊടാൻ അവർക്കെന്തവകാശം?

ഓ, ദൈവമേ! ഒടുവിൽ........ഒടുവിൽ........ആ പെട്ടിയിൽ മൂർച്ചയുള്ള ആണികൾ തറച്ചു. അതെല്ലാമേററതോ അവൾ അന്ത്യവിശ്രമംകൊള്ളുന്ന എന്റെ ഹൃദയത്തിന്റെ ശവപ്പെട്ടിയിലും!

പള്ളിപ്പറമ്പിലെ പച്ചമണ്ണിൽ തോണ്ടിയ ഈർപ്പമുള്ള കുഴി ആ മാംസഭക്ഷണം തിന്നാൻ വേണ്ടി തുറന്ന മണ്ണിന്റെ ഉമിനീരൂറിയ വാ പോലെ തോന്നി രുചിയുള്ള ആ ഭക്ഷണം ഉള്ളിലാക്കിയിട്ടു് ഭൂമി വായടച്ചു

കരിടത്തു് ഒരു നിമിഷം തികച്ചു നിൽക്കാൻ എനിയ്ക്കു വയ്യാ. ഞാൻ വെളിയിലേക്കോടി തെരുവുതോറും അലഞ്ഞു.

പിന്നെ ഞാൻ വീട്ടിലെത്തി അന്തിമയങ്ങിയ നേരത്തു്.

എന്റെ—അല്ല ഞങ്ങളുടെ കിട

വിവ: മാവേലിക്കര അച്യുതൻ

Tel: Ceeyenyes. Phone 276

**SOMSONS & CO.,**

IMPORTERS & EXPORTERS,
Post Box No. 84
792 Main Road — QUILON.

*—We supply—*

**Raleigh, Humber, Hercules:**
**Philips, Dayton, Rudge, Humber,**
**B. S. A & Hind Cycles**
**and Accessoriecs**
and
**Electrica, Photographic &**
**Sports Goods,**
**at attractive terms and rates**

*Ask for* India Super "**RED RING**" Cycle Tyres

പ്പുമറി വിരിച്ചിട്ടിരിയ്ക്കുന്ന ശയ്യ— അവളുടെ വസ്ത്രങ്ങൾ എല്ലാമുണ്ടവിടെ പഴയ രീതിയിൽ. പക്ഷേ അവൾ മാത്രമില്ല എന്റെ ഭവനത്തിന്റെ റാണി—ഹൃദയത്തിന്റെ ദേവി; അവൾക്കെന്നെന്നെ പോകാൻ കഴിഞ്ഞു.

അവളുടെ ഉച്ഛ്വാസമേററ ആ ഭിത്തിയിൽ—ഞങ്ങളുടെ ഒന്നിച്ചുചേർന്ന നിഴലുകൾ പററിപ്പതിഞ്ഞിട്ടുള്ള ആ ഭിത്തിയിൽ എനിയ്ക്കു നോക്കാൻ വയ്യാ. ആ മുറി മുഴുവൻ അവളുടെ അവയവങ്ങളെ തഴുകിപ്പുണർന്ന പരമാണുക്കളാണു്. അവ എന്റെ ദേഹത്തു് മുള്ളുകൾപോലെ വന്നുകൊള്ളുന്നു.

ആ ചുമരിനടുത്തു് അവൾ നിത്യവുമുപയോഗിയ്ക്കാറുള്ള നിലക്കണ്ണാടി! അവളുടെ കാർകൂന്തൽ മുതൽ കാൽനഖംവരെ അതിൽ അനുദിനം പ്രതിഫലിച്ചിരുന്നു. അവളുടെ സൗന്ദര്യത്തിന്റെ പരസ്യപ്പലകയായിരുന്നു അതു്. അതിലെ സുന്ദരചിത്രം ആരാണു മാച്ചതു്. ഇനി അതു തെളിയുകയില്ലേ?

എത്രയായിരം തവണ അവളതിൽ പ്രതിബിംബിച്ചിട്ടുണ്ടു്. എത്രയായിരം തവണ! അവൾ നഷ്ടമായതിൽ അതിനൊരു കുലുക്കവുമില്ല. എപ്പോഴും അവളുടെ ഒരു പ്രതിരൂപം ഉള്ളിൽ സൂക്ഷിയ്ക്കാതിരിയ്ക്കാൻ അതിനെങ്ങനെ കഴിയുന്നു. ശൂന്യമായ കണ്ണാടി ഞാനതിൽ തൊട്ടുനോക്കി, നല്ല തണുപ്പു്. അവളുടെ കുളുർമ്മയുള്ള അംഗങ്ങളിൽ തൊടുന്നപോലെ.

ആ കണ്ണാടിപോലെ ഹൃദയമുള്ളവർ എന്തുമാത്രം പുണ്യം ചെയ്തവർ. ഇഷ്ടപ്പെടുന്നവർ അകലുമ്പോൾ അവരെപ്പററിയുള്ള എല്ലാം തന്നെ ഉള്ളിൽ നിന്നകലണം. പക്ഷേ എനിയ്ക്കതു സാധിയ്ക്കുന്നില്ല. എന്റെ ഹൃദയം പിച്ചിക്കീറി തുണ്ടുതുണ്ടാക്കിയാലും അവളെപ്പററിയുള്ള ഓർമ്മ അതിൽ പററിച്ചേർന്നിരിയ്ക്കും.

ഹോ! ഞാനെന്തുമാത്രം വേദനതിന്നുന്നു.

ഞാൻ പുറത്തേക്കോടി; ചെന്നുനിന്നതു പള്ളിപ്പറമ്പിലാണു്. അവളുടെ വിശ്രമസ്ഥാനം ഞാൻ തിരിച്ചറിഞ്ഞു.

അവളുടെ മനോഹരമായ കുടീരത്തിൽ ഇങ്ങനെ എഴുതിയിട്ടുണ്ടു്.

"അവൾ സ്നേഹിച്ചു, സ്നേഹിക്കപ്പെട്ടു, മരിച്ചു."

അവളവിടെയുണ്ടു്. ആ മണ്ണിനകത്തു്. ആ സൗന്ദര്യസമ്പത്തിന്റെ ഇപ്പോഴത്തെ നില എന്തായിരിക്കും? അവളുടെ സ്നേഹത്തിനെന്തു വില?

സ്നേഹവും സൗന്ദര്യവും! സങ്കല്പത്തിന്റെ കല്പകവല്ലിയിൽ ഉല്ലസിച്ചു ഇല്ലായ്മയിലേയ്ക്കടർന്നുവീണടിയുന്ന രണ്ടാകാശപുഷ്പങ്ങൾ! അല്ലാതെന്തു്?

എങ്കിലും ഇന്നും അവളെനിക്കു പ്രിയതരയാണു്. ആ രാത്രി മുഴുവൻ അവളോടൊത്തു കഴിയുവാൻ എനിക്കാശയായി. കാമിയായ ഞാൻ എന്റെ കാമിനിയുടെ സ. ങ്കത്തിൽ! അവളോ, നീണ്ട ഉറക്കവും.

'തങ്കം' ഞാനെത്രനേരമായി വന്നു കാത്തുനിൽക്കുന്നു. നീയൊന്നുണരില്ലേ? എന്റെ കരൾത്തടം നെടുവീർപ്പുകളുടെ നേർത്ത പട്ടുനൂലിൽ സ്പന്ദനകുസുമങ്ങൾ ചേർത്തു മാല കോർക്കുന്ന കഥ ഒരുപക്ഷേ ഓമന അറിഞ്ഞില്ലെന്നു വരുമോ?

അവൾ നിർബോധം—നിർബോധം—സസുഖം ആ പള്ളിപ്പറമ്പിൽ കിടന്നു പള്ളിയുറക്കം കൊള്ളുകയാണു്. ഉണരാൻ വളരെ വൈകിയേക്കും. അപ്പോഴേക്കു് അവിടം ഒന്നു ചുററിക്കറങ്ങിക്കണ്ടാലോ?

ഞാൻ നടന്നു. മരിച്ച മനുഷ്യരുടെ പുറത്തു ചവിട്ടിച്ചവിട്ടി എത്ര ആത്മാക്കൾ അവിടെ വിശ്രമം കൊള്ളുന്നു—അഥവാ വീർപ്പുമുട്ടുന്നു. മണ്ണു തന്ന ജീവിതങ്ങൾ അതുതന്നെ തിരിച്ചെടുക്കുന്നു. ആ വലിയ ഫാക്ടറിയിൽ കരുപ്പിടിപ്പിയ്ക്കപ്പെട്ട ജീവിതങ്ങൾ അവിടെത്തന്നെ തകർന്നുചേരുന്നു. വീണ്ടും വാർത്തെടുക്കുന്നു.

ഹോ! മണ്ണിന്റെ ഈ വല്ലാത്ത ലീല എന്നവസാനിയ്ക്കും? ശതവത്സരങ്ങൾ എത്ര കഴിഞ്ഞു. എന്നിട്ടും മണ്ണിന്റെ കൈകൾക്കു വിശ്രമമില്ല.

എത്ര ശവകുടീരങ്ങളുണ്ടവിടെ? ആഭിജാത്യത്തിലും അയിത്തത്തിലും വിശ്വസിച്ചിരുന്ന വലിയവർ അതാ ചെറിയവരോടൊത്തു് ഒരേ കിടക്കയിൽ ശയിയ്ക്കുന്നു. മരണം! എത്ര വലിപ്പച്ചെറുപ്പങ്ങളെ അതു് നിത്യവും തട്ടി നിരത്തിക്കൊണ്ടിരിയ്ക്കുന്നു.

പഴകി ജീർണ്ണിച്ചടിഞ്ഞ കുടീരങ്ങളുടെ മേൽ വീണ്ടും പുതിയ കുടീരങ്ങൾ ഉയരുന്നു, ജീർണ്ണിച്ചടിയുമ്പോൾ അവയുടെ പുറത്തും പുതിയവ സ്ഥാനം പിടിയ്ക്കുന്നു. എന്നും പുതിയ പുതിയ കുടീരങ്ങൾ! പക്ഷേ അകത്തും പുറത്തും പഴയതിന്റെ അവയവങ്ങൾ തന്നെ.

എല്ലായിടത്തും കാട്ടുറോസകൾ കാടുപിടിച്ചുകിടക്കുന്നു. എന്തൊരു ഉഗ്രസുഗന്ധമാണവയുടെ പൂക്കൾക്കു്. മനുഷ്യമാംസമല്ലേ അവയുടെ ഭക്ഷണം. വല്ല ഉദ്യാനത്തിലുമായിരുന്നെങ്കിൽ അവയ്ക്കു് എന്തു ബഹുമതി കിട്ടിയേനേ.

മനുഷ്യരെത്തിന്നു ചെടികൾ വളരുന്നു. ചെടികളെത്തിന്നു മനുഷ്യരും. ഈ പരസ്പരമുള്ള ഭക്ഷണമാണു ജീവിതത്തെ നിലനിർത്തുന്നതു്.

കൂററാക്കൂരിരുട്ടു്! ചില കനത്ത എല്ലുകൾ കാൽതട്ടിക്കിലുങ്ങുന്നു. മരിച്ച ജീവിതങ്ങളുടെ കരച്ചിൽപോലെ.

നിലാവിന്റെ നിഴൽപോലുമില്ല. വല്ലാത്ത രാത്രി രണ്ടു നിരയിലും ശവകുടീരങ്ങൾ. ഇടയ്ക്കുള്ള ഒററയടിപ്പാതയിലൂടെയാണു ഞാൻ നടക്കുന്നതു്. കുടീരങ്ങൾ—കുടീരങ്ങൾ— എങ്ങും കുടീരങ്ങൾ—ഇടത്തു്, വലത്തു്, മുമ്പിൽ പുറകിൽ, ചുററും—എല്ലാം കുടീരങ്ങൾ തന്നെ

കൈകൊണ്ടു തപ്പി ചില കല്ലറകളിലെ ലിഖിതങ്ങൾ ഞാൻ വായിച്ചു എല്ലാം ആ മണ്ണടിഞ്ഞ മാന്യന്മാരുടെ നേട്ടങ്ങൾ മാത്രം. അപ്പോൾ അവരൊരു കുറവും ചെയ്തിരിക്കയില്ലേ?

എനിക്കു നടക്കാൻ വയ്യാ! കാലിനു വല്ലാത്ത കുഴപ്പു്! ഒരു കുടീരത്തിന്റെ തറയിൽ ഞാൻ തറഞ്ഞിരുന്നു. എന്റെ ഹൃദയത്തുടിപ്പുകൾക്കു് ഇത്ര ശബ്ദമോ? അതുകേട്ടു് എനിക്കു പേടി വന്നു നെഞ്ചത്തു ഞാനമർത്തിപ്പിടിച്ചു. ആ ശബ്ദങ്ങൾ കുറയുന്നില്ല

മാത്രമല്ല, മറെറാരു ശബ്ദവും! വ്യക്തമായ ഒരു മുഴക്കം. എന്താണതു്? പേടിച്ചു കിടിലംകൊണ്ട എന്റെ ഹൃദയത്തിന്റെ ശബ്ദമാണോ? തീർച്ചയായുമല്ല. വെളിയിൽ നിന്നാണതു കേൾക്കുന്നതു്. ഇരുളിന്റെ ഭീകരതയിൽനിന്നു്—മണ്ണിന്റെ അഗാധതയിൽനിന്നു്. ഒരു പക്ഷേ ശവങ്ങൾക്കും ശബ്ദിക്കാൻ കഴിയുമായിരിക്കാം

ആ മരണത്തിന്റെ മഹാസമുദ്രത്തിൽ ഞാൻ ഒരു കുമിളപോലെ കിടന്നു കറങ്ങിത്തുടങ്ങുകയാണു്. പേടി കുടിച്ചു വീർത്ത എന്റെയുടൽ എപ്പോഴാണു പൊട്ടുന്നതെന്നറിഞ്ഞുകൂടാ.

പെട്ടെന്നു്, ഞാനിരുന്ന മാർബിൾത്തട്ടു് അനങ്ങുന്നതായി, ഇളകുന്നതായി ഉയരുന്നതായി എനിയ്ക്കുതോന്നി ആരോ അതിനുള്ളിൽനിന്നു പിടിച്ചു പൊക്കുന്നതുപോലെ.

ഞാൻ അടുത്ത കുടീരത്തിന്റെ തറയിലേക്കു ചാടിക്കളഞ്ഞു. ഞാനപ്പോ

—[illegible]—

ക്ഷിച്ച കുടീരത്തിൽനിന്ന് വ്യക്തമായ നഗ്നമായ മരസ്ഥികൂടം ഉയർന്നുവന്നിരിയ്ക്കുന്നു

ആ കുടീരത്തിൽ ഇങ്ങനെയെഴുതിയിരുന്നു

"ഇവിടെ ജഗ്ഗ്രസ് കള്ളിവൻറ ശയിയ്ക്കുന്നു നല്ലവനായ — സത്യസന്ധനായ — കുടുംബസ്നേഹിയായ ആ ഭാഗ്യവാൻ അമ്പത്തെന്നാം വയസ്സിൽ കർത്താവിൽ നിദ്ര പ്രാപിച്ചു."

ആ അസ്ഥികൂടം ആ വാക്കുകൾ വായിക്കുന്നു. ജ്വലിയ്ക്കുന്ന ആ കണ്ണുകളിൽനിന്ന് തീ പാറുന്നപോലെ തോന്നി. പെട്ടെന്ന് ആ രൂപം താഴെനിന്ന് ഒരു കൂർത്ത കല്ലെടുത്ത് കോപത്തോടെ അതെല്ലാം ഉരച്ചു മാച്ചുകളഞ്ഞു.

അസ്ഥികൂടത്തിൻെറ ഓരോ ചലനങ്ങളും ഞാൻ ശ്രദ്ധിച്ചു. ഒരു കാലത്ത് മിനുസമുള്ള വിരലായിരുന്ന ആ കാഗ്രത്തിലെ പരുപരുത്ത അസ്ഥികൊണ്ടു കുറെ പുതിയ അക്ഷരങ്ങൾ അതെഴുതി. എൻെറ മേഘത്തു കളിരു കോരയിട്ട ആ 'കരകര'ശബ്ദം നിലച്ചപ്പോൾ ആ ചൂണ്ടുവിരലിൻെറ തെളുത്ത അസ്ഥി മുഴുവൻ ഉരഞ്ഞു തേഞ്ഞു കഴിഞ്ഞിരുന്നു

അവയെല്ലാമൊക്കെ വായിച്ചിട്ട് ബീഭത്സമായി പൊട്ടിച്ചിരിച്ചു.

"ഇവിടെ വെച്ച് ജാക്ക്ള സ് ഒളിവിൻറിൻെറ ശവം മണ്ണോടു ചേർന്നു അച്ഛനെ പട്ടിണിയ്ക്കിട്ടു കൊന്നു, ഭാര്യയെ മർദ്ദിച്ചു ബോധം കെടുത്തിയിരുന്നു, കുട്ടികളെ വഴിപിഴപ്പിച്ചു, ചതിയനായ, കടിയനായ, എല്ലാവരും വെറുത്ത ആ ഉഷ്ണൻ മരിച്ചതു് ലോകത്തിനൊരാശ്വാസമാണ്."

ഞാൻ ചുറ്റുപാടും നോക്കി എല്ലാ കുടീരങ്ങളുടേയും തകൾ ഇളകുന്നു. എല്ലാ പ്രേതങ്ങളും പുറത്തുവരുന്നു. എല്ലാവരും അവരുടെ ബന്ധുക്കൾ കുടീരത്തിലെഴുതിപ്പിടിപ്പിച്ച പച്ചനുണകൾ മാച്ചുകളയുന്നു. വിരലസ്ഥികൊണ്ട് ഞെട്ടിത്തെറിപ്പിക്കുന്ന സത്യങ്ങൾ എഴുതിപ്പിടിപ്പിയ്ക്കുന്നു. ആ സത്യങ്ങൾ വായിച്ചു നാമെല്ലാം ലോകം അമ്പരക്കും.

ഞാൻ വിചാരിച്ചു എൻെറ ഓമനയും കുടീരത്തിനു പുറത്തുവന്നിരിയ്ക്കുമെന്ന്. അവളുടെ ജീവിത രഹസ്യങ്ങൾ അവിടെ കുറിച്ചിട്ടു കാണുമെന്ന്

ഞാനക്കുടീരം തിരഞ്ഞോടി ഒടുവിൽ അതു കണ്ടുപിടിച്ചു.

ഒരു നീരാളത്തിൽ ഉടൽ മൂടിയിട്ടും

തീഞ്ഞ് ആ മരിച്ച സുന്ദരി അതാ എന്നെത്തന്നെ ഉററുനോക്കുന്നു ആ സ്നേഹമില്ലാത്ത തുറിച്ച നോട്ടം കണ്ടിട്ട് എനിയ്ക്കുപേടി തോന്നുന്നു ഞാനറച്ചുനിന്നുപോയി. ഓ... ധനാ യെപ്പോലെ അവൾ പേടിച്ച കിരച്ച് കുടീരത്തിനുള്ളിൽ ഒളിച്ചു.

ഹാ! ആ കുടീരത്തിൽ എഴുതിപ്പിടിപ്പിച്ചിരുന്ന പച്ച നുണ മാച്ചുകളഞ്ഞ് അവൾ ഒരു പുതിയ സത്യം എഴുതിച്ചേർത്തിരിക്കുന്നു അതു വായിച്ചു ഞാൻ സ്തബ്ധനായിപ്പോയി.

"ഭർത്താവിനെ സ്നേഹിക്കാത്ത ഒരു വഞ്ചകി ഇവിടെ മണ്ണടിഞ്ഞു സന്ധ്യയ്ക്ക് കാമുകസമാഗമം കഴിഞ്ഞു കടക്കയിൽ അവൾ നനഞ്ഞു പനി പിടിച്ചു ചുമച്ചു ചുമച്ചു മരിച്ചു"

——

ദേവിൻെറ മറുപടി വീണ്ടും

# കമ്മ്യൂണിസ്റ്റ് പാർട്ടി ആരെയും വിഴുങ്ങാനല്ല

## കേശവദേവുന്നയിച്ച ആരോപണങ്ങൾക്ക് "ആ നാട്ടിലെ സാധാരണക്കാരെക്കൊണ്ടോ സഖാക്കൾ ശ്രീകണ്ഠൻനായരെക്കൊണ്ടോ മററു സഖാക്കളെക്കൊണ്ടോ ദേവിന്ന് ഒപ്പുവയ്പിക്കാൻ കഴിയുമോ?" എന്ന 'കിരണം'

[തൃശ്ശൂർനിന്നും പുറപ്പെടുന്ന കിരണം മാസിക 'അപകടകരമായപോക്ക്' എന്ന ശീർഷകത്തിൽ പ്രസിദ്ധീകരിച്ചിരുന്ന മുഖപ്രസംഗമാണ് ചുവടെ ചേർക്കുന്നത്. ഉത്തരവാദപ്പെട്ട കമ്മ്യൂണിസ്റ്റുകാർ നടത്തുന്ന ഒരു മാസികയെന്ന നിലയിൽ 'കിരണം' ദേവിന് പറയുന്ന മറുപടി ശ്രദ്ധേയമാണ്—സഹപത്രാധിപർ]

ഇക്കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പു കാലത്ത് നാട്ടിലുടനീളം അഭൂതപൂർവമായ ഒരു ബഹുജനമുന്നേററം പ്രകടമായിരുന്നു. തന്നെയല്ല, നാട്ടിൻെറയും നാട്ടുകാരുടേയും മുന്നിൽ അതു പല പുതിയ പ്രകാശങ്ങളും പ്രസരിപ്പിച്ചു. ഇക്കൂട്ടത്തിൽ ഏററവും ആവേശകരവും ആശ്വാസകരവുമായിരുന്നത് ഭിന്നിച്ചുനിന്നിരുന്ന പുരോഗമനശക്തികളുടെയിടയിൽവന്ന യോജിപ്പായിരുന്നു—അതെ, പ്രതിലോമശക്തികൾക്കെതിരായി ഉയർന്നുവരുന്ന ജനകീയ ശക്തികളുടെ ഐക്യമുന്നണി

ഈ ഐക്യമുന്നണി സുദൃഢവും പരിപൂർണ്ണമായിക്കഴിഞ്ഞുവെന്നോ, പിന്തിരിപ്പൻ പ്രവണതകൾക്കെതിരായുള്ള പുരോഗമനവിഭാഗങ്ങൾ എല്ലാം ഇതിൽ ചേർന്നുകഴിഞ്ഞെന്നോ ഞങ്ങൾ അവകാശപ്പെടുന്നില്ല എന്നാൽ പുരോഗമനശക്തികളുടെ ഐക്യമുന്നണിയുടെ പ്രാധാന്യം ഈ തിരഞ്ഞെടുപ്പുകൊണ്ടു നാട്ടുകാർക്ക് വ്യക്തമായിക്കഴിഞ്ഞിട്ടുണ്ടെന്നും അതിൻെറ പ്രാരംഭപ്രവൃത്തികൾ നടന്നുകഴിഞ്ഞിരിക്കുന്നുവെന്നും സമാധാനിക്കാൻ അവകാശം കിട്ടിയിട്ടുണ്ട്. ഈ യാഥാർത്ഥ്യം നമ്മുടെ രാഷ്ട്രീയപ്രവർത്തകരെപ്പോലെതന്നെ സാംസ്കാരികപ്രവർത്തകരും കാണുകയുണ്ടായെന്നുള്ളതിനുദാഹരണമാണ് തകഴി, പൊൻകുന്നം വർക്കി തുടങ്ങിയ പ്രസിദ്ധ പുരോഗമനസാഹിത്യകാരന്മാർ ഐക്യമുന്നണിയുടെ തിരഞ്ഞെടുപ്പുപ്രചരണങ്ങളിൽ പ്രദർശിപ്പിച്ച ഊർജ്ജസ്വലത. ഐക്യമുന്നണിയെ വളർത്തുന്നതിലും ഉറപ്പിക്കുന്നതിലും, പിന്തിരിപ്പൻ കോൺഗ്രസ്സുഭരണത്തെ തകർത്തുവിടുന്നതിലും കേരളത്തിലെ പുരോഗമനസാഹിത്യ കലാപ്രവർത്തകർ അസൂയാർഹമായൊരു പങ്ക് വഹിച്ചിട്ടുണ്ടെന്നു നമുക്കഭിമാനിക്കാൻ കഴിയും. അഭിപ്രായവ്യത്യാസങ്ങൾ പലതുണ്ടെങ്കിലും അതിനെല്ലാമുപരിയാണ് പൊതുജനക്ഷേമമെന്നു കാണാനും പുരോഗമനശക്തികൾ ഭിന്നിച്ചുനിന്നാൽ പ്രതിലോമശക്തികൾക്കതു വളമായിപ്പരിണമിക്കുമെന്നു മനസ്സിലാക്കാനും നമ്മുടെ സംസ്കാരനായകന്മാർ അമാന്തിച്ചില്ല തങ്ങളുടെ വ്യക്തിപരമായ അഭിപ്രായഭിന്നതയെക്കാൾ നാട്ടുകാരുടെ ആവശ്യങ്ങൾക്കു മുൻഗണന കൊടുക്കുകയെന്ന യഥാർത്ഥകലാകാരൻെറ കടമയെ അവർ സഹർഷം ആദരിയ്ക്കുകയും ചെയ്തു.

അങ്ങിനെ ഈ മഹത്തായ ജനകീയപ്രസ്ഥാനം വളർന്നു പുഷ്ടിപ്പെടാൻ തുടങ്ങിയതോടെ പിന്തിരിപ്പൻ ശക്തികൾ അവരുടെ സകല അടവുകളും ഇതിൻെറ നേരെ കേന്ദ്രീകരിച്ചു. അതിന്നുംപുറമെ, നേരിട്ടുള്ള ആക്രമണംകൊണ്ടുമാത്രം തൃപ്തിപ്പെടാതെ നുഴഞ്ഞുകയറി ഉള്ളിൽനിന്നാക്രമിയ്ക്കാനും അവർ കിണഞ്ഞുശ്രമിച്ചുവരികയാണ് ഈ പ്രസ്ഥാനത്തിൽപ്പെട്ട വിഭിന്നഘടകങ്ങളെ പരസ്പരം പ്രകോപിപ്പിയ്ക്കുക, തെററിദ്ധരിപ്പിയ്ക്കുക, പ്രലോഭിപ്പിക്കുക എന്നിങ്ങനെ വൃത്തികെട്ട സകല ജാലങ്ങളും പ്രയോഗിക്കാൻ അവർ ഉന്നംനോക്കിക്കൊണ്ടാണിരിക്കുന്നത്. തന്നെ പരമാർത്ഥം ഒരു നിമിഷമെങ്കിലും മറക്കുന്നുവെങ്കിൽ, നാട്ടുകാർ അങ്ങേയററത്തെ ത്യാഗങ്ങൾ അനുഭവിച്ചു കെട്ടിപ്പടുക്കാൻ തുടങ്ങിയിട്ടുള്ള ഈ പ്രസ്ഥാനത്തെ അതു ശിഥിലപ്പെടുത്തുമെന്ന കാര്യം നാം മറക്കരുത്. അറിഞ്ഞോ അറിയാതെയോ അതിനുള്ള അവസരം ശത്രുവിനുണ്ടാക്കിക്കൊടുക്കുന്നത് ബഹുഭൂരിപക്ഷം വരുന്ന നാട്ടുകാരോടു ചെയ്യുന്ന ഒരു മഹാപാതകമായിരിക്കുമെന്നു തീർച്ച

എന്നാൽ ഈ ഉയർന്നുനിൽക്കുന്ന യാഥാർത്ഥ്യങ്ങളെ വകവെയ്ക്കാതെ ഒരു പരിഷ്ക്കരണ പ്രസ്താവനകളിൽക്കൂടെ ഐക്യമുന്നണിയെ അവഹേളിക്കാൻ ശ്രീ. കേശവദേവ് ഒരു വൃഥാശ്രമം നടത്തിക്കാണുന്നു. കേരളത്തിലെ ഒരു പ്രമുഖസാഹിത്യകാരനായ ശ്രീ ദേവിൻെറ ഈ പ്രവൃത്തി തുലോം നിർഭാഗ്യകരമായിരുന്നുവെന്നു പറയാതെ നിവൃത്തിയില്ല. ഉദ്ദേശമെന്തുതന്നെയായാലും "ഈ ഐക്യമുന്നണിത്തട്ടിപ്പു നിറുത്തു" എന്ന അദ്ദേഹത്തിൻെറ ലേഖനം തല്പരകക്ഷികളുടെ കൈയ്യിൽ പരവകൾ ഇളിയ്ക്കുലായി കലാശിച്ചിരിക്കുന്നു. അടിസ്ഥാനരഹിതങ്ങളും അന്തസ്സാരശൂന്യങ്ങളുമാ

യ ആരോപണങ്ങൾ മാത്രമുള്ള അദ്ദേഹത്തിന്റെ ഈ ലേഖനം "കൗമുദി" വാരികയിൽ പ്രത്യക്ഷപ്പെട്ട ഉടനെ അതിനെ വാരിക്കോരിപ്പുണരാൻ ആരെല്ലാമാണ് വെമ്പിയിട്ടുള്ളതെന്നു പരിശോധിച്ചാൽ മതി പൂച്ച പുറത്താവാൻ. പുരോഗമനശക്തികളുടെ ഐക്യത്തെ അങ്ങേയററം ഭയപ്പെടുകയും വെറുക്കുകയും ചെയ്യുന്ന കാൺഗ്രസ്സും ഐ എസ്സ്. പി. യുമാണ്—പിന്തിരിപ്പൻ തല്പരകക്ഷികളാണ്—ഇതിൽനിന്നു മുതലെടുത്തതെന്നു്, അവരുടെ പത്രങ്ങൾ ദേവിന്റെ ലേഖനം പകർത്താൻ കാണിച്ചിട്ടുള്ള തിടുക്കത്തിൽ നിന്നു പകൽ വെളിച്ചംപോലെ വ്യക്തമാവുന്നുണ്ടല്ലോ.

ജനകീയപ്രസ്ഥാനങ്ങൾക്കു നേരെ ജനദ്രോഹികൾ ഉപയോഗിച്ചുവരുന്ന അതേ പല്ലവിതന്നെയാണ് ദേവ് അയവിറക്കിയിരിക്കുന്നതു്. ഈ ഐക്യമുന്നണി "കമ്മ്യൂണിസ്ററുകൾക്കു് നിലനിന്നുപോരാനുള്ള ഒരടവുമാത്രമാണ്"ത്രെ! ജനങ്ങളേയോ ജനകീയാഭിലാഷങ്ങളേയോ അല്പംപോലും ബഹുമാനമുള്ള ഒരാൾക്കും ഒരിക്കലും ഇങ്ങിനെ പറയാൻ കഴിയില്ല ജനദ്രോഹികളിൽനിന്നും ജനങ്ങൾക്ക രക്ഷകിട്ടണമെന്നാഗ്രഹിക്കുന്നവർ ശത്രുവിനെതിരേ തങ്ങളുടെ ശക്തി കേന്ദ്രീകരിക്കാൻ ശ്രമിക്കും. തങ്ങൾ ഭിന്നിച്ചുനിൽക്കുകയാണെങ്കിൽ അതുകൊണ്ട് ശത്രുവിനായിരിക്കും മെച്ചമെന്നുള്ളതു മനസ്സിലാക്കാൻ വലിയ രാഷ്ട്രീയവിജ്ഞാനമൊന്നുമാവണമെന്നില്ല ഉദാഹരണത്തിനു് അടുത്തു നടന്ന തിരഞ്ഞെടുപ്പുതന്നെ എടുക്കുക. പരിമിതമായ തോതിലെങ്കിലും ഇന്നു നിലവിൽവന്നിട്ടുള്ള ഐക്യമുന്നണി ഉണ്ടായിരുന്നില്ലെങ്കിൽ ഇവിടത്തെ ഷീച്ചനാറിയ കോൺഗ്രസ്സിന്നു് ഇന്നു കിട്ടിയതിലും എത്രയോ അധികം സീററുകൾ കിട്ടുമായിരുന്നു; മാത്രമല്ല, കമ്മ്യൂണിസ്റ്റ്—ആർ. എസ്സ് പി.,—കെ. എസ്. പി. പാർട്ടികൾക്ക് കഠിനമായ പരാജയങ്ങളും നേരിടുമായിരുന്നു ഈ ഐക്യമില്ലായിരുന്നുവെങ്കിൽ ഇടതുപക്ഷകക്ഷികൾക്ക ഇന്നു കിട്ടിയേടത്തോളമെങ്കിലും വിജയം കിട്ടുമായിരുന്നുവെന്നുപറയാൻ ശ്രീ ദേവ് ധൈര്യപ്പെടുമോ? സാമാന്യബുദ്ധിയുള്ളവർ മതിരുകയില്ല തീർച്ച. കമ്മ്യൂണിസ്റ്റു പാർട്ടിയല്ല, മറേറതുപാർട്ടിയായാലും ജനങ്ങൾക്കവേണ്ടി പ്രവർത്തിച്ചാൽ മാത്രമേ ജനങ്ങളുടെ അനുഭാവവും പിന്തുണയും ലഭിക്കൂ ചപ്പടാച്ചികളിലും "അടവു"കളിലും മയങ്ങുന്ന ഒരു ജനതയല്ല കേരളത്തിലേതു്. അവരുടെ മുമ്പിൽ അനുഭവങ്ങളുടെ അദ്ധ്യായങ്ങളുടെ ഒരു പ്രവാഹംതന്നെ മലക്കെത്തുറന്നുകിടക്കുന്നുണ്ടു്.

ശ്രീ ദേവിന്റെ മറെറാരാരോപണം, ഈ ഐക്യമുന്നണിയിൽപ്പെട്ടാൽ, ധൃതരാഷ്ട്രരുടെ ആലിംഗനത്തിലകപ്പെട്ടവരുടെ അവസ്ഥയായിരിക്കും ഫലമെന്നാണ് അതായതു് ഇതിൽപ്പെടുന്ന മററു പാർട്ടികളെ കമ്മ്യൂണിസ്ററുകാർ വിഴുങ്ങിക്കളയും! കമ്മ്യൂണിസ്ററുപാർട്ടി ആരെയും വിഴുങ്ങാനല്ല നിൽക്കുന്നതു്. അവനവന്റെ വിശ്വാസപ്രമാണം കാത്തിന്നും കാററമററതുമാണെന്നു ധൈര്യമുള്ളവർക്ക് മററുള്ളവർക്കടിപണിയേണ്ടി വരുമോ എന്നു ഭയപ്പെടാനവകാശമില്ല. തന്റെ വിശ്വാസപ്രമാണങ്ങളിൽ സംശയമുള്ളവർക്കമാത്രമെ വിഴുങ്ങപ്പെടുമോ എന്ന ഭയത്തിന്നവകാശമുള്ളു. കമ്മ്യൂണിസ്ററുകാരുടെ ഉദ്ദേശവും ലക്ഷ്യവും നമ്മുടെ നാട്ടുകാരുടെ ജീവിതത്തെ ഞെരിയ്ക്കുന്ന മർദ്ദകശക്തികളേയും അതിന്റെ ജീർണ്ണിച്ച വ്യവസ്ഥയേയും നശിപ്പിക്കുകയാണ്. അതിന്നു്, ഇന്നത്തെ നിലയിൽ ഇവിടെയുള്ള പുരോഗമനശക്തികൾ എല്ലാം ഒന്നിച്ചണിനിരന്നാലെ കഴിയൂ എന്നും അവർ വിശ്വസിക്കുന്നു അതേററവും ന്യായവും ശരിയുമാണെന്നുള്ളതിനു് നാട്ടുകാരിൽനിന്നു് ഐക്യമുന്നണിയ്ക്കു സിദ്ധിച്ചുവരുന്ന അസൂയാവഹമായ സ്നേഹബഹുമാനങ്ങൾ തന്നെ മതിയായ തെളിവാണു്.

തന്റെ വാദങ്ങൾ "ന്യായീകരിയ്ക്കാൻ" ചരിത്രത്തിന്നോ ലോകത്തിന്നോ പരിചിതമല്ലാത്ത ചില പുതിയ കണ്ടുപിടുത്തങ്ങൾക്കും ദേവ് ഒരു ശ്രമം നടത്തിയിരിക്കുന്നു:—

1. "ജർമ്മനിയിലെ സോഷ്യൽ ഡെമോക്രാററു കക്ഷി നാസിപ്പാർട്ടി അധികാരത്തിൽ വരുന്നതു തടയുന്നതിനു വേണ്ടി ഐക്യമുന്നണി ഉണ്ടാക്കണമെന്നു പറഞ്ഞതിനെ കമ്മ്യൂണിസ്ററുകാർ നിരസിച്ചു് ഹിററ്ലരെ ജയിപ്പിച്ചു."

2 "സ്പെയിനിലെ അഭ്യന്തര സമരത്തിൽ റിപ്പബ്ളിക്കൻ സൈന്യത്തിന്റെ പിന്നണിയിൽ കമ്മ്യൂണിസ്ററുകാർ മററിടതുപക്ഷപാർട്ടികളെ നശിപ്പിക്കുവാനുള്ള തന്ത്രങ്ങൾ പ്രയോഗിച്ചു"

ഇതേതുചരിത്രത്തിൽ നിന്നാണ് കിട്ടിയതെന്നു ശ്രീ ദേവിന്നു മാത്രമേ അറിയൂ! ഞങ്ങൾ വായിച്ചിട്ടുള്ള ചരിത്ര പുസ്തകത്തിൽ പറഞ്ഞിട്ടുള്ളതു നേരെ മറിച്ചാണു്. 1952-ൽ ജർമ്മൻ കമ്മ്യൂണിസ്ററ പാർട്ടി നാസിസത്തിനെതിരായി ഐക്യമുന്നണി സൃഷ്ടിക്കണമെന്നു പരസ്യമായി പ്രസ്താവിക്കുകയും അതിന്നായി ആത്മാർത്ഥമായി പരിശ്രമിക്കുകയുംചെയ്തു. ജർമ്മൻകമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ചരിത്രംവായിച്ചാൽ—സാർവ്വദേശീയ കമ്മ്യൂണിസ്ററ നേതാവായ സ: ദിമിത്രോവിന്റെ കൃതികൾ പരിശോധിച്ചാൽ—ഇതു വ്യക്തമായിക്കാണാൻ, വായിക്കാൻ, കഴിയും. ഇതുകൊണ്ടുതന്നെയാണു, ഹിററ്ലർ അധികാരത്തിൽ വന്ന ഉടനെ കമ്മ്യൂണിസ്ററ പാർട്ടിയുടെ നേരെ സർവ്വവിധ മർദ്ദനമുറകളും കേന്ദ്രീകരിച്ചതു്. സോഷ്യൽഡെമോക്രാററു കക്ഷി കമ്മ്യൂണിസ്ററ പാർട്ടിയുടെ ഐക്യാഭ്യർത്ഥനയെ അന്നു പുല്ലുപോലെ തള്ളിക്കളഞ്ഞു ഹിററ്ലരെക്കൊണ്ടു് കമ്മ്യൂണിസ്ററ പാർട്ടിയെ നശിപ്പിക്കാമെന്നും, അങ്ങനെ ഹിററ്ലരുടെ സഹായത്തോടെ തങ്ങൾക്ക തൊഴിലാളികളുടെ മേൽ ആധിപത്യം സ്ഥാപിക്കാമെന്നുമായിരുന്നു അവരുടെ അന്നത്തെ പ്ലാൻ പക്ഷെ, അതും തകിടംമറിഞ്ഞു കമ്മ്യൂണിസ്ററുപാർട്ടിയെ നിരോധിയ്ക്കുകയും പ്രവർത്തകരെ മിക്കവരേയും കൊല്ലുകയോ കോൺസൻട്രേഷൻ ക്യാമ്പിൽ അടയ്ക്കുകയോ ചെയ്തശേഷം നാസിഭരണം, അതിന്റെ രുചി സോഷ്യൽഡെമോക്രാററ കക്ഷിയേയും അല്പം അനുഭവിപ്പിച്ചു എന്നാൽ, അവർ തൊഴുതു കുമ്പിട്ടു് മാപ്പുമേടിച്ചു "രക്ഷ"പ്പെട്ടു സഖാവു് ദിമിത്രോവിന്റെ ഗ്രന്ഥങ്ങളിൽ ഇതും വിശദമാക്കിയിട്ടുണ്ടു്.

സ്പെയിനിലെ കാര്യവും ഇതുപോലെതന്നെയാണു്. ഈ വഷളത്തത്തിൽ അന്നത്തെ പ്രധാന നടന്മാർ ട്രോട്സ്കിസ്ററുകളായിരുന്നു. കമ്മ്യൂണിസ്ററുകാർ സ്വസ്വവും ത്യജിച്ചു റിപ്പബ്ളിക്കൻ സൈന്യത്തേയും ചെറുത്തു നിൽപ്പിനേയും പരിരക്ഷിച്ചു വരുന്നതിനെ ഒററിക്കൊടുക്കൽ, ഇടങ്കോലിടൽ മുതലായ നിന്ദ്യവഴികളിലൂടെ അവർ കാര്യമായി ചതിച്ചു പല കമ്മ്യൂണിസ്ററ നേതാക്കന്മാരുടേയും സഖാക്കളുടേയും പേരിൽ അടിസ്ഥാനരഹിതങ്ങളായ ആരോപണങ്ങളും കുററങ്ങളും ചുമത്തി കൊല്ലിച്ചു ഇതൊക്കെ സഹിച്ചിട്ടും എത്രതന്നെ തകർക്കാൻ തല്പരകക്ഷികൾ ശ്രമിച്ചിട്ടും സ്പെയിനിലെ കമ്മ്യൂണിസ്ററ പാർട്ടി മരിച്ചില്ല, അതു് ഉത്തരോത്തരം ശക്തിയാർജ്ജിച്ചുകൊണ്ടു തന്നെയാണ് വരുന്നതു്. ദേവ് പറയുന്ന തരത്തിലുള്ള വഞ്ചനകളുടെ നേരിയ അലപോലും അവരിലുണ്ടായിരുന്നുവെങ്കിൽ ട്രോഡ്സ്കിസ്ററുകളും സോഷ്യൽ ഡെമോക്രാററുകളും ക്ഷയിച്ചുവരുന്നതുപോലെ കമ്മ്യൂണിസ്ററ പാർട്ടിയും ജനങ്ങളുടെയിടയിൽനിന്നു് അന്തർദ്ധാനം ചെയ്യേണ്ടതായിരുന്നു. അനുഭവം മറിച്ചാണെന്നതു ദേവിന്റെ കുയുക്തിയ്ക്കെതിരായുള്ള ആഞ്ഞൊരടിയാണ്

ചരിത്രം വായിച്ചിട്ടുള്ളവർക്കും ലോകത്തിലിതുവരെയുണ്ടായിട്ടുള്ള എല്ലാ യഥാർത്ഥ ജനാധിപത്യ പ്രസ്ഥാനങ്ങൾക്കമറിയാം സോഷ്യൽ ഡെമോക്രസിയുടെ ചരിത്രം വഞ്ചനയുടെയും ചരിത്രമാണെന്നു്. എന്തിനധികം നമ്മുടെ നാട്ടിലെ സോഷ്യൽ ഡെമോക്രാററുകളായ ഐ എസ് പി. നേതാക്കളെ നോക്കിയാൽ മതിയല്ലോ ജനാധിപത്യ ശക്തികളും ജനകീയ പ്രസ്ഥാനങ്ങളും ആവർത്തിച്ചാവർത്തിച്ചഭ്യർത്ഥിച്ചിട്ടും ബഹുജനങ്ങൾ ആവശ്യപ്പെട്ടിട്ടും അതെല്ലാം പുച്ഛിച്ചു തള്ളുകയല്ലെ ഐ എസ് പി. നേതൃത്വം ചെയ്യുന്നതു് ഇക്കഴിഞ്ഞ തിരഞ്ഞെടുപ്പിൽ നമ്മുടെ ഐക്യമുന്നണി പ്രസ്ഥാനത്തിൽ ഐ എസ് പി: കൂടി സഹകരിച്ചിരുന്നുവെങ്കിൽ ഇവിടത്തെ കോൺഗ്രസ്സിനെ എത്ര ഭീമമായ പരാജയത്തിലെത്തിയ്ക്കാൻ ബഹുജനങ്ങൾക്ക കഴിയുമായിരുന്നുവെന്ന് ഓരോ നിയോജകമണ്ഡലത്തിലും ഐക്യമുന്നണി സ്ഥാനാർത്ഥികൾക്കും ഐ. എസ് പി. സ്ഥാനാർത്ഥികൾക്കുംകൂടി കിട്ടിയിട്ടുള്ള വോട്ടുകൾ കൂട്ടിനോക്കിയാൽ വ്യക്തമാണല്ലോ

ഞങ്ങളത്ഭുതപ്പെടുന്നു, ശ്രീ ദേവിന് ഈ ബാലിശമായ വാദങ്ങൾ എവിടെ നിന്നു കിട്ടിയെന്നു് ആംഗ്ലോ അമേരിക്കൻ സാമ്രാജ്യവാദികളും അവരുടെ ഏജൻറന്മാരും തൊഴിലാളിവർഗ്ഗവഞ്ചകരുമായ സോഷ്യൽ ഡെമോക്രാററുകളുമാണ് സാധാരണ ഇ

# വിശാല ജനകീയ ജനാധിപത്യ പുരോഗമന മുന്നോററ മുന്നണി

(കെ. കാത്തികേയൻ എം. എ)

## തിരു കൊച്ചി രാഷ്ട്രീയം

ആർക്കുമാർക്കും വ്യക്തമായ ഭൂരിപക്ഷം ലഭിക്കാഞ്ഞതിനാൽ തിരു-കൊച്ചിയിലെ ഭരണം ഏറെറടുക്കാൻ ആളില്ലാതായി. ഈയവസരം വിനിയോഗിച്ച് സി പി. രാമസ്വാമിഅയ്യരോട് കാണിച്ച വഞ്ചനയ്ക്കു പകവീട്ടുവാനായി ഡെൽഹിയിലെ കാൺഗ്രസ്സ് സക്കാർ തീരുമാനിച്ച ഉപദേഷ്ടാവിനെ നിയമിക്കണമോ, അഡ്മിനിസ്ട്രേറററെ നിയമിക്കണമോ എന്നുള്ള ആലോചനകൾ ഉണ്ടായെങ്കിലും, ഒടുവിൽ ശ്രീചിത്തിരതിരുനാൾ മഹാരാജാവു തിരുമനസ്സിനെത്തന്നെ തിരു-കൊച്ചി ഭരണം ഏല്പിക്കുവാൻ ഡെൽഹിയിൽനിന്നും ഉത്തരവായി പോൾ അതുവരെ ഐക്യമുന്നണി അധികാരത്തിൽ വരുമെന്നു പ്രതീക്ഷിച്ചിരുന്ന സഖാക്കൾ കെ ജി കുഞ്ഞകൃഷ്ണപിള്ളയും കട്ടിയാട്ട ശിവരാമപ്പണിക്കരും രാജപ്രമുഖനെ ഭരണാധികാരിയായി നിയമിക്കാൻ പോകുന്നതിൽ സ്വയം ആഹ്ളാദിക്കുവാനും വാരനാട്ട കെ പി. ശാസ്ത്രികൾ ശാസ്ത്രി ദാമോദരൻ എന്നീ പണ്ഡിത കവികളെക്കൊണ്ടു രാജവാഴ്ചയെ സ്വാഗതംചെയ്തുകൊണ്ടുള്ള മംഗളപത്രികകൾ എഴുതിച്ച് തിരുമനസ്സിലേയ്ക്കു അടിയറവയ്ക്കുവാനും തീരുമാനിച്ചു ഈ സംരംഭമറിഞ്ഞ പട്ടത്തുനിന്നും പാഞ്ഞെത്തിയ മാർ ഇവാനിയോസ് തിരുമനസ്സുകൊണ്ട് കല്പിച്ചതു് മംഗളപത്രിക സ്വർണ്ണത്തകിടിൽതന്നെ എഴുതി ആനക്കൊമ്പുകൊണ്ടുള്ള ചിത്രപേടകത്തിൽ അടിയറവെയ്ക്കണമെന്നായിരുന്നു ആർച്ച് ബിഷപ്പ് തിരുമേനിയേയുംകൂടി സ്വീകരണ സംഘത്തിൽ അംഗമായി സ്വീകരിപ്പാൻ സഖാവ് കെ. ജി. അനുവദിച്ച സ്വീകരണക്കമ്മിററിയിലേയ്ക്കായി കൂടുതൽ അംഗങ്ങളെ ചേർത്ത കൂട്ടത്തിൽ പട്ടനാഥക്കരയ്യർ, മള്ളൂർ ഗോവിന്ദപ്പിള്ള, പോക്കാട്ട രാഘവൻപിള്ള, കെ. സുകുമാരൻ, കെ. എൻ. ശങ്കുണ്ണിപ്പിള്ള, മങ്കൊമ്പു നീലകണ്ഠയ്യർ, എം. കെ. രാഘവൻപിള്ള, അഴകത്തു രാമക്കുറുപ്പ് എന്നിവർ വാളൻറിയർചെയ്തു മുമ്പോട്ടു വന്നു. സ്വീകരണസംഘം സെക്രട്ടറിയായി ഡാക്ടർ സി. ഒ. കരുണാകരനേയും, ജായിൻറ സെക്രട്ടറിയായി മുരുക്കുംപുഴ കുഞ്ഞുകൃഷ്ണനേയും, ട്രഷററായി ജി. പി. ശേഖരേയും എതിരില്ലാതെ തിരഞ്ഞെടുത്തു

### വാർത്ത അടിസ്ഥാനരഹിതം

ശ്രീചിത്തിരതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ട് തിരു-കൊച്ചി സംസ്ഥാനത്തെ സിംഹാസനത്തിൽ ആരോഹണംചെയ്യുന്ന പുണ്യദിനത്തെ അടുപ്പിച്ചുകൊണ്ട് നിമിഷങ്ങൾ അതിശീഘ്രം മുമ്പോട്ടു നീങ്ങിക്കൊണ്ടിരുന്നു. കോട്ടയ്ക്കകത്തുള്ള വലിയ കൊട്ടാരത്തിൽ വച്ചുതന്നെ സിംഹാസനാരോഹണച്ചടങ്ങു നിർവഹിക്കണമെന്ന് ബ്രാഹ്മണ സമൂഹവും, കവടിയാർ കൊട്ടാരത്തിൽ വച്ചായിരിക്കണമെന്ന്; കെ ജി—കട്ടിയാട്ട്—കുറുപ്പ് ഗ്രൂപ്പും, അതല്ല പുത്തൻകച്ചേരിയിലെ ഡർബാർ ഹാളിൽവച്ചുതന്നെയായിരിക്കണമെന്നു സുകുമാരൻ—ശങ്കുണ്ണിപ്പിള്ള അച്ചുതണ്ടും വാദിച്ചു. വഴക്കുമുറുകിയപ്പോൾ മള്ളൂരും ഡാക്ടർ കരുണാകരനും കൂടി മദ്ധ്യസ്ഥത പറഞ്ഞു. അവിട്ടംതിരുനാൾ ആശുപത്രിയുടെ മുൻവശത്തുവച്ചു സിംഹാസനാരോഹണം നടത്താമെന്നും, അവിടെനിന്നു നോക്കിയാൽ കോട്ടയ്ക്കകത്തുള്ള വലിയ കൊട്ടാരവും കാവൽകോണത്തുള്ള കവടിയാർ കൊട്ടാരവും പുത്തൻ കച്ചേരിയിലെ ഡർബാർ ഹാളിനുമുകളിലുള്ള മണിമാളികയും ഒപ്പം അഭിമുഖമായി കാണാവുന്നതിനാൽ മൂന്നു കക്ഷിക്കാരേയും അതു സംതൃപ്തരാക്കുന്നതാണെന്നും മദ്ധ്യസ്ഥന്മാർ പറഞ്ഞതിനെ എല്ലാവരും ഹസ്തതാഡനത്തോടെ സ്വീകരിച്ചു. അങ്ങിനെ അവിട്ടം തിരുനാൾ ആശുപത്രിയുടെ പുരോഭാഗത്ത് ഡർബാറിനുള്ള ഒരുക്കങ്ങൾ ധൃതിയായി പുരോഗമിച്ചു കൊണ്ടിരുന്നപ്പോൾ അസുഖകരമായ ആ വാർത്തയുംവന്നെത്തി. ഒരു ആചാരിയെ തിരു-കൊച്ചിയിലെ ഉപദേഷ്ടാവായി നിയമിച്ചിരിക്കുന്നുവെന്ന് ഡെൽഹി റേഡിയോ പ്രഖ്യാപിച്ചുവത്രെ.

### ബഹുജനപ്രക്ഷോഭണം സംഘടിപ്പിക്കുന്നു

അഡ്മിനിസ്ട്രേറററെയും അഡ്വൈസററെയും ഒന്നും ഇവിടെ ആവശ്യമില്ലെന്നും, പൊതുതിരഞ്ഞെടുപ്പിൽ ജനങ്ങൾ കാൺഗ്രസ്സിനെതിരായി വോട്ടുചെയ്തതു് ഇവിടെ യഥാർത്ഥ ജനകീയാധിപത്യം സ്ഥാപിക്കുവാനാണെന്നും, അതിനാൽ എല്ലാവരും കാൺഗ്രസ്സിനെതിരായി അണിനിരന്നു ഭരണാധികാരം പിടിച്ചുപററണമെന്നും, മുൻമന്ത്രി കുഞ്ഞുരാമൻ കുന്നുകുഴിയിൽനിന്നും സമരകാഹളം മുഴക്കി. കുഞ്ഞുരാമൻെറ മാനേജിംഗ് എഡിററായ സഖാവു കെ എൻ. ഗോപാലകുറുപ്പ് തമ്പാനൂർ സചിവോത്തമ സത്രത്തിൻെറ മട്ടുപ്പാവിൽ കേറിനിന്നുകൊണ്ട് ആ സമരാഹ്വാനം ഏറെറടുത്തു.

### ഗോപാലകുറുപ്പിൻെറ ആഹ്വാനം

അന്നു നട്ടുച്ചയായപ്പോൾ സചിവോത്തമസത്രത്തിൻെറ മുൻവശത്തുള്ള പ്രതിമാവേദിയിൽ കാവിനിറത്തിലുള്ള ഖദർജുബ്ബാ ധരിച്ച ഒരു മദ്ധ്യവയസ്കൻ നിന്നു ആവേശഭരിതനായി അ

---

ത്തരം കെട്ടുകഥകൾ പ്രചരിപ്പിക്കാറ്. കമ്യൂണിസ്ററ്കാരുമായി അഭിപ്രായവ്യത്യാസമുള്ള, ആത്മാർത്ഥതയുള്ള, മററ ധാരാളം രാഷ്ട്രീയപ്രവർത്തകരും പുരോഗമനവാദികളും നമ്മുടെ നാട്ടിലുണ്ട്. അവരിലാരുംതന്നെ ഇത്തരം നുണകളെഴുത്തു പെരുമാറിക്കണ്ടിട്ടില്ല

ഇങ്ങനെ അന്താരാഷ്ട്രീയ സംഗതികൾ പറഞ്ഞതിനു ശേഷം ശ്രീ ദേവ് ഇവിടെനിന്നും ചില "ഉദാഹരണ"ങ്ങൾക്കു ശ്രമിക്കുന്നു: "കമ്യൂണിസ്റ്റുകാർ ഐക്യമുന്നണിയിൽപ്പെട്ട മററ കക്ഷികളുടെ സ്ഥാനാർത്ഥികളെ പരാജയപ്പെടുത്താൻ ശ്രമിച്ചുപോലും! സഖാക്കൾ "ശ്രീകണ്ഠൻ നായർക്കും ബേബിജോണിനുമെതിരായി സ്വതന്ത്രസ്ഥാനാർത്ഥികളെ രഹസ്യമായും പരസ്യമായും സഹായിക്കുകയുണ്ടായി"പോലും! ആ നാട്ടിലെ സാധാരണക്കാരേക്കൊണ്ടോ സഖാക്കൾ ശ്രീകണ്ഠൻ നായരെക്കൊണ്ടോ മററ സഖാക്കളെക്കൊണ്ടോ ശ്രീ ദേവിന്നിതു ഒപ്പുവെപ്പിയ്ക്കാൻ കഴിയുമോ?

ഞങ്ങൾക്കീ സന്ദർഭത്തിൽ ശ്രീ ദേവിനെ അനുസ്മരിപ്പിയ്ക്കാനുള്ളതിതാണ്: ആർ. എസ്. പി യും. കെ. എസ്. പി. യും. കമ്മ്യൂണിസ്റ്റ് പാർട്ടിയും തമ്മിലുള്ള ബന്ധമെന്തെന്ന് അവയ്ക്കന്യോന്യമറിയാം. അവരുടെ കാര്യങ്ങൾ അവർ നിർണ്ണയിച്ചുകൊള്ളും. അതിനു ശ്രീ ദേവിൻെറ വക്കാലത്താവശ്യമില്ല ദേവുകൊണ്ടുവന്നിട്ടുള്ള മററാരോപണങ്ങളും ഇതുപോലെ സങ്കല്പമാത്രജീവികളാണ്.

നാടിൻെറയും നാട്ടുകാരുടേയും നാഡിമിടിപ്പുകൾ മററാരേക്കാളും മുൻപു കാണാനും മനസ്സിലാക്കാനും കഴിയുന്ന സാഹിത്യ-സാംസ്കാരിക പ്രവർത്തകർ യാഥാർത്ഥ്യങ്ങളുടെ നേരെ കണ്ണടയ്ക്കുന്നതും അതിനെ വികൃതപ്പെടുത്തുന്നതും തന്നോടും രാജ്യത്തോടും ചെയ്യുന്ന വമ്പിച്ചൊരപരാധമായിരിക്കും. ഈ വസ്തുത ശ്രീ. ദേവ് അനുസ്മരിക്കണമെന്നും ജനദ്രോഹികളെ മാത്രം സഹായിക്കുന്ന ഇത്തരം പാപകളിയിൽ നിന്നു വിരമിച്ച് നാട്ടുകാരുടെ ആശയാഭിലാഷങ്ങളെ പകർത്താൻ തൻെറ തൂലിക വിനിയോഗിക്കണമെന്നാ ഞങ്ങളപേക്ഷിക്കുന്നു. കൂട്ടത്തിൽ അഭിപ്രായപ്രകടനസ്വാതന്ത്ര്യത്തെ ദുരുപയോഗപ്പെടുത്താൻ ആരും നിൽക്കരുതെന്ന് ജനകീയ പത്രങ്ങളോടും ഞങ്ങൾക്കൊരപേക്ഷയുണ്ട്.

—കവർ അട്ടപ്പുറത്ത്—

ലറകയാണ്. തലയിൽ അങ്ങിങ്ങായി ആക്കം വഴങ്ങാതെ എഴുന്നു നിൽക്കുന്ന നാലഞ്ചു രോമങ്ങളുള്ള മുഴുവൻ അങ്കക്കലികൊണ്ടു തുള്ളുന്നു. ഓവർബ്രിഡ്ജിനടുത്തുള്ള സർക്കസ്സ് വേലകൾ കണ്ടുകൊണ്ടുനിന്ന പുരുഷാരം സത്രത്തിലേയ്ക്കു പാഞ്ഞെത്തുന്നു. അതുകണ്ട് ട്രാൻസ്പോർട്ട് ബസ്സ് സ്റ്റാൻഡിൽ ടിക്കറ്റെടുക്കാനായി കൂടിനിന്ന ആബാലവൃദ്ധം ജനങ്ങളും അമ്പരന്നു് ഓടിയെത്തുന്നു. ഉടുപ്പി ഹോട്ടലിലെ മാനേജർ സാമി കുടവയറും തൂക്കിക്കൊണ്ടു ഓടിയടുക്കുന്നു. സഖാവ് കരപ്പിന്റെ ശബ്ദം അവിടെയുണ്ടായ ബഹളങ്ങൾക്കും ട്രാൻസ്പോർട്ട് വണ്ടികളുടെ സൈറൻ വിളികൾക്കും ഉപരിയായി ഇങ്ങിനെ തെളിഞ്ഞു കേട്ടുതുടങ്ങി.—

പ്രിയപ്പെട്ട നാട്ടുകാരെ! സഖാക്കളെ!!

നാം ഇന്നു് ഒരു പ്രതിസന്ധിഘട്ടത്തെ തരണംചെയ്യുകയാണെന്നുള്ള വസ്തുത നിങ്ങളിൽ അധികംപേരും അറിഞ്ഞിട്ടില്ല. ഐക്യമുന്നണിയെ തോല്പിക്കുവാനായി കാൺഗ്രസ്സുകാർ എന്തു വൃത്തികേടുകളും കാണിക്കാൻ മടിക്കുകയില്ല. ഇവിടം ഭരിക്കേണ്ടതു് ഐക്യമുന്നണിയാണ്. എന്നിട്ടിവർ എന്താണു കാണിക്കുന്നതു്? എങ്ങാണ്ടോ കിടന്ന ഒരു ആചാരിയെ ഇവർ ഇവിടത്തെ അഡ്മിനിസ്ട്രേറ്ററായി ക്ഷണിച്ചുവരുത്താൻ പോകുന്നുപോൽ! സി. പി. രാമസ്വാമിഅയ്യർക്ക് നൽകിയിരുന്ന അവസാനത്തെ അഭയസ്ഥാനമായിരുന്ന ഈ മണ്ഡപത്തിൽ നിന്നുകൊണ്ടു ഞാൻ വിളിച്ചുപറയുന്നു, ഏതാചാരിവന്നാലും അയാൾക്കും സി. പി. യുടെ അനുഭവംതന്നെയായിരിക്കുമെന്ന്. (ഹിയർവിളിയും കരഘോഷവും.) കൈലേസെടുത്തു കഷണ്ടി തുടച്ചുകൊണ്ട് സഖാവ് പൂർവ്വാധികം വിജൃംഭിതവീര്യവാനായി ഇങ്ങിനെ തുടർന്നു:—

അതുകൊണ്ടു ഞാൻ നിങ്ങളോടു പറയുന്നു, ഈ കാൺഗ്രസ്സിനെ തച്ചുടയ്ക്കണമെന്ന്. (ഒരു ട്രാൻസ്പോർട്ട് തൊഴിലാളി ഒരു ചുറ്റികയുമായി മണ്ഡപത്തിൽ പാഞ്ഞുകേറി) ഹേ! ഞാൻ കാൺഗ്രസ്സല്ല കയർ കമ്മിറ്റി കാൺഗ്രസ്സിന്റെ വകയല്ല. ഞാൻ ആ കമ്മിറ്റിയിൽനിന്നും രാജിവയ്ക്കാൻ തന്നെ തീരുമാനിച്ചിരിക്കുകയാണ്", കുഞ്ഞരാമനാണ് ഈ കമ്മിറ്റി സംഘടിപ്പിച്ചതു്. അദ്ദേഹം കാൺഗ്രസ്സാണോ? പ്രൊഫസർ മാത്യൂതരകനാണു കമ്മിറ്റിയുടെ ചെയർമാൻ. അദ്ദേഹം കാൺഗ്രസ്സാണോ? ടി. കെ. ദിവാകരനാണ് കമ്മിറ്റിയിലെ മറ്റൊരു മെമ്പർ. ദിവാകരൻ കാൺഗ്രസ്സാണോ? അയ്യോ! എന്നെ ചുറ്റികകൊണ്ടു തല്ലരുതേ! ഞാൻ കമ്യൂണിസ്റ്റല്ല, കാൺഗ്രസ്സുമല്ല, ഒന്നുമല്ലേ!




"കമലവിലാസ്"
ചാന്ത്, കൺമഷി, കളഭം,
ദശാംഗം, ചുണ്ണാമ്പ്, പൽപ്പൊടി
എല്ലാകടകളിലും കിട്ടും
തയ്യാർ ചെയ്യുന്നവർ
പി. ഐ. അജ്ജർ കമലവിലാസ്, തൃശൂർ.


(ചുറ്റിക ആരുടെയോ ഒക്കെ തല തല്ലിപ്പൊളിക്കുന്ന ഒച്ചയും കൂട്ട നിലവിളിയും കേൾക്കുന്നു)

പഴയ നവഭാരതം ആഫീസും പിന്നത്തെ വിശാലകേരളം ആഫീസും ഇപ്പോഴത്തെ ബ്ളാക്ക്സ്റ്റോൺ ഹെഡാഫീസുമായ ഇരുനിലക്കെട്ടിടത്തിന്റെ മുകളിൽനിന്നും ഈയവസരത്തിൽ ഒരു അലർച്ച കേട്ടുതുടങ്ങി, സഖാവ് ശിവശങ്കരപ്പിള്ള ഒരു ചെങ്കൊടിയും ഉയർത്തിപ്പിടിച്ചുകൊണ്ട് ഇങ്ങിനെ വിളിച്ചുപറഞ്ഞു:—

"സാക്ഷാൽ ശബരിമല ധർമ്മശാസ്താവിനെയും നരസിംഹമൂർത്തിയെയും ചുട്ടെരിച്ചു തല്ലിത്തകർത്ത രാജ്യദ്രോഹികളും കുലദ്രോഹികളുമായ ഈ കാൺഗ്രസ്സിനെ വേരോടെ പിഴുതെറിയാൻ നാട്ടുകാർ അണിനിരക്കട്ടെ"

## ജനകീയ ജനാധിപത്യവാദികൾ അണിനിരക്കുന്നു

കുഞ്ഞരാമന്റെയും ഗോപാലക്കുറുപ്പിന്റെയും ശിവശങ്കരപ്പിള്ളയുടെയും ആഹ്വാനമനുസരിച്ച് തിരു-കൊച്ചിയിലെ ആബാലവൃദ്ധം ജനങ്ങളും കന്യാകുമാരി മുതൽ പിറവർവരെ വരിവരിയായി അണിനിരന്നപ്പോൾ അറബിക്കടലും സഹ്യാദ്രി ശൃംഗങ്ങളും സ്തംഭിച്ചുനിന്നുപോയി. വിവരമറിഞ്ഞ ഡെൽഹിയിലെ റെഡ്ഫോർട്ടിൽ ഉയർന്നുപാറുന്ന ത്രിവർണ്ണപതാക അടിമുടി വിറച്ചുവെന്നും, നെഹ്റു തുടങ്ങിയ നേതാക്കന്മാർ റെഡ്ഫോർട്ടിന്റെ അന്തരാള ഗുഹയിൽ അഭയം തേടിയെന്നും കിംവദന്തികൾ പരന്നു. അധികാരം ഏറ്റെടുക്കാൻ ഒരുങ്ങിനിന്ന കാൺഗ്രസ്സുകാരും ഐക്യമുന്നണി നേതാക്കന്മാരും ഈ ജനകീയ ജനാധിപത്യ പുരോഗമന മുന്നേറ്റ മുന്നണിയുടെ പടയിളക്കം കണ്ട് അസ്തപ്രജ്ഞരായി പമ്പകടന്നു. കാൺഗ്രസ്സ്നേതാക്കന്മാർ ശബരിമല ധർമ്മശാസ്താവിനെ അഭയംപ്രാപിച്ചിരിക്കയാണെന്നും, ഐ. മു. നേതാക്കന്മാർ അതിനും അപ്പുറത്തുള്ള അയ്യപ്പൻകാവിലെ ഭൂഗർഭത്തിൽ വിലയം പ്രാപിച്ചിരിക്കയാണെന്നും വാർത്ത പൊങ്ങി. ഈ ജനവഞ്ചകന്മാരെല്ലാം നാടുവിട്ടോടിയപ്പോൾ യഥാർത്ഥ ജനനേതാക്കന്മാർക്ക് കളം ഒഴിഞ്ഞുകിട്ടി.

## ഓച്ചിറ പടനിലത്തിലെ അങ്കക്കലി

അന്നു സൂര്യൻ ഉച്ചകഴിഞ്ഞു പടിഞ്ഞാട്ടിറങ്ങിയപ്പോൾ ചരിത്രപ്രഖ്യാതമായ ഓച്ചിറ പടനിലം രണശൂരന്മാരായ ജനനേതാക്കളെക്കൊണ്ടു നിറഞ്ഞുകവിഞ്ഞു. ഉത്തരവാദഭരണപ്രക്ഷോഭണമെന്നും പറഞ്ഞു രാജ്യത്തെ ഒറ്റിക്കൊടുത്ത ജനദ്രോഹികളുടെ വംശവിച്ഛേദം തന്നെ വരുത്തുമെന്നു് അവിടെ കൂടിയിരുന്നവരെല്ലാം ഉഗ്രമായൊരു സത്യപ്രതിജ്ഞയും ചെയ്തു. കാട്ടുകയറിയ കുലദ്രോഹികളെ പിന്തുടർന്നു പിടിച്ചുകെട്ടിക്കൊണ്ടുവന്നു ഓച്ചിറ പരദേവതയ്ക്കു ബലിയർപ്പിക്കുവാനായി ഒരു മുന്നേറ്റ മുന്നണിയെ - സഖാവ് ടി. എ. മൈതീൻകുഞ്ഞിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. ഈയാളും ഒരു ജനവഞ്ചകനാണെന്നു് കൂട്ടത്തിൽനിന്നും ആരോ വിളിച്ചു പറഞ്ഞതിനെ അഗ്രാസനത്തിലിരുന്ന സഖാവ് കുഞ്ഞരാമൻ [illegible] ചെയ്തു. കാമ്പിശ്ശേരി കരുണാകരൻ, കെ. എൻ. ഗോപാലക്കുറുപ്പ്, പൂജപ്പുര കൃഷ്ണൻനായർ, എം. കെ. കുമാരൻ, കണ്ടര പണ്ടാരത്തിൽ, ശ്രീനി, പ്രഭ, പാലക്കശ്ശേരി രാഘവൻ എന്നിങ്ങനെയുള്ള പഞ്ചാസ്യവിക്രമവാരിരാശികളായ വിശാല ജനകീയ ജനാധിപത്യവാദികളായ മുന്നണിനേതാക്കന്മാർ ആപാദശിരസ്സും ക്ഷൗരകർമ്മങ്ങളും ചെയ്തു കസ്തൂരി, കളഭം, കുങ്കുമം എന്നിവയാൽ നൂറ്റിയെട്ടു കുറിയും വരച്ചു ലങ്കോട്ടികെട്ടി രംഗത്തു ചാടിവീണു. ആ ചാവേർപട വടക്കുകിഴക്കൻ മലകൾ നോക്കി ഇരച്ചുകുതിച്ചു മുന്നോട്ടു പാഞ്ഞുപോയപ്പോൾ മങ്കമാർ വായ്ക്കുരവയിടുകയും, വൃദ്ധന്മാർ നിറകയിൽ തൊട്ടനുഗ്രഹിക്കുകയും, ബാലന്മാർ മുദ്രാവാക്യങ്ങൾ മുഴക്കുകയും ചെയ്തു

## ജനവഞ്ചകന്മാരെ വേട്ടയാടുന്നു

ശബരിമല പതിനെട്ടാംപടിയിൽ വച്ചുകണ്ട മലമ്പണ്ടാരം നീലാണ്ടന്റെ അകമ്പടിയോടുകൂടി ചാവേർപട കാടിളക്കിത്തുടങ്ങി. കരിമലയിറക്കത്തൊരു കൊക്കയിൽ പാഞ്ഞുനിന്ന ചെമ്പകത്തിന്റെ മണ്ടയിൽനിന്നും സി. കേശവനെ കയ്യോടെ പിടിച്ചിറക്കി, അടുത്തൊരു പള്ളത്തിൽ കണ്ടിയില്ലിപ്പടർപ്പിൽ നിന്നും ശ്വാസം പിടിച്ചു കമിഴ്ന്നു കിടന്ന കമ്പളത്തു ശങ്കുപ്പിള്ളയെ പിടികിട്ടി. ആകാശം മുട്ടിനിന്ന മുക്കംപാലയുടെ മൂങ്ങാപ്പൊത്തിൽ തലകടത്തിവച്ചു കണ്ണടച്ചുകിടന്ന ടി. എം. വറുഗീസിനെ പിടികിട്ടുവാൻ യാതൊരു വിഷമവും ഉണ്ടായില്ല. ഇതിനിടയിൽ കിഴക്കൻ മലനാട്ടിലുള്ള അയ്യപ്പൻകാവിൽനിന്നും എ. എൻ. ഗോവിന്ദൻനായർ, പി. റ്റി. പുന്നൂസ്, സുഗതൻ, ശ്രീകണ്ഠൻനായർ തുടങ്ങിയ കടുത്ത ജനദ്രോഹികളെയും പിടികിട്ടിയതായ സന്തോഷവാർത്ത വയർലെസ്സ് മുഖേന ചാവേർ നേതാവായ മൈതീൻകുഞ്ഞിനു ലഭിച്ചുകഴിഞ്ഞിരുന്നു. അങ്ങിനെ സകലമാന ജനവഞ്ചകന്മാരെയും ആമംവച്ചു് ഓച്ചിറ പരദേവതയ്ക്കു ബലിയർപ്പിച്ചു കഴിഞ്ഞപ്പോൾ ദിങ്മുഖങ്ങൾ പൂർവ്വാധികം പ്രകാശമാനമായിത്തീർന്നു

## ജനകീയം വീണ്ടെടുക്കുന്നു

ജനവഞ്ചകന്മാരെ കുരുതി കൊടുത്തപ്പോൾ തിരു-കൊച്ചിയിലെ യഥാർത്ഥജനകീയത്വത്തിനു വഴിതുറക്കപ്പെട്ടു

ബാക്കി അടുത്തതിൽ –

ഇനി ഒരു പൊതുതെരഞ്ഞെടുപ്പു നടത്തിയാൽ ഭൂരിപക്ഷംചേർന്നു ഭരണം ഏറ്റെടുക്കുവാനുള്ള ഒരു സുശക്ത രാഷ്ട്രീയ കക്ഷി ഉടലെടുക്കണമെന്നു രാജപ്രമുഖനു ബോദ്ധ്യമായതിനെത്തുടർന്നു പൊതു തെരഞ്ഞെടുപ്പിനെപ്പറ്റിയുള്ള വിളംബരമുണ്ടായി. തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ പ്രധാനമായും രണ്ടു കക്ഷികളാണു മുമ്പോട്ടുവന്നതു്. ഒന്നു് സഖാവു് കുഞ്ഞുരാമന്റെ നേതൃത്വത്തിലും സഖാക്കൾ കട്ടിയാട്ടു ശിവരാമപ്പണിക്കർ കെ ജി. കുഞ്ഞുകൃഷ്ണപിള്ള എന്നിവരുടെ മഹനീയ രക്ഷാകർത്തൃത്വത്തിലും രൂപീകരിക്കപ്പെട്ട വിശാല ജനകീയ ജനാധിപത്യ പുരോഗമന മുന്നേറ്റ മുന്നണിയെന്നു വിസ്തരിച്ചും, വി. ജ. ജ. പു. മു. മു. എന്നു ചുരുക്കത്തിലും അറിയപ്പെടുന്ന കക്ഷി രണ്ടു് ഹിന്ദുമഹാമണ്ഡല ഡെമോക്രാറ്റിക്കു് കോൺഗ്രസ്സ് സോഷ്യലിസ്റ്റ്പാർട്ടി എന്നു വിസ്തരിച്ചും ഹി. മ. ഡെ. കം. സോ. എന്നു ചുരുക്കത്തിലും അറിയപ്പെടുന്ന കക്ഷി. ഇങ്ങിനെ രാജ്യം വ്യക്തമായും രണ്ടു ചേരിയായി അണിനിരന്നപ്പോൾ ദേവാലയങ്ങളിൽ ശംഖനാദവും മംഗളവാദ്യങ്ങളും കൂട്ടമണിയടിയും മുഴങ്ങി. ദേവകൾ ആകാശത്തുനിരന്നു നേതാക്കന്മാരുടെ ശിരസ്സിൽ പുഷ്പവൃഷ്ടിചെയ്തു

## തിരഞ്ഞെടുപ്പു സ്റ്റണ്ടുകൾ

രാജ്യത്തെ മുക്കുമൂലകളിൽ നിന്നും ജനദ്രോഹികളിൽനിന്നും പടവെട്ടിപ്പിടിച്ച വി. ജ. ജ. പു. മു. മു. വിനു വോട്ടു നൽകി വിജയിപ്പിക്കുവാൻ ഒരു കൂട്ടർ പ്രസംഗപീഠങ്ങൾ ഒരുക്കിയപ്പോൾ മറുകൂട്ടർ സകല ദേവാലയങ്ങളിലെയും വിഗ്രഹങ്ങൾ ഇളക്കി സപ്രമഞ്ചങ്ങളിൽവച്ചു ശീവേലി എഴുന്നള്ളിച്ചു പഞ്ചവാദ്യങ്ങൾ മുഴക്കിക്കൊണ്ടു് വി ജ. ജ. പു. മു മു. വിന്റെ പട്ടിണിഭരണവും മർദ്ദനഭരണവും അവസാനിപ്പിക്കുന്ന ഹി മ ഡെ കം സോ സ്ഥാനാർത്ഥികൾക്കു വോട്ടു നൽകി വിജയിപ്പിക്കുവാൻ ആഹ്വാനം മുഴക്കി. അങ്ങിനെ തെരഞ്ഞെടുപ്പു പ്രചരണങ്ങൾകൊണ്ടു് രാജ്യം കുട്ടിച്ചോറാക്കുകയും രാജ്യവാസികൾ പൊറുതി മുട്ടുകയും ചെയ്തപ്പോൾ ഇരു കക്ഷികളിലുംപെട്ട നേതാക്കന്മാരിൽ പരാജയ ഭീതി സംജാതമായി

## അടവുകൾ മാറുന്നു

വി. ജ ജ. പു മു. മുവിന്റെ ഏറ്റവും വലിയ നേതാവായ സഖാവു് പി: സി ജോഷിയെ ഹിമാലയസാനുക്കളിൽനിന്നും എഴുന്നള്ളിച്ചു. ചിറ്റൂർ മുതൽ കന്യാകുമാരിവരെ ഒരു ദിഗ്വിജയംനടത്തി ആ മഹാനേതാവിനെ ഒരു നോക്കുകാണുവാനും അദ്ദേഹത്തിന്റെ ആവേശഭരിതമായ പ്രസംഗങ്ങൾ കേൾക്കുവാനും വഴിനീളെ ജനങ്ങൾ ലക്ഷക്കണക്കിനു കൂട്ടം കൂടി നിന്ന കാഴ്ചകണ്ടു ഹി മ. ഡെ. കം. സോ നേതാക്കന്മാർ ഇതികർത്തവ്യതാ വിമൂഢരായി പകച്ചു നിന്നുപോയി. അപ്പോൾ അവർക്കൊരു ബുദ്ധി ഉദിച്ചു വിയ്യൂർ ജയിലിൽ അടച്ചിരിക്കുന്ന സഖാവു് കെ. എൻ. ശങ്കുണ്ണിപ്പിള്ളയെന്ന ഉഗ്രനായ ഹി. മ. ഡെ. കം. സോ നേതാവിനെ ജയിലിൽ നിന്നും ഇറക്കിത്തൊപ്പിപ്പാളയും വച്ചുകെട്ടി നാട്ടനീളെ മഹത്തായ ഘോഷയാത്രനടത്തി. ജനങ്ങൾ തിരിഞ്ഞുനിന്നു് ആ രക്തസാക്ഷിയെ രക്തഹാരങ്ങൾ അർപ്പിച്ചു സ്വീകരിച്ചു പണക്കിഴികളും സമർപ്പിച്ചു.

## തെരഞ്ഞെടുപ്പു സഖ്യം

സമരപാരമ്പര്യവും സ്വാധീന ബലവുമുള്ള വി. ജ. ജ. പു മു. മു. ക്കാരോടു് ഒറ്റയ്ക്കു നിന്നു പൊരുതാൽ ജയം അസാദ്ധ്യമാണെന്നു കണ്ടറിഞ്ഞ ഹി. മ ഡെ: കം. സോ നേതാക്കന്മാർ ഒരു കൂട്ടുകെട്ടിനു തന്നെ മുതിർന്നു. മുറകേറും കഴവേറും കഴിഞ്ഞിട്ടും അങ്ങിങ്ങായി അവശേഷിച്ച കോൺഗ്രസ്സ് ഘടകങ്ങളെയും ഐ. മു ഘടകങ്ങളെയും തേടിപ്പിടിച്ചു് ഒരു വിശാല ഐക്യമുന്നണി ഹി. സോ ഉണ്ടാക്കുവാൻ തന്നെ അവർ തീരുമാനിച്ചു. അങ്ങിനെ തിരഞ്ഞെടുപ്പും സമാഗതമായി.

## മുന്നേറ്റ മുന്നണിയിലെ കരിങ്കാലിപ്പണികൾ

മുന്നേറ്റമുന്നണിയിലെ മുന്നണി നേതാക്കന്മാരും ചാവേർ പടയാളികളും ഓരോരോ നിയോജകമണ്ഡലങ്ങളിൽ സ്ഥാനാർത്ഥികളായി ഉദയം ചെയ്തു. ഇരവിപുരം നിയോജകമണ്ഡലത്തിൽ മുന്നേറ്റമുന്നണി സ്ഥാനാർത്ഥിയായി സഖാവു് എം. കെ. കുമാരനും, ഐക്യമുന്നണി ഹി. സോ, യായി വീരശ്രീ കെ. സുകുമാരനും രംഗപ്രവേശം ചെയ്തു. രണ്ടു സ്ഥാനാർത്ഥികളും അർജ്ജുന ദുര്യോധനന്മാരെപ്പോലെ സാക്ഷാൽ പാർത്ഥസാരഥിയായ കൊച്ചു പിലാംമൂട്ടിൽ പള്ളികൊള്ളും പരമേശ്വരനെ അഭയംപ്രാപിച്ചു. മായാനിദ്രയിൽ പള്ളികൊണ്ട ഭഗവാൻ ഉണർന്ന ഉടനെ കാല്ക്കൽനിന്ന കുമാരനെയാണു കണ്ടതു്. അങ്ങിനെ വരാൻപോകുന്ന ഭാരതയുദ്ധത്തിൽ നിരായുധനായ ഭഗവാനെ കുമാരനും, ഭഗവാന്റെ അക്ഷൗഹിണിയും ആയുധബലവും സുകുമാരനും ലഭിച്ചു. എന്നാൽ ആ തിരുസന്നിധിയിൽ വച്ചുതന്നെ കുമാരസുകുമാരന്മാർ ഒരു സന്ധിക്കരാറിനും സമ്മതം മൂളേണ്ടിവന്നു.

## സന്ധിയാവിതു :—

സുകുമാരനും കുമാരനും തമ്മിൽ സംഗരമുണ്ടായാൽ വിജയം ആർക്കാ


## മോഹത്തിന്റെ മൊട്ടുകൾ

യൗവ്വനത്തിലേയ്ക്കു കാലുകുത്തിയ കാലം മുതൽ, കടിഞ്ഞാണില്ലാത്ത കുതിരയെപ്പോലെ വികാരങ്ങളുടെ വികൃതവിക്രിയകൾക്കടിമപ്പെട്ടതിന്റെ ഫലമായി അനുദിനം എത്രയെത്ര മോഹത്തിന്റെ മൊട്ടുകളാണു വിരിയാതെ കരിഞ്ഞുകൊഴിഞ്ഞുപോകുന്നതു്.

കവിളൊട്ടി, കണ്ണുകുഴിഞ്ഞു്, പല്ലുപൊന്തി, അരതേഞ്ഞു്, അവശരായി, അസംതൃപ്തിക്കടിമകളായി, സ്വപ്നസ്ഖലനം ശീഘ്രസ്ഖലനം, ഉല്പാദനേന്ദ്രിയ ദൌർബല്യം, സ്തംഭം മുതലായ കൂട്ടുകാരോടുകൂടി ജീവിക്കുന്ന എത്രയോ യുവാക്കന്മാരുണ്ടു്. അവരുടെ ദുരിതാനുഭവങ്ങളിൽ നിന്നു മോചനം നേടുവാൻ ഞങ്ങളുടെ

**രമണൻ**

എന്ന വാജീകരണൗഷധംമാത്രം സേവിച്ചാൽ മതി 20 ഡോസ് ബോട്ടിൽ 2 ക. 8 ണ മാത്രം

**ച്യവനപ്രാശം**— "ഞാനും ച്യവനപ്രാശം സേവിച്ചിട്ടുണ്ടു്" എന്നു പറഞ്ഞതുകൊണ്ടായില്ല. ഞങ്ങളുടെ ച്യവനപ്രാശം നിങ്ങൾ സേവിച്ചിട്ടില്ലെങ്കിൽ ഉടനെ സേവിക്കുവിൻ! അപ്പോൾ അനുഭവപ്പെടും അതിന്റെ പ്രത്യേകത. റാത്തൽ ഒന്നിനു് 3 ക. 8 ണ.

N. B. പ്രധാനപ്പെട്ട എല്ലാ ആയുർവേദൗഷധങ്ങളും ശാസ്ത്രീയമായി സംസ്ക്കരിച്ചു സംഭരിപ്പിച്ചിരിക്കുന്നു. വിലയും പരിമിതമാണു്.

വി. പി. ആയി ആവശ്യപ്പെടുന്നവർ ഹെഡാഫീസിലോ വക്കല ബ്രാഞ്ചിലോ എഴുതേണ്ടതാണു്.

അ. ഗംഗാധരൻവൈദ്യൻ

**സ്വതന്ത്രഫാർമസി [REGD]**

H. O. ചാലക്കുടി

ബ്രാഞ്ച് —ആയുർവേദകോളേജിനു മുൻവശം, പുത്തൻചന്ത, തിരുവനന്തപുരം.

ണ്ണന്നു തീർത്തുപറവാൻ സാദ്ധ്യമല്ലാ. അതിനാൽ ആ സഹോദരന്മാർ ഇങ്ങനെ ഉഭയസമ്മതം നൽകി. ഏതു കക്ഷി ജയിച്ചുവന്നാലും ജയിക്കുന്ന കക്ഷി ഭരണം ഏറെറടുക്കും. അതിനാൽ ജയിക്കുന്ന കക്ഷിക്കാരൻ അപരന്നു ഏറ്റുരിലെ നൂറേക്കർ ചളുപ്പനിലങ്ങളും അച്ചൻകോവിൽ മലകളിൽ നിന്നും ആയിരം ഏക്കർ വനവും പതിച്ചുകൊടുക്കണം. ആരുടെ പേരിൽ പതിവു നടന്നാലും വനത്തിൽനിന്നും വെട്ടിയിറക്കുന്ന തടിയൊക്കെ സുകുമാരനും, തായൊക്കെ അളിയൻ അശോകനും, നിലമൊക്കെ കുമാരനും വീട്ടുകൊടുക്കണം. ഈ കരാർ എല്ലാവർക്കും ഒരുപോലെ സമ്മതമാകയാൽ അവർ എല്ലാവരും ചേർന്നു ഭഗവാൻ പരമേശ്വരന്റെ മായാവൈഭവത്തെ വാഴ്ത്തിപ്പാടി

## മൂന്നാംമുന്നണിയുടെ തൊഴുത്തിൽകുത്ത്

കുമ്പിശ്ശേരി കരുണാകരനും മൈതീൻകുഞ്ഞും വള്ളികുന്നം നിയോജകമണ്ഡലംതന്നെ വേണമെന്നു ശഠിച്ചു. കൊല്ലത്തു പോലീസുപേടിയുണ്ടായപ്പോഴും ജാമ്യം എഴുതിവച്ചുകൊണ്ടു വള്ളികുന്നത്തുപോയി ഒളിച്ചുകിടക്കുകയും, വള്ളികുന്നത്തു ഇടിവണ്ടി വന്നപ്പോഴും മരുന്നുസേവിപ്പാൻ കായങ്കുളത്തേയ്ക്കു താമസം മാററുകയും ചെയ്ത കാമ്പിശ്ശേരി ജനശത്രുവാണെന്നു മൈതീൻകുഞ്ഞും, മൈതീൻകുഞ്ഞിന്റെ നാവികൻ പണിയൊന്നും ഇവിടെ ചെലവാകുകയില്ലെന്നു കാമ്പിശ്ശേരിയും തീർത്തുപറഞ്ഞുകൊണ്ടു അവർ പരസ്പരം ഏററുമുട്ടി. ചവറ നിയോജകമണ്ഡലത്തിൽ ഗോപാലക്കുറുപ്പും ഗോപിനാഥൻനായരും തമ്മിൽ കതികാൽ വെട്ടുനടത്തി. പൂജപ്പുര കൃഷ്ണൻനായരും പണിമാരത്തിലും തമ്മിൽ ആയ്യനാട്ടുരു കോഴിപ്പോരു്. കുഞ്ഞുരാമനും വി. പി. നായരും തമ്മിൽ ചിറയിൻകീഴ നടത്തിയ മത്സരത്തിൽ ഹി. സോ. സ്ഥാനാർത്ഥി അവരെ രണ്ടുപേരെയും നിഷ്പ്രയാസം തോല്പിച്ചു. ശ്രീനിയും പ്രഭയും തമ്മിൽ പരവൂർ പൊഴിക്കര നടത്തിയ സംഗരം ചിത്രവിചിത്രം എന്നു മാലോകർ കൊണ്ടാടി, ഹരീന്ദ്രനാഥചതോപാദ്ധ്യായ പുരോഗമനസാഹിത്യകാരനാണോ അല്ലയോ എന്നായിരുന്നു അവിടത്തെ വിവാദവിഷയം.

അങ്ങിനെ വിശാല ജനകീയ ജനാധിപത്യ പുരോഗമന മുന്നേററ മുന്നണി തിരുകൊച്ചിയിലെ 108 സ്ഥാനങ്ങളിലും സ്ഥാനാർത്ഥികളെ നിർത്തി മത്സരിച്ചു 44 സ്ഥാനം പിടിച്ചെടുത്തു ഹി. സോ. യാകട്ടെ ബാക്കിയുള്ള 64 സ്ഥാനങ്ങളും തട്ടിയെടുത്തു വിജയശ്രീലാളിതരായി മുന്നേറി. വിശാല ജനകീയ ജനാധിപത്യ പുരോഗമന മുന്നേററ മുന്നണയുടെ പൊടിപോലും പിന്നെ തിരു–കൊച്ചി രാഷ്ട്രീയത്തിൽ അവശേഷിച്ചില്ലത്രെ.

—

വനിതാപംക്തി

# വേഷം

(എ. പ്രഭ)

അനാറാതോം ഫ്രാൻസ് എഴുതിയ 'പെൻഗ്വിൻ ഐലൻറ്' എന്ന നോവൽ വായിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിൽ വസ്ത്രധാരണത്തെപ്പററിയുള്ള കഥ തീർച്ചയായും ഓർക്കുന്നുണ്ടാവും. വായിക്കാൻ സൗകര്യം ലഭിച്ചിട്ടില്ലാത്തവർക്കു വേണ്ടി അതിവിടെ സൂചിപ്പിച്ചുകൊള്ളട്ടെ

പെൻഗ്വിൻ ഐലൻറ് എന്ന ദ്വീപിൽ ആരും തന്നെ വസ്ത്രം ധരിച്ചിരുന്നില്ല. അങ്ങനെ ശരീരത്തിനു ആവരണംകൂടാതെ സ്ത്രീപുരുഷന്മാർ സഞ്ചരിക്കുന്നതിൽ എന്തെങ്കിലും തെറേറാ അപരിഷ്കൃതത്വമോ ഉണ്ടെന്നു ഒരുവരും കരുതിയിരുന്നുമില്ല. അങ്ങനെയിരിക്കെ ചെകിത്താൻ ആ നാട്ടിൽ കടന്നുചെന്നു. സ്ത്രീകൾക്കു വേണ്ടി യാതൊരു ലഹളയുമില്ലാതെ സകലവും ശാന്തമായും സന്തോഷമായും നടക്കുന്നതു കണ്ടു ചെകിത്താനു് വലിയ അസുഖം തോന്നി. എങ്ങനെയെങ്കിലും അവരുടെ ഇടയിൽ കുറെ അസ്വാസ്ഥതയുണ്ടാക്കണമെന്നുതന്നെ നിശ്ചയിച്ചു. അവിടത്തെ യുവതികളുടെ കൂട്ടത്തിൽ പറയത്തക്ക യാതൊരു ശരീരഭംഗിയുമില്ലാത്ത ഒരുത്തയുണ്ടായിരുന്നു. യുവജനങ്ങളുടെ ഉൾത്തടത്തിന്റെ സ്പന്ദനക്രമത്തെ കൂട്ടുവാനോ കുറയ്ക്കുവാനോ കഴിയാതിരുന്ന തരത്തിലുള്ളതായിരുന്നു അവളുടെ സൗന്ദര്യം. ചുരുക്കിപ്പറഞ്ഞാൽ ആരുംതന്നെ അവളെ ശ്രദ്ധിക്കാറുണ്ടായിരുന്നില്ല. അവളെ ചെകിത്താൻ സമീപിച്ചു. യുവജനങ്ങളിൽ എല്ലാവരുടേയും ശ്രദ്ധയെ ആകർഷിക്കാൻ ഒരു വിദ്യയും പറഞ്ഞുകൊടുത്തു. അതു വേറെയൊന്നുമല്ല. അയാൾ കൊടുത്ത ചില വസ്ത്രങ്ങൾ ധരിച്ചു, അവൾ തന്റെ ശരീരത്തിന്റെ പല ഭാഗങ്ങളേയും മൂടിക്കൊണ്ടു നടക്കണമെന്നുമാത്രം. ഒരു വൈകുന്നേരത്തു കടൽപ്പുറത്തു അവൾ ചെകിത്താൻ കൊടുത്ത വസ്ത്രങ്ങൾ ധരിച്ചുകൊണ്ടു പ്രത്യക്ഷയായി. യുവതീയുവാക്കൾ അങ്ങിങ്ങു ഒന്നുചേർന്നു ഉല്ലസിച്ചു നടന്നിരുന്നു. ചില യുവാക്കന്മാർ അസ്തമിക്കുവാൻ തുടങ്ങുന്ന സൂര്യന്റെ കാന്തിയാസ്വദിച്ചുകൊണ്ടു ശയിക്കുകയായിരുന്നു. അപ്പോഴാണ് വസ്ത്രത്താൽ ആച്ഛാദിതമായ ശരീരത്തോടുകൂടെ അവൾ അവരുടെ ഇടയിൽ പ്രത്യക്ഷമായതു്. പെട്ടെന്നു എല്ലാവരുടേയും കണ്ണുകൾ അവളുടെ നേർക്കുതിരിഞ്ഞു. അത്ഭുതംകൊണ്ടും ജിജ്ഞാസകൊണ്ടും അവയൊക്കെ വികസിച്ചു. നൂതനമായ ലജ്ജയാൽ വിനമ്രമായ മുഖത്തോടെ, ആരേയും ശ്രദ്ധിക്കാതെ, എത്രയോ [അഭികാമ്യവും അമൂല്യവുമായ ചിലതൊക്കെ ആ വസ്ത്രത്താൽ ;നിഗൂഹനംചെയ്തിരിക്കുന്നു എന്ന ഭാവത്തിൽ ആടിയുലഞ്ഞു കുലുക്കാൻ കഴിവുള്ളവയെയൊക്കെ കുലുക്കിക്കൊണ്ടു്, അവൾ അങ്ങനെ പോവുകയായിരുന്നു. തങ്ങളുടെ കൂടെയുണ്ടായിരുന്ന യുവതികളെയൊക്കെ യുവാക്കന്മാർ നിശ്ശേഷം മറന്നു, അവളെ അനുഗമിക്കാൻ സന്നദ്ധരായി, അലസരായി, സായാഹ്നകാന്തി നോക്കിക്കൊണ്ടു കിടന്ന പ്രകൃതിസൗന്ദര്യാരാധകർ പെട്ടെന്നു ചാടിഎണീററു് ചുറുചുറുക്കോടെ അവളെ സമീപിക്കാൻ ആഞ്ഞു നടക്കുകയായി. അതേവരെ അവളുടെ ശരീരത്തിന്റെ ഒരു ഭാഗത്തെപ്പററിയും ജിജ്ഞാസതോന്നാതിരുന്ന അവർ ജിജ്ഞാസയുടെ മൂർത്തീകരണം തന്നെയായി. അവരൊക്കെ തങ്ങളിൽ ശണ്ഠയും വട്ടമിട്ടു, അതേവരെ കാമിനിയ്ക്കുവേണ്ടി കലഹം കൂട്ടിയിട്ടില്ലാത്ത അപ്പോഴ്, നോക്കണം വേഷത്തിന്റെ ഇന്ദ്രജാലം!

വസ്ത്രം ധരിക്കുന്നതിന്റെ ഗുണങ്ങളേയും മററും ഈ കഥ തികച്ചും വ്യക്തമാക്കുന്നുണ്ടല്ലോ. അതുകൊണ്ടായിരിക്കണം, വേഷധാരണമാണു് ലോകത്തിലെ ഒന്നാമത്തെ കല എന്നു പറയുന്നതു്. ചരിത്രത്തിന്റെ നോട്ടം ചെന്നെത്താത്തകാലത്തെ അപരിഷ്കൃതവംശങ്ങളിലെ സ്ത്രീകൾ:പോലും വസ്ത്രത്തെ, അന്യരെ ആകർഷിക്കാനുള്ള ഒരു മാർഗ്ഗമായും തണുപ്പും ചൂടും തടയുന്നതിനുള്ള ഉപകരണമായും പരിഗണിച്ചിരിക്കണം. അവയ്ക്കൊക്കെ ഒരു മാററ കൂട്ടുവാനെന്ന നിലയിലായിരിക്കണം അവളിൽ സ്ത്രീസഹജമായ ശാലീനതയും അതിനോടനുബന്ധപ്പെട്ട ഉപജാതങ്ങളും പ്രത്യക്ഷമാകുവാൻ തുടങ്ങിയതു്

വസ്ത്രങ്ങളേയും ആഭരണങ്ങളേയും ആദ്യമായി സ്ത്രീകൾ ഉപയോഗിക്കാൻ തുടങ്ങിയ കാലത്തു അതു് അന്യരുടെ ശ്രദ്ധയെ ആകർഷിക്കാൻ ഉദ്ദേശിച്ചവ ആയിരുന്നില്ലെന്നു വന്നേക്കാം. എന്തെങ്കിലും കാര്യം നേടണമെന്നും അവർക്കു ഉദ്ദേശമുണ്ടായിരുന്നിരിക്കില്ല. വെയിലും തണുപ്പും മററും തട്ടാതെ നോക്കുക എന്നുള്ളതായിരിക്കാം അദ്യകാലത്തൊക്കെയുള്ള ആഗ്രഹം. പ്രകൃതിയിലെ മററ പല ജീവികളേയും പരിശോധിച്ചാൽ സൗന്ദര്യം കൂടുതലുള്ളതു് പുരുഷവർഗ്ഗത്തിനാണെന്നു കാണാവുന്നതാണു്. അങ്ങനെ അഭിപ്രായം സ്ത്രീകൾക്കും ഉണ്ടായിരുന്നിരിക്കും. ആ ന്യൂനത പരിഹരിക്കുന്നതിനു് കണ്ടുപിടിച്ചതാകാൻ പാടില്ലായ്കയല്ല വേഷവിധാനങ്ങൾ, (മുടക്കേണ്ടും ന്നു പറയട്ടെ, സൗന്ദര്യം കാണ്മാൻ കഴിയുന്ന നല്ല കണ്ണുകൾ തന്നെയുള്ള പല സ്നേഹിതന്മാരുടേയും അഭിപ്രായത്തിൽ, മററ ജീവികളുടെ കാര്യത്തിൽ എങ്ങനെയായാലും മനുഷ്യജീവികളുടെ കാര്യത്തിൽ സൗന്ദര്യം പുരുഷനേക്കാൾ കൂടുതലുള്ളതു് സ്ത്രീയ്ക്കുതന്നെയാണു്.

ആദിമ മനുഷ്യർ തീർച്ചയായും ബീഭത്സ സൃഷ്ടികൾതന്നെയായിരിക്കണം. യുഗാന്തരങ്ങളിലെ പ്രയത്നഫലമായി അവർ തങ്ങളുടെ സൗന്ദര്യത്തെ വർദ്ധിപ്പിച്ചിരിക്കാം. അഥവാ അവരുടെ അഭംഗിയെ ന്യൂനീകരിച്ചുകൊണ്ടുവന്നിരിക്കാം. ലൈംഗികാകർഷണത്തിന്റെ ഫലമായി അവൻ

അവൾക്കുവേണ്ടിയും അവൾ അവനുവേണ്ടിയുംതന്നെ മിനുക്കി നന്നാക്കിയെടുത്തിട്ടുള്ള ഇന്നു കാണുന്ന രൂപങ്ങളിൽ എത്തിച്ചേർന്നിരിക്കുന്നു എന്നും പറയാമെന്നു തോന്നുന്നു. ഇന്നു നിങ്ങളിൽ ഒരോരുത്തരുടേയും സങ്കല്പത്തിൽ സ്ഥിതിചെയ്യുന്ന സൗന്ദര്യരൂപം അനേകം ആളുകൾ കൂടി വളരെ നാളുകൾകൊണ്ടു സൃഷ്ടിച്ചതാണെന്നു പറയാവുന്നതാണ്. മുന്നൂറും നാനൂറും വർഷങ്ങൾ പഴക്കമുള്ള ചിത്രങ്ങൾ നോക്കിയാൽ സൗന്ദര്യത്തെപ്പററിയുള്ള സങ്കല്പം എത്രത്തോളം മാറിപ്പോയിരിക്കുന്നു എന്നു നമുക്കു കാണാവുന്നതാണല്ലോ.

സ്ത്രീയുടെ ലാവണ്യം വർദ്ധിച്ചതോടുകൂടെ ഭൂഷകളണിയുന്നതിനുള്ള അഭിവാഞ്ഛയും വർദ്ധിച്ചിട്ടുണ്ടത്രേ. പുരുഷനെ വ്യാമോഹിപ്പിക്കുകയും അവന് തന്റെ പേരിലുള്ള അഭിനിവേശത്തിനു യാതൊരു ഗ്ലാനിയും തട്ടാതെ നോക്കുകയും ചെയ്യുന്നതിന് തന്റെ ശാരീരികമായ സൗന്ദര്യത്തെ യാതൊരു വാട്ടവും കൂടാതെ പരിരക്ഷിക്കുക എന്നുള്ളതു ഒരാവശ്യവും കൂടെയാണല്ലോ. അവൾക്കു ജീവിക്കണമെങ്കിൽ അങ്ങനെ ആരെങ്കിലും സഹായിക്കാനുണ്ടാവണം. സാമ്പത്തികമായി പറയത്തക്ക നിലയില്ലാത്തവരുടെ കാര്യത്തിലാണ് ഈ ആവശ്യം കൂടുതലായുള്ളതു്. അവൾക്കാണെങ്കിൽ ഗർഭം ധരിക്കണം, അതിനെത്തുടർന്നുള്ള കഷ്ടപ്പാടുകളൊക്കെ സഹിക്കണം. അക്കാലത്തു ആഹാരം തേടി നടക്കുക മുതലായ കാര്യങ്ങൾ പൗരാണികകാലം മുതൽക്കു തന്നെ പ്രയാസമേറിയ കാര്യങ്ങളാണെന്നു അവൾ കണ്ടു. ആ പ്രശ്നത്തെ നേരാംവണ്ണം നേരിടുന്നതിനുവേണ്ടി പുരുഷന്റെ സഹായം ആവശ്യമുണ്ടു്. അവനെ സമ്പാദിക്കുന്നതിന് ഏററവും പ്രധാനമായി വേണ്ടതു് സൗന്ദര്യമാണെന്നു സ്ത്രീ എളുപ്പം കണ്ടുപിടിച്ചിരിക്കണം. പ്രായം വർദ്ധിക്കുന്നതുകൊണ്ടും മററും തനിക്കുള്ള സൗന്ദര്യം മങ്ങുന്നതോടുകൂടെ അവന് തന്മേലുള്ള താല്പര്യത്തിനും ഗ്ലാനി തട്ടുന്നുണ്ടാവുമെന്നു കണ്ടതുമുതല്ക്കാണ് കലാപരമായും ലൈംഗികമായും തന്റെ ലാവണ്യത്തെ പ്രവൃദ്ധമാക്കാൻ അവൾ യത്നിച്ചുതുടങ്ങിയതു്. ഓരോ യുവതിയും ആഗ്രഹിക്കുന്നു, തനിക്കു മററുള്ളവരേയുംകാൾ ആകർഷകത്വം ഉണ്ടായിരിക്കണമെന്ന്. അങ്ങനെയാകുന്നതിനുവേണ്ടി അവരെല്ലാംതന്നെ ഒരു അപ്രഖ്യാപിതസമരത്തിൽ ഏർപ്പെട്ടിരിക്കുകയുമാണ്. ഇന്നു സൗന്ദര്യം ആക്രമണത്തിന് വേണ്ടിയുള്ള ഒരു ആയുധമായിത്തീരുകയും ചെയ്തിരിക്കുന്നു.

വസ്ത്രത്തെ സംബന്ധിക്കുന്ന പഠനം അത്യന്തം രസകരമായതാണ്. ആന്തരമായ ഉദ്ദേശത്തേയും ബാഹ്യമായ രൂപത്തേയും സംബന്ധിച്ചിടത്തോളം സ്ത്രീകളുടെ വസ്ത്രങ്ങൾ അത്യത്ഭുതാവഹമായ പരിവർത്തനത്തിന് വിധേയമായിത്തീർന്നിട്ടുണ്ട്. വളരെ ചുരുങ്ങിയ കാലയളവിനുള്ളിൽ തന്നെ അതു സംഭവിക്കുകയും ചെയ്യുന്നുണ്ടെന്നു കണ്ണുള്ളവർക്കു എളുപ്പത്തിൽ കാണുവാൻ കഴിയും. ഒരു പതിനഞ്ചു കൊല്ലങ്ങൾക്കു മുൻപു സാരി ഒരു അപൂർവ്വസംഗതയായിരുന്നു. എന്നാൽ ഇന്നു അതു സർവ്വസാധാരണമായിത്തീർന്നിട്ടുണ്ടല്ലോ. സാമ്പത്തികമായ ലാഭം നോക്കിയാലും സൗന്ദര്യത്തിന്റെ മിനുക്കം വർദ്ധിപ്പിക്കുന്നതിനുള്ള കഴിവുനോക്കിയാലും സാരിക്കു പല മേന്മകളുമുണ്ട്. അതുപോലെ തന്നെ ബ്ളൗസിന്റെ കാര്യത്തിലും, മുൻപു അതിന്റെ കൈ മുട്ടുവരെ ഇറക്കമുള്ളതായിരുന്നു. അതു കുറേശ്ശെ കയറി ഇടക്കാലത്തു തീരെ ഇല്ലാതെയായി. അതുകഴിഞ്ഞ സിനിമാക്കാരികളുടെ ബ്ളൗസിനെ അനുകരിച്ച പഫ്ഡ് സ്ലീവ്സ് പ്രചാരത്തിൽവന്നു. പിന്നെ അതുപോയി, പഴയ റൗക്കയുടെ കൈപോലെയായിരിക്കുന്നു ഇപ്പോൾ. കഴുത്തു വളരെയൊക്കെ കാണാത്ത തരത്തിലുള്ള ജാക്കററായിരുന്നു കുറെക്കാലം മുൻപ് പ്രചാരത്തിലിരുന്നതു്. കാലക്രമത്തിൽ അതു് കുറേശ്ശെ ഇറങ്ങിത്തുടങ്ങി. ഇന്നു കാണികളുടെ അന്തരംഗങ്ങളിൽ നല്ല ഇക്കിളിയുണ്ടാക്കാൻ സഹായിക്കുന്ന തരത്തിൽ അതു വളരെ താഴ്ന്നുചെന്നു, പൂർവ്വകായത്തിലെ പർവ്വതങ്ങളുടെ അടിവാരങ്ങൾ കലാപരമാംവണ്ണം പ്രദർശിപ്പിക്കുന്ന തരത്തിലുള്ളതായിത്തീർന്നിട്ടുണ്ടല്ലോ. അതുപോലെ ഇറക്കത്തെ സംബന്ധിച്ചിടത്തോളവും, പണ്ടൊക്കെ വളരെ തപസ്സുചെയ്താൽമാത്രം കാണാൻ കഴിഞ്ഞിരുന്ന പല ഭാഗങ്ങളും ഇന്നു ചെറിയൊരു വെട്ടിത്തിരിയലാലോ, സമീരണന്റെ ചെറിയൊരു കുസൃതിയാലോ സാരിയുടെ ചുരുളുകൾക്കിടയിൽ കൂടെ പ്രത്യക്ഷമാകാറുണ്ടല്ലോ.

(തുടരും)


## ഒന്നാം സമ്മാനം 40000 രൂപാ!

കൊടുക്കുന്നതും, ലോകപ്രസിദ്ധിയുള്ളതുമായ കല്ക്കട്ട, "ഡോൺബോസ്കോ" ടിക്കററ് 1 നു 2 രൂ. 2 ണ. (14 ടിക്കററുള്ള ബുക്കൊന്നിനു് കമ്മീഷൻകഴിച്ച് 22 രൂ 8 ണ.) ഐറിഷ് കതിരപ്പന്തായ ടിക്കററ് ഒന്നിനു് 15 രൂപാ: 50000 പവൻമുതൽ 10 പവൻവരെ അനേക സമ്മാനങ്ങൾ! ടിക്കററുകൾക്കു് പണം M. O അയച്ച് ആവശ്യപ്പെടുക. കൂടുതൽ വിവരങ്ങൾക്കു് 2 ണ സ്റ്റാമ്പുസഹിതം എഴുതുക ടിക്കററ് ചിലവഴിക്കാൻ ഉദ്ദേശിക്കുന്നവർ 5 രൂ 2 ണ സഹിതം അപേക്ഷിക്കുക

**എച്ച്. എം. ഇബ്രാഹിം ആൻറ് കമ്പനി**

ആലപ്പുഴ



# ASOKA PRESS & BOOK DEPOT

## POWER HOUSE ROAD QUILON

★ അച്ചടി സംബന്ധമായും, ബയൻറിംഗ് സംബന്ധമായും മററുമുള്ള എല്ലാവിധ ജോലികൾക്കും ഞങ്ങളെ സമീപിക്കുക

★ സഹകരണസംഘങ്ങൾക്കും, ബാങ്കുകൾക്കും, മററു വ്യവസായികൾക്കും ആവശ്യമുള്ള കണക്കു ബുക്കുകളും, മററു റിക്കാർഡുകളും ആർഡറനുസരിച്ച് മിതമായ നിരക്കിന് ഭംഗിയായി ചെയ്തു കൊടുക്കുന്നതാണ്.

★ നല്ല വടിവുള്ള മലയാളഅക്ഷരങ്ങൾ മിതമായ നിരക്കിൽ വാർത്തുകൊടുക്കുന്നതാണ്. 10 പായിൻറ് അക്ഷരം ഉടനെ തയാറുണ്ട്.

**അശോകപ്രസ്സ് & ബുക്ക്ഡിപ്പോ,**

പവ്വർഹൗസ് റോഡ്, കൊല്ലം.




[ഈ പംക്തിയിൽ പത്രാധിപർ വായനക്കാരുമായി സംസാരിക്കാൻ ശ്രമിക്കുന്നു. നിങ്ങൾക്കു ഇഷ്ടമുള്ള കാര്യം ചോദ്യരൂപത്തിൽ പത്രാധിപക്കു എഴുതുക. കവറിന്റെ മുകളിൽ "ചോദ്യം" എന്നു കാണിച്ചിരിക്കണം. നന്നായിരുന്നാൽ നിങ്ങളുടെ ചോദ്യത്തിനു അഞ്ചുരൂപാ സമ്മാനം ലഭിക്കും. പത്രാധിപർ]

**റെബക്കാ ജെയിംസ്, എറണാകുളം**

**നിങ്ങൾ മന്ത്രിമാരെയും ഉദ്യോഗസ്ഥന്മാരെയുംപററി എന്തും എഴുതുന്നുണ്ടല്ലോ. സോവിയററു റഷ്യയിലെ ഒരു മന്ത്രിയേയോ കുടുംബാംഗത്തേയോപററി എന്തെങ്കിലും പറഞ്ഞാൽ അയാളുടെ തല കാണുമോ?**

മോളട്ടോവിന്റെ ഭാര്യ 1941-ൽ സോവിയററു റഷ്യയിലെ മത്സ്യവ്യവസായത്തിന്റെ കമ്മിസാറായിരുന്നു. അവരുടെ ഭരണരീതിയെ ഒരു സമ്മേളനത്തിൽവച്ചു മാലെങ്കോവ് അതിനിശിതമായി നിരൂപണംചെയ്തു. ഒരു പക്ഷേ സ്റ്റാലിന്റെ പിൻഗാമിയായേക്കാവുന്ന മോളട്ടോവിന്റെ ഭാര്യ പോളിനേ പ്രസ്തുത ഉദ്യോഗത്തിൽനിന്നു ഗളഹസ്തം ചെയ്യപ്പെട്ടു.

**ഇംഗ്ലണ്ടിൽ ഏതെങ്കിലും തൊഴിലാളിസംഘടനയുടെ നേതൃത്വം കമ്യൂണിസ്ററുപാർട്ടിക്കുണ്ടോ?**

ഏതു യൂണിയനുകളുടെ നേതൃത്വമുണ്ടെന്നു എനിക്കറിഞ്ഞുകൂടാ. ഈയിടെ ഒരു പണിമുടക്കു നടന്ന ബ്രിട്ടനിലെ എലക്ട്രിസിററി വർക്കേഴ്സ് യൂണിയന്റെ പ്രസിഡൻറും ജനറൽസെക്രട്ടറിയുമുൾപ്പെടെ മാനേജിംഗ്കമ്മിററിയിലെ പന്ത്രണ്ടുപേരിൽ എട്ടുപേർ കമ്യൂണിസ്ററപാർട്ടി അംഗങ്ങളാണ്.

**കമ്യൂണിസ്ററു പാർട്ടിയെപ്പററി ഒരു നിർവ്വചനം ആവശ്യപ്പെട്ടപ്പോൾ നിങ്ങൾ മറുപടി എഴുതി "സാർവ്വദേശീയ തെമ്മാടിക്കൂട്ടം" എന്ന്. ഇപ്പോഴും ആ അഭിപ്രായമാണോ നിങ്ങൾക്കുള്ളതു്?**

അതെ. നല്ലതിനെയാലും ചീത്തക്കായാലും വാശിയോടും വൈരാഗ്യത്തോടും തീരുമാനങ്ങൾ നടപ്പിലാക്കുന്ന കാര്യത്തിൽ അവർക്കു അസാധാരണമായ തെമ്മാടിക്കൂട്ടിയുണ്ട്.

**കമ്യൂണിസ്ററു പാർട്ടിയുടെ അഖിലേന്ത്യാ നേതാക്കന്മാരിൽ ആരെയൊക്കെ നിങ്ങൾക്കു പരിചയമുണ്ട്?**

ഒരാളെ മാത്രമറിയാം. എ. കെ. ഗോപാലൻ.

**കെ. സി വിജയൻ, ബോംബെ.**

**നിങ്ങൾ വായിച്ചിട്ടുള്ള വാരികകളിൽ (സാർവ്വദേശീയമായി) ഏററവും ഭംഗിയായി എഡിററുചെയ്യുന്ന വാരിക ഏതാണ്? (രാഷ്ട്രീയാഭിപ്രായത്തെപ്പററിയല്ല)**

ചോദ്യം മനസ്സിലായി. ഞാൻ കണ്ടിട്ടുള്ള വാരികകളിൽ ഏററവും വിദഗ്ദ്ധമായി എഡിററുചെയ്യപ്പെട്ടതായി തോന്നിയിട്ടുള്ളതു് അമേരിക്കയിൽനിന്നു പുറപ്പെടുന്ന "ടൈം" (Time) എന്നവാരികയാണ്. പക്ഷേ അവർ പറയുന്ന അഭിപ്രായങ്ങളിൽമിക്കവാറും എല്ലാം തന്നെ എന്റെ ചിന്താഗതിക്കു വിരുദ്ധമാണ്.

**പി. സി. വർഗ്ഗീസ്, കോട്ടയം**

**കഴിഞ്ഞ ഒരു മാസത്തിൽ സാർവ്വദേശീയരംഗത്തു നിങ്ങൾ കേട്ട ഏററവും നല്ല നേരമ്പോക്കേതാണ്?**

ഇൻഡോ-ചൈനയിലെ യുദ്ധത്തിനിടയിൽ കമ്മ്യൂണിസ്ററുകൾ റഡാർ വിമാനനാശക തോക്കുകൾ ഉപയോഗിച്ചു എട്ടു ഫ്രഞ്ചു വിമാനങ്ങൾ വെടിവച്ചു വീഴ്ത്തി. ഇതിനിടയിൽ ചില കമ്മ്യൂണിസ്ററ് ഭടന്മാർ നിരായുധരാക്കുകയും ചിലർ പിൻവാങ്ങുകയും ചെയ്തു. ഫ്രഞ്ചുകാർ മുന്നേട്ട് നീങ്ങി കമ്മ്യൂണിസ്ററുകൾ ഉപയോഗിച്ചിരുന്ന തോക്കുകൾ പിടിച്ചെടുത്തു. അതു അത്ഭുതകരമെന്നേ പറയേണ്ടു. 1950-ൽ അമേരിക്കയിലുണ്ടാക്കിയ 105 എം. എം. തോക്കുകളായിരുന്നു അവ. ഈ വാർത്ത സാർവ്വദേശീയരംഗത്തു ഏററവും നേരമ്പോക്കുള്ള വാർത്തയായി എനിക്കു തോന്നി.

**പി. കെ. സരസ്വതി, കായംകുളം**

**ലോകത്തു ഏററവും അന്ധവിശ്വാസമുള്ള പ്രദേശമേതാണ്?**

ഏററവും കൂടുതൽ എവിടെയാണെന്നെനിക്കറിഞ്ഞുകൂടാ. ഈയിടെ ഞാൻ വായിച്ച ഒരു നേരമ്പോക്കു ആലോചിച്ചാൽ ഏററവും വലിയ അന്ധവിശ്വാസികൾ ഉഗണ്ടയിലാണെന്നു തോന്നുന്നു. അവിടെ ഒരു "വിശുദ്ധമുതലക്കുളം" ഉണ്ട്. തന്റെ പൂർവ്വികന്മാർ മുതലകളായി പ്രത്യക്ഷപ്പെടുകയാണെന്നു വിശ്വസിച്ചിരുന്ന അവിടത്തെ കഴിഞ്ഞ മഹാരാജാവ് 'മാഗ' മുതലകൾക്കു മനുഷ്യരെ ജീവനോടെ എറിഞ്ഞു അർച്ചന നടത്തിയിരുന്നു. ആ കുളം വററിയാൽ ഉടനെ രാജാവും മരിക്കുമെന്നാണ് ഇതിഹാസം. ഇപ്പോഴത്തെ ഉഗണ്ടാരാജാവ് 27 വയസ്സു പ്രായമുള്ള മുത്തേശ രണ്ടാമനാണ്. ഇപ്പോൾ ആ "വിശുദ്ധമുതലക്കുളം" വററിയിരിക്കയാണ്. ജനങ്ങൾ പരിഭ്രാന്തരായിരിക്കുന്നു. പക്ഷേ കേംബ്രിഡ്ജ് വിദ്യാഭ്യാസം സിദ്ധിച്ച യുവാവായ മുത്തേശ രാജാവിന്റെ ഭയം ജനങ്ങൾ ബലം

—ബാക്കി അടുത്ത ലക്കത്തിൽ—

ഘ്യാരേണ ഇതിഹാസം നടപ്പിലാക്കിക്കളയുമോ എന്നാണ് അദ്ദേഹം ഏതാണ്ടു ഒളിവിലെന്നപോലെ കഴിയുകയാണത്രെ.

### സി കൃഷ്ണപിള്ള, എറണാകുളം.

**ഐക്യമുന്നണിക്കകത്തുള്ള അഭിപ്രായവ്യത്യാസങ്ങൾ നീങ്ങൾ അറിയാറുണ്ടോ?**

ഇല്ല പക്ഷെ അഭിപ്രായ വ്യത്യാസമുണ്ടാകാവുന്ന ചില കാര്യങ്ങൾ പത്രത്തിൽ കണ്ടു.

### റ്റി. കെ കമലം, ഇരവിപുരം

**കഴിഞ്ഞ തവണ മൂന്നു ചോദ്യങ്ങൾ ചോദിച്ചിരുന്നതിൽ രണ്ടെണ്ണത്തിനു മാത്രമേ മറുപടി തന്നുള്ളു. അതിൽനിന്നുദ്ദേശിക്കേണ്ടതു് ബാലേട്ടനോടൊരാൾ ഒരു കാര്യം ആവശ്യപ്പെട്ടാൽ അതിന്റെ മൂന്നിൽ രണ്ടു മാത്രമേ സാധിച്ചുകൊടുക്കുകയുള്ളുവെന്നാണോ?**

മൂന്നിൽ മൂന്നും സാധിച്ചു കിട്ടാത്തവരാണ് കൂടുതലെന്നറിയാമോ?

**മനുഷ്യരിൽ പലരുടെയും സ്വഭാവം പലതായി കാണുന്നു. അതിന്റെ കാരണമെന്തായിരിക്കും**

വിരുദ്ധതയും വൈവിദ്ധ്യവുമുള്ള ജീവിതം

### എൻ. ജനാർദ്ദനൻ നായർ, ചവറ.

**രാഷ്ട്രീയ ജീവിതത്തിനിടയിൽ മറ്റു കക്ഷിക്കാരെ പുലഭ്യം പറയാത്ത ഒരു പൊതുജനനേതാവിന്റെ പേർ പറഞ്ഞു തരുമോ?**

കണ്ണന്തോടത്തു ജനാർദ്ദനൻനായർ.

### കെ. കെ. കുഞ്ഞൻ, കോട്ടയം.

**അച്ഛൻ മന്ത്രിയായിരിക്കുമ്പോൾ നിങ്ങൾ ജയിൽവാസമനുഭവിക്കേണ്ടിവന്നാൽ നിങ്ങൾക്കെങ്ങനെ തോന്നും ?**

അച്ഛൻ മന്ത്രിയായിരിക്കുമ്പോൾ ഞാൻ ജയിലിൽ കിടന്നിട്ടുണ്ട്. വിശേഷമൊന്നും തോന്നിയിട്ടില്ല. അന്ന് കന്റോൺമെന്റ ലോക്കപ്പിലെ ഇരുളടഞ്ഞ ഒരു കൊച്ചുമുറിയിൽ ഞങ്ങൾ 42 പേർ ഒന്നിച്ചു ഒരു രാത്രി കഴിച്ചുകൂട്ടേണ്ടി വന്നിട്ടുണ്ട്

### കെ എ. രാധ. ചെന്ദമംഗലം.

**വിവാഹസമയത്തു് വധു എന്തിനാണ് കൂടുതലായി ആഭരണങ്ങൾ ധരിക്കുന്നതു്?**

കഴിയുന്നതും കൂടുതൽ മുതൽ മാതാപിതാക്കന്മാരിൽനിന്നു കരസ്ഥമാക്കുന്നതിൽ കവിഞ്ഞ ഉദ്ദേശ്യമൊന്നുമില്ല.

**ആഭരണം ധരിക്കുന്നതു സൌന്ദര്യത്തിനുവേണ്ടിയാണോ?**

ആഭരണങ്ങൾ സൌന്ദര്യം വർദ്ധിപ്പിക്കുകയില്ലെന്നാണ് എന്റെ പക്ഷം.

### കെ. സി. സുകുമാരപ്പണിക്കർ, കാസർകോട്.

**ശ്രീ. സി കേശവൻ വീണ്ടും പ്രധാനമന്ത്രിയാകുന്നതിനെപ്പററി നിങ്ങളുടെ അഭിപ്രായമെന്താണ്?**

അക്കാര്യത്തിൽ കാൺഗ്രസ്സുകാരും അദ്ദേഹവുമായി അതീവ സൌഹാർദ്ദപരമായ ഒരു ഒത്തുതീർപ്പിൽ എത്തിയിട്ടുണ്ടെന്നാണ് ഞാൻ അറിയുന്നതു്. കാൺഗ്രസ്സുകാർക്കു അദ്ദേഹത്തെ ആവശ്യമില്ലെന്നും അദ്ദേഹത്തിനു കാൺഗ്രസ് നേതൃത്വം ആവശ്യമില്ലെന്നും,

### കെ ഗോപാലൻ, ഹരിപ്പാട്.

**നെഹ്റുവിന്റെ രാഷ്ട്രീയ ഭാവിയെപ്പററി താങ്കളുടെ അഭിപ്രായമെന്താണ്?**

വ്യക്തിപരമായ ഒരു ജനാധിപത്യ ചിന്താഗതിമൂലമല്ലെങ്കിൽ നെഹ്റു ഇതിനകം ഒരു രണ്ടാംപിയഞ്ഞോകമായിരുന്നു. അദ്ദേഹത്തിന്റെ വ്യക്തിപരങ്ങളായ ചിന്താഗതികൾ സംഘടനയിലെ സ്ഥാപിതതാല്പര്യങ്ങളോടേറ്റുമുട്ടുമ്പോൾ വഴിമാറിക്കൊടുക്കുകയാണു പതിവ് ഈ പതിവു കുറേക്കാലം തുടരുമ്പോൾ നെഹ്റു സ്വയമറിയാതെ ഈ നാട്ടിലെ പിയാങ്ങായി മാറിക്കഴിയും.

### പി. എൻ. സുമതി, പിറവത്തൂർ

**എനിക്കൊരു കൂട്ടുകാരിയെ കിട്ടുന്നതിനുവേണ്ടി രണ്ടെഴുത്തു ഉഷച്ചേച്ചിക്കയച്ചിരുന്നു. എന്നാൽ അതിനെക്കുറിച്ചു യാതൊരറിവുമില്ല ഈ പക്ഷപാതം കാണിക്കുന്ന ചേച്ചിയോടു എനിക്കുംകൂടി ഒരു കൂട്ടുകാരിയെ തരാൻപറയുമോ?**

ഈ ചോദ്യം അനുസ്മരിപ്പിച്ചുകൊണ്ടു ചന്ദ്രിക, ഇടയിൽവീട്, മയ്യനാട് എന്ന മേൽവിലാസത്തിൽ എഴുതുക. കൂട്ടുകാരിയെ കിട്ടും.

### എൻ. കെ. പിള്ള, തിരുവനന്തപുരം.

**ഒരു കാൺഗ്രസ്സുകാരന്റെ അന്തിമാഭിലാഷം എന്തായിരിക്കും?**

"ഇനിയും എന്നെ ഒരു കാൺഗ്രസ്സുകാരനായി ജനിപ്പിക്കല്ലേ!" എന്നായിരിക്കും.

### കെ. കൃഷ്ണൻ, ബാലരാമപുരം.

**ക്യാപ്റ്റൻലക്ഷ്മി ഇപ്പോൾ ജീവിച്ചിരിപ്പുണ്ടോ?**

ക്യാപ്റ്റൻ ലക്ഷ്മി ക്യാപ്റ്റൻ സൈഗാളിന്റെ പത്നിയായി ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്. അവർ വടക്കെ ഇൻഡ്യയിൽ വളരെ വിജയകരമായി ഒരു നഴ്സിംഗ്ഹോം നടത്തുന്നുണ്ട്.

## സമ്മാനം

ഈ ആഴ്ചയിലെ സമ്മാനം എൻ കെ പിള്ള പാളയം, തിരുവനന്തപുരത്തിനു നൽകുന്നു.

# കഴിഞ്ഞ ആഴ്ച

(10-ാം പേജിൽനിന്നും തുടർച്ച)

ങ്കിലും ആ വ്യവസായം അധഃപതിക്കാതിരിക്കുന്നതിനുള്ള എന്തെങ്കിലും നടപടികൾ സ്വീകരിക്കുകയോ കുരുമുളകു കൃഷി വികസിപ്പിക്കുന്നതിനു ശ്രമിക്കുകയോ ഗവൺമെൻറ ചെയ്തിട്ടില്ല. കശുവണ്ടി വ്യവസായം അടിക്കടി അധഃപതിച്ചു വരികയാണ്. ലോകമൊട്ടുക്കു ധാരാളം വിപണികളിൽ വില്പനപ്പെടാൻ സാധിക്കുന്ന സാധനമാണു കശുവണ്ടി. ഈ വ്യവസായം വേണ്ടപോലെ വികസിപ്പിക്കാൻ സാധിച്ചാൽ ആണ്ടിൽ ആറുമാസം കശുവണ്ടി ഫാക്ടറികൾ അടച്ചിടുന്ന സ്ഥിതി ഒഴിവാക്കാവുന്നതുമാണ്. വ്യവസായ കാര്യങ്ങളിൽ യാതൊരു ദീർഘവീക്ഷണവുമില്ലാത്ത കുറെ മുതലാളിമാർ തമ്മിൽ മത്സരിച്ചു ഈ വ്യവസായത്തെ പിടിച്ചുതാഴ്ത്തുകയാണ്. അമേരിക്കയിലെ കുറെ ഏജൻറന്മാരുടെ കാരുണ്യത്തെ ആശ്രയിച്ചാണു ഇവിടത്തെ മുതലാളികൾ ഈ വ്യവസായം തള്ളിനീക്കിക്കൊണ്ടു പോകുന്നതു്.

ഇങ്ങനെ കേരളക്കരയിലേയും ദക്ഷിണേന്ത്യയിലേ പൊതുവെയുമുള്ള വ്യവസായങ്ങൾക്കു ഇൻഡ്യാഗവർമ്മെൻറിൻെറ യാതൊരു സഹായ സഹകരണങ്ങളും ലഭിക്കുന്നില്ലെന്നു കാണാവുന്നതാണു്.

## ഗുജറാത്തി മാർവാഡി കൂട്ടുകെട്ട്

ബോംബെയിലെ ഗുജറാത്തി മുതലാളിമാരോടും കൽക്കട്ടായിലെ മാർവാഡി മുതലാളിമാരോടും കേന്ദ്ര ഗവൺമെൻറ വളരെ വിധേയമായ ഒരു മനോഭാവമാണു കാണിക്കുന്നതു്. അഹമ്മദബാദിലെ തുണി മില്ലുകൾക്കു ആവശ്യമുള്ളത്ര പഞ്ഞി ലഭിക്കാതെവരുമ്പോൾ ഈജിപ്റ്റിൽനിന്നും സുഡാനിൽനിന്നും അമേരിക്കയിൽനിന്നും പഞ്ഞി ഇറക്കുമതി ചെയ്യുന്നതിനു കേന്ദ്രഗവൺമെൻറ കഴിയുന്ന എല്ലാ ശ്രമങ്ങളും ചെയ്തിട്ടുണ്ടു്. ഇക്കാര്യത്തിൽ ട്രേഡ് ഡലിഗേഷനുകളെ ചുമതലപ്പെടുത്തുന്നതിനും പരുത്തി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനു കമ്മിറ്റികളെയും ഗവേഷണസംഘങ്ങളേയും ഏർപ്പെടുത്തുന്നതിനും ഗവൺമെൻറ ഒട്ടും താമസം വരുത്തിയിട്ടില്ല ഇന്ത്യയിലെ സാധാരണക്കാരൻെറ ക്രയശക്തി അനുദിനം കുറഞ്ഞു വരികയാണെന്നറിയാമായിരുന്നിട്ടും തുണിമിൽ മുതലാളിമാർക്കു കൂടുതൽ ലാഭം ഉണ്ടാക്കുന്നതിനു വേണ്ടി തുണിയുടെ വില അടിക്കടി വർദ്ധിപ്പിക്കുന്നതിനും അന്യരാജ്യങ്ങളിലേക്കു തുണികയററി അയക്കുന്നതിനു മില്ലുടമകൾക്കു അനുവാദം നൽകുന്നതിനും ഇന്ത്യാഗവൺമെൻറ യാതൊരു മടിയും കാണിച്ചിട്ടില്ല.

കൽക്കട്ടായിലെ ചണമില്ലുകളിൽ അസംസ്കൃത ചണത്തിൻെറ കുറവുണ്ടാകുമ്പോൾ ഇൻഡോ-പാകിസ്ഥാൻ നയത്തിൽ മാർദ്ദവം വരുത്തുന്നതിനും പാകിസ്ഥാനിൽനിന്നു അസംസ്കൃത ചണം ഇറക്കുമതിചെയ്തു കൽക്കട്ടായിലെ മുതലാളിമാരുടെ പണസഞ്ചികൾക്കു ഭാരം കൂട്ടുന്നതിനും കേന്ദ്രഗവൺമെൻറ തയ്യാറായിട്ടുണ്ടു്.

ഇതിൽനിന്നു ഒരുകാര്യം വ്യക്തമാകുന്നുണ്ടു് കേന്ദ്രഭരണകൂടം കയ്യടക്കി വച്ചിരിക്കുന്ന ഉത്തരേന്ത്യയിലെ ഗുജറാത്തി മാർവാഡി കൂട്ടുകെട്ടു ഉത്തരേന്ത്യയിലെ വൻകിടമുതലാളിമാരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിൽ അതീവശ്രദ്ധാലുക്കളാണു്. ഇതിനുവേണ്ടി ഇന്ത്യയുടെ വിദേശനയത്തിൽ മാററങ്ങൾ വരുത്തുന്നതിനുവരെ കേന്ദ്രസർക്കാർ തയ്യാറാകുന്നുണ്ടു്. കേന്ദ്രഗവൺമെൻറിനെ താങ്ങിനിർത്തുന്ന വടക്കേ ഇന്ത്യൻ മുതലാളിമാരുടെ താല്പര്യങ്ങൾക്കു വേണ്ടി തെക്കെ ഇന്ത്യയിലെ മുതലാളിമാരെ നശിപ്പിക്കുന്നതിനും ഇന്ത്യയൊട്ടുക്കെയുള്ള സാധാരണക്കാരൻെറ ജീവിത നിലവാരം ചവിട്ടിതാഴ്ത്തുന്നതിനും ഇവർ മടിക്കുകയില്ല

കേന്ദ്രഗവൺമെൻറിൻെറ ഈ നയമാണു വെളിച്ചെണ്ണക്കാര്യത്തിലും പ്രകടമായി കാണുന്നതു്. ററാറായുടെ സോപ്പു വ്യവസായവും ഡാൽമിയായുടെ ഡാൽഡാ വ്യവസായവും കൂടുതൽ ലാഭകരമാക്കുന്നതിനു വേണ്ടി കേരളത്തിലെ കേരകർഷകരെ ഞെക്കിഞെരിക്കുന്നതിനു കേന്ദ്രം തീരുമാനിച്ചിരിക്കുകയാണു്.

## ഉർവ്വശീശാപം

എന്നാൽ ഈ ഉർവ്വശീശാപം ഇവിടത്തെ പാവപ്പെട്ട ജനങ്ങൾക്കു ഒരു ഉപകാരമായിത്തീർന്നിരിക്കുകയാണു്. തെങ്ങിൻതോട്ടങ്ങൾ ഉള്ള ജന്മിമാരുടെ എണ്ണം ഇവിടെ വളരെ കുറവാണ്. സ്വന്തം ആവശ്യം കഴിഞ്ഞു വില്പാൻ തേങ്ങാ ഉള്ളവർതന്നെ വളരെ ചെറിയ ഒരു ശതമാനമേ കാണുകയുള്ളു. ബാക്കിയുള്ള ബഹുജനങ്ങൾ മുഴുവനും അവരുടെ ആവശ്യത്തിനുള്ള തേങ്ങ വിലയ്ക്കു വാങ്ങിക്കുന്നവരാണു്. സാമ്പത്തിക ക്ലേശങ്ങളിൽപ്പെട്ടു നട്ടംതിരിയുന്ന ഇവിടത്തെ സാമാന്യജനങ്ങൾക്കു നാളികേരത്തിനു ഇപ്പോൾ ഉണ്ടായിരിക്കുന്ന വിലക്കുറവു തെല്ലാശ്വാസകരമാണു് ഇതു ആരുടേയും സന്മനോഭാവം കൊണ്ടു സംഭവിച്ചതല്ല, അതു ഒരു അവിചാരിതസംഭവമാണു്. ഉത്തരേന്ത്യയിലെ മുതലാളിമാരും ഇവിടത്തെ മുതലാളിമാരും തമ്മിലുള്ള സംഘട്ടനത്തിൻെറ ഒരു അവിചാരിത പ്രത്യാഘാതംമാത്രമാണു്.

## നിസ്സഹായത

ഇവിടത്തെ രാഷ്ട്രീയ കാര്യങ്ങളും സാമ്പത്തിക കാര്യങ്ങളും കേന്ദ്രഗവൺമെൻറിനു അടിയറവയ്ക്കുകയും കേന്ദ്രഗവൺമെൻറിൻെറ ഉത്തരവുകൾ അനുസരണയുള്ള കുട്ടികളെപ്പോലെ നടപ്പിൽ വരുത്തുകയും ചെയ്യുന്നതിനു മാത്രം പ്രാപ്തിയുള്ള ഇവിടത്തെ ഗവൺമെൻറ അവരെ താങ്ങി നിർത്തുന്ന ജന്മിമാരുടെയും മുതലാളിമാരുടെയും താല്പര്യങ്ങൾപോലും രക്ഷിക്കുന്നതിനു കഴിവില്ലാതെ അമ്പരക്കുകയാണു്. ഒരു ഫെഡറൽ ഭരണരീതിയുടെ ചട്ടക്കൂടുണ്ടാക്കിവച്ചുകൊണ്ടു അധികാരം മുഴുവനും കേന്ദ്രഗവൺമെൻറിൽ കേന്ദ്രീകരിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുത്തതുകൊണ്ടു സ്റ്റേററു് ഗവൺമെൻറുകൾ ഒരുതരം മുനിസിപ്പാലിററികളായി മാറിയിരിക്കുകയാണു്. കേന്ദ്രഭരണചക്രം സ്വാധീനമാക്കി വച്ചിരിക്കുന്ന വൻകിടമുതലാളിമാരുടെ കുത്തകവ്യവസായങ്ങൾ വികസിപ്പിക്കുന്നതിനുവേണ്ടി സ്വശക്തമായി കേന്ദ്രഗവൺമെൻറ കൈക്കൊള്ളുന്ന നടപടികൾ നിസ്സഹായമായി നോക്കിക്കൊണ്ടു നിൽക്കുവാനെ സ്റ്റേററുകളിലെ ഭരണാധികാരികൾക്കു സാധിക്കുന്നുള്ളു. ഉപ്പുതിന്നവർ വെള്ളംകുടിക്കുകയാണു്.

—


★ സ്ഖലനനിവാരണി ★

യുവലോകത്തിനു അനുഗൃഹീതമായ ഒരു സിദ്ധൗഷധം

മൂത്രത്തിനു മുമ്പോ പിമ്പോ, നൂലുപോലെയോ, തുള്ളിതുള്ളിയായോ ഇന്ദ്രിയംപോകുക, മലവിസർജ്ജനത്തിൽ ശക്തിയായി മുക്കുക നിമിത്തം ധാതു പോകുക, സ്വപ്നംകണ്ടോ, കാണാതെയോ ഉറക്കത്തിൽ അറിഞ്ഞോ അറിയാതെയോ ഇന്ദ്രിയം സ്ഖലിക്കുക അരിമാവു കലക്കിയ രൂപത്തിൽ മൂത്രത്തിൽ കലന്നു് ഇന്ദ്രിയം പോകുക, സ്ത്രീകളെ വിചാരിക്കുകയോ തൊടുകയോ ചെയ്താൽ പെട്ടെന്നു് ഇന്ദ്രിയം സ്രവിക്കുക, ഇങ്ങനെ ഇന്ദ്രിയസംബന്ധമായുണ്ടാകുന്ന നിരവധി സ്ഖലനരോഗങ്ങളെ 2 ആഴ്ചകൊണ്ടു് പരിപൂർണ്ണമായി ശമിപ്പിക്കുന്നതിനു് ഞങ്ങളുടെ സ്ഖലനനിവാരണി തികച്ചും ഫലപ്രദമെന്നു് ഞങ്ങൾ ഉത്തരവാദിത്വത്തോടുകൂടി ഉറപ്പു പറയുന്നു.

2 ആഴ്ചത്തേയ്ക്കുള്ള ഡപ്പി 1-ക്കു് 4 க. 10 ണ. വി.പി. ചാർജ്ജ് 12 ണ. വി. പി-യായി ആവശ്യപ്പെടുക.

മാനേജർ, S. D. ഫാർമസി, നാഗമഠം, ആലപ്പി.

# 'വത്തിക്കാൻ' വിരളുന്നു

(പുനലൂർ : ബാലൻ)

പൂർവ്വദിക്കിന്റെ പുഞ്ചിരിച്ചന്തം
പോർവിളിയുമായ് വന്നുനിൽക്കുമ്പോഴും
നെഞ്ചു തല്ലിയും കൂവിയും നീറിപ്പു
കൊണ്ടിരുന്നീടും കൂരിരുളുള്ളൻ.

വച്ചുപോററിയ വങ്കത്തരങ്ങൾ
കത്തിയാളവേ പേപ്പിടിയായി,
എങ്ങുനിന്നാലു മങ്ങനെയെല്ലാം
അഗ്നിനാളങ്ങൾ പൊങ്ങിടുംപോലെ,
മാനസത്തൊരു തോന്നൽ വളർന്നാ
കാരണവൻ കുഴഞ്ഞു പറഞ്ഞു,
"ചത്തിടും ഞാൻ, വിഷം കുടിച്ചീക്കെ-
ട്ടെത്തുകയാണു കമ്മ്യൂണിസമെങ്കിൽ"
മർത്ത്യശക്തിതൻ പോരിരമ്പങ്ങൾ
വത്തിക്കാനെയും തിന്നു കളഞ്ഞു.

വെൺമണൽത്തരി പുഞ്ചിരിതൂവും
സുന്ദരമായ മൈതാനഭൂവിൽ,
വാടകയ്ക്കുവരുത്തിയ കേമ—
ന്മാരൊരെണ്ണൂറു പേർ കൂടും സദസ്സിൽ
ന്യായവാദം മുഴക്കിനിന്നീടും
മായരാഷ്ട്രീയ കങ്കാണിമാരെ,
കല്ലറയിലേക്കോടിക്കുവാനായ്,
കത്തിടും രോഷവഹ്നിയുമായി,
നാടണയുന്ന രോമഹർഷത്തിൻ
നായകന്മാർ തന്നുച്ചമാം ശബ്ദം
ആർത്തലച്ചു വരുന്നതു കാൺകെ
വത്തിക്കാനിന്റെ ഹൃത്തടം പൊട്ടി
വെൺമെഴുതിരി തീരുന്നപോലെ
പൊൻകിനാവുകൾ കത്തിയുരുകി

കാടുവാഴ്ചയ്ക്കു ചുട്ടടിയേകാൻ
കാററുപോലല കയ്യേററിയേറി
മാറിടംവീറു കാട്ടിനിരന്ന
മാറുകളുടെ പോരിന്നിരമ്പം;
കേരളത്തിന്റെ ധീരമാം ശബ്ദം;
നേരുണർത്തിയ സംഗരരക്തം;
ചെങ്കതിരുകൾ പാകിയമുത്തു-
പ്പന്തലിൽവച്ചു താലോലമാട്ടി,
വീർപ്പുമുട്ടിയ വൃദ്ധമാം ഹൃത്തിൻ
വീണയിൽ വച്ചു സങ്കടം പാടി,
ആ വയലാറു മണ്ണിന്റെ മക്ക
ളായിരങ്ങൾ തൻ വൃദ്ധമാതാക്കൾ,
ഇന്നു മിന്നും മിഴികളിലാശാ-
കന്ദളവുമായ് കാക്കുന്ന ചിത്രം

ചേർത്തലയുടെ പാടവും മേടും
നീർത്തടങ്ങളും ചെമ്മണൽക്കുന്നും,
വൈദ്യുതോജ്ജ്വല രശ്മി പരത്തി
വത്തിക്കാനിന്റെ ഹൃത്തടം പൊട്ടി.
ആഴിയോളത്തിൽ മീൻവള്ളംപോലെ
ഭാവനയൊന്നു കീഴ്മേൽ മറിഞ്ഞു.
മാറിവീശിയ കാററുപറഞ്ഞു,
"വേണമെങ്കിൽ വിഷം കുടിച്ചോളൂ."

കട്ടേരുവികൾ വെള്ളിയലുക്ക
ചാർത്തിടുന്ന മലനാട്ടുകൾക്കും,
കാട്ടുപോത്തിനെ, കാട്ടാനയാകെ-
യേററുനിന്നു ചവുട്ടിവിതപ്പോർ,
കാളപോലും പുതഞ്ഞുപോം ചേറിൽ
കോങ്കലുകളിൽ വിത്തെറിയുന്നോർ,
കത്തിയുമായി റബ്ബർമരത്തിൻ
കാട്ടിലാകെപ്പണിയെടുക്കുന്നോർ,
ഒത്തുകൂടിയ ചിത്രങ്ങൾ കാൺകെ
വത്തിക്കാനിന്റെ കണ്ണുകൾ മഞ്ചി.

പുഞ്ചിരിത്തിരികത്തിച്ചുവച്ചു
പുൽക്കുടിലുകളാകെ ശമനേ.
മെല്ലെനീങ്ങി "തൃശ്ശൂർവഴി"തന്നെ
കൊല്ലവും ഭരണിക്കാവുമെല്ലാം.
പാടലോജ്ജ്വല സന്ധ്യതൻ രശ്മി
പാടമാകവേ ചൂടുന്നനേരം;
വേലകേറി വിശപ്പിനെയോർത്തി
വേദനിക്കുന്ന കർഷകധീരർ,
വാർത്തകേൾക്കാൻ കവലയിൽച്ചെന്നു
കാത്തു നിൽക്കയാണാവേശപൂർവം.
ആ, വിയർപ്പണിക്കൈകളാൽ, വെന്തു
നോവുമാഹൃദയങ്ങളിൽ നീളെ,
കോട്ടകെട്ടിയ നാട്ടുകൾക്കുള്ളിൽ
തോററുപോകുമോ ധീരസഖാക്കൾ.
കൽത്തുറുങ്കുകൾ, കാണാമറകൾ
സച്ചരിതർക്കു സമ്മാനമേകി,
"കാണുമെങ്കിലടിച്ചു കൊന്നീടെ"-
ന്നാണിയില്ലാതെ പേവാക്കുചൊല്ലി,
മാതൃഭൂവിൻ തനയരെയാകെ
നീതിപാലകർ വേട്ടയാടുമ്പോൾ,

നാട്ടുകാരതിന്നുത്തരമാകെ
വോട്ടുകൊണ്ടു പറഞ്ഞതു കാൺകെ,
വച്ചുവെള്ളവും വാങ്ങിയെടുത്തു
വത്തിക്കാനിന്റെ രാഷ്ട്രീയമല്ലർ.
നെഞ്ചടിച്ചവർ കണ്ണീരൊഴുക്കി;
"എന്തൊരക്രമ, മക്രമമയ്യോ"
ആ മുറകളു മേങ്ങലുമെല്ലാം—
മാരുകേൾക്കുവാനാണു മുഴപ്പിടുന്നു?
കണ്ടനായ്ക്കളെപ്പിന്നാലെയോടി
ക്കല്ലെറിയുന്നോരല്ലയീ നാട്ടാർ
ആശകളാകെ നോക്കിനിന്നീടും
ഭൂചലനങ്ങൾ സംഭവിക്കുമ്പോൾ
തെററിരിക്കിലുമൊന്നുമതിൽ
മിണ്ടാതെയാ ച്ചേലിരിക്കും
വെങ്കലങ്ങൾ തൻ സംഘർഷണത്തിൻ
സങ്കടമയ ഗാനങ്ങൾപോലെ,
നാലുപാടും കരഞ്ഞവരോടി,
കാലുപൊള്ളുന്നു നിൽക്കുവാൻ മേലാ

"കുരിശീനാറകൾ—ഇങ്കുലാബന്മാർ
മീശയില്ലാത്ത പീക്കിരിപ്പിള്ളേർ—"
കാടസംസ്കാര ഭാഷയിലൂടെ—
യോതിയാമുറിവാലന്മാപ്പന്മാർ
ജാതിചൊല്ലിയോർ, പള്ളപറഞ്ഞോർ,
എങ്ങു രാജ്യത്തുപോയി മറഞ്ഞോ!

*　　*　　*　　*

കൂരിരുൾപ്പടകന്തങ്ങൾ വീശി
കേറിവരുന്നൊരീ നാട്ടിടയാകെ,
ചെങ്കതിരുകൾ പൊട്ടിവിടർന്നു
പൊൻപുലരിയൊരുങ്ങി വരുന്നു
അംശശക്തിതളർന്നതാം രവി,—
ന്നന്ത്യയാമമാനരക്തയാം വാനിൽ,
പൂതികെട്ടുള്ള മിരുളിന്റെ സംജ്ഞ
പ്പൂങ്കരളുകൾ ചേററിടകെ,
പൊൻകിനാവിൻ കതിരുകൾ വീശി
വൻഗിരി ശൈല സിന്ധുരാശി,
ആർത്തിരമ്പിയ കലക്കളാരുങ്ങും
ചോപ്പുസേനയെ സ്വാഗതം ചെയ്‌വൂ
പുഞ്ചിരിച്ചു പുലർന്നിടും ജീവൻ
പൂക്കൾ പൂണ്ടവൻ ധീരസഖാക്കൾ,
ശക്തിയേന്തുമീസംഗരഭൂവിൽ
മുക്തിതൻ രണകാഹളമത്രേ,
ഇന്നവോലയ വേളതൻ മുന്നിൽ
ഞങ്ങൾ തൻ ഗാനസംഗതിയാകെ

Edited Printed and Published by K. Balakrishnan at the Indira Printing Works, Pettah-Trivandrum

Phone No. 2128 Reg: M. 5661

# The Kaumudi Weekly

PUBLISHED EVERY MONDAY

Vol. II MONDAY 18th FEBRUARY 1952 No. 48

ആയാൾ രാഷ്ട്രീയപ്രവർത്തകനായതിന് ഒരു ലക്ഷ്യമുണ്ടു്............

.....................ജയിലിൽ പോയതിന് ഒരു ലക്ഷ്യമുണ്ടു്......

...........................ജയിൽ ചാടിയതിന് ഒരു ലക്ഷ്യമുണ്ടു്

...........................................................................

എന്തായിരുന്നു ആ ലക്ഷ്യം ?

സംഭവബഹുലവും വഞ്ചനാത്മകവുമായ ആ ജീവിതത്തോടുതന്നെ ചോദിക്കൂ.

## തകഴിയുടെ പുതിയ കഥ!

★

# ഏണിയും ചോരയും

★

## അടുത്തലക്കം കൗമുദി വാരികയിൽ.